KOTTAYAM PUBLIC LIBRARY
Call No. MA5 Acc. No. 34418
Author ഇരയിമ്മൻ തമ്പി.
Title കീചകവധം

കീചകവധം

34418

ഇരയിമ്മൻതമ്പി

വ്യാഖ്യാനം

ജി. രാമകൃഷ്ണപിള്ള

KOTTAYAM PUBLIC LIBRARY
KOTTAYAM

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1.00

MAS

S1128 B725 28/60-61 1-1000 CRB185

മുഖവുര

കഥകളി

ആഹ്ലാദജനകങ്ങളായ എല്ലാ പ്രവൃത്തിവിശേഷങ്ങളെയും കലയെന്നു പറയാം. ലളിതകലകളെന്നും പ്രായോഗികകലകളെന്നും പൊതുവേ രണ്ടു വിഭാഗത്തിൽ കലകളെ തരംതിരിക്കാം. ലളിതകലകൾ ദൃശ്യമെന്നും, ശ്രാവ്യമെന്നും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ദൃശ്യവിഭാഗത്തിലുൾപ്പെട്ട കഥകളി സംഗീതം, സാഹിത്യം, അഭിനയം, നൃത്തം, ചിത്രവേല മുതലായ സരസകലകളുടെ സമഞ്ജസമായ ഒരു സമ്മേളനമാണ്. ദൃശ്യപ്രസ്ഥാനത്തെ നാട്യം, നൃത്യം, നൃത്തം എന്നിങ്ങനെ മൂന്നു പ്രകാരത്തിൽ നാട്യശാസ്ത്രകാരന്മാർ വിഭാഗിച്ചിരിക്കുന്നു. നാട്യം വാക്യാർത്ഥാഭിനയരൂപത്തോടുകൂടിയതും രസാശ്രയവും ആണ്. ഇതിൽ വാചികാഭിനയം പ്രധാനമാണ്. പദാർത്ഥഭാവാഭിനയമായ നർത്തനമാണു നൃത്യം. നൃത്യത്തിൽ ആംഗികാഭിനയത്തിനാണു പ്രാധാന്യം. കരചരണവിക്ഷേപങ്ങളോടുകൂടിയ താളലയാശ്രയമായ നർത്തനം നൃത്തവുമാകുന്നു. ആംഗികാഭിനയമാണ് കഥകളിയിലെ മുഖ്യഘടകമെങ്കിലും അതു് വെറും നൃത്യം മാത്രമല്ല. രസം കഥകളിയിൽ പ്രധാനമാണ്. രസങ്ങളെ അവലംബിച്ചുള്ള അഭിനയപ്രകടനവും പശ്ചാത്തലത്തിൽ ഭാഗവതരുടെ ഗാനാലാപവും കഥകളിയിൽ അത്യന്താപേക്ഷിതമാകയാൽ, നാട്യാംശം കഥകളിയിൽ വേണ്ടുവോളമുണ്ടു്. ഉദ്ധതങ്ങളായ താണ്ഡവനൃത്തങ്ങളും, മനോജ്ഞങ്ങളായ ലാസ്യനർത്തനങ്ങളും കഥ

കളിയിൽ യോജിച്ചിരിക്കുന്നു. തന്മൂലം കഥകളി നാട്യം, നൃത്യം, നൃത്തം എന്നീ ത്രിവിധദൃശ്യപ്രസ്ഥാനങ്ങൾ അനവദ്യമാകുംവണ്ണം സമ്മേളിച്ചിട്ടുള്ള ഒരു സമ്പൂർണ്ണദൃശ്യകലാവിശേഷമാണെന്നു സിദ്ധിക്കുന്നു.

കഥകളിയുടെ ഉൽപത്തി

കഥകളിയുടെ ഉപജ്ഞാതാവായ കൊട്ടാരക്കരത്തമ്പുരാൻ രാമായണത്തെ എട്ടു ദിവസത്തെ കഥകളായി വിഭജിച്ചു നിർമ്മിച്ചതാണ് രാമനാട്ടം. ക്രമാനുഗതമായ വളർച്ചയ്ക്കുശേഷം രാമനാട്ടം കഥകളിയായി പരിണമിച്ചു. കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടം നിർമ്മിക്കുന്നതിന് കാരണമായി ഒരു ഐതിഹ്യം പ്രചാരത്തിലിരിക്കുന്നതിപ്രകാരമാണ്:

"കൊട്ടാരക്കര കോവിലകത്തു് ഒരടിയന്തിരം പ്രമാണിച്ചു് കൃഷ്ണനാട്ടക്കാരെ അയച്ചുകൊടുക്കണമെന്നു കാണിച്ചു് കോഴിക്കോട്ടു മാനവിക്രമമഹാരാജാവിന്നു് കൊട്ടാരക്കരത്തമ്പുരാൻ ഒരെഴുത്തയച്ചതിന്നു് തെക്കർക്കു കൃഷ്ണനാട്ടം കാണ്മാനുള്ള കെല്പില്ലെന്നു പറഞ്ഞു് സാമൂതിരി മറുപടി കൊടുത്തു. നിന്ദാസൂചകമായ ഈ മറുപടിമൂലം കൊട്ടാരക്കരരാജാവിന്നു് മാനവിക്രമന്റെ പേരിൽ വാശിതോന്നുകയാൽ അദ്ദേഹം കൃഷ്ണനാട്ടത്തിനു പകരം രാമനാട്ടം നിർമ്മിച്ചു."

കഥകളിയുടെ ആവിർഭാവത്തിനു നിദാനമായി പ്രസ്തുത ഐതിഹ്യം വിശ്വസിക്കപ്പെട്ടുവരുന്നുവെങ്കിലും മാനവിക്രമനുമായുള്ള വാശി ഒന്നുകൊണ്ടുമാത്രം കഥകളി പെട്ടെന്നു് ഉത്ഭവിച്ചുവെന്നു കരുതുന്നതു് യുക്തിപൂർവ്വമല്ല. കഥകളിയുടെ ഉൽപത്തിക്കു മാർഗ്ഗദർശനം നൽകാൻ പര്യാപ്തമായ പല പ്രാചീനകലകളും അന്നു കേര

ളത്തിൽ പ്രചാരത്തിലിരുന്നു. കൃഷ്ണനാട്ടം, കൂടിയാട്ടം, ചാക്യാർക്കൂത്ത്, അഷ്ടപദിയാട്ടം, മോഹിനിയാട്ടം മുതലായ സംസ്കൃതകലകൾക്കുപുറമേ തിറയാട്ടം, പടയണി, കണിതുള്ളൽ, കോലംതുള്ളൽ, തീയാട്ട് ആദിയായ നാടൻകലാപ്രസ്ഥാനങ്ങളും കഥകളിയുടെ അവതാരത്തിനു കാരണമായിത്തീർന്നിട്ടുണ്ട്.

കേരളത്തിൽ പണ്ടുപണ്ടേ നടപ്പിലിരുന്ന ഒരു അഭിനയപ്രസ്ഥാനമാണ് ശാസ്ത്രക്കളി. കേരളത്തിലെ പതിനെട്ടു നമ്പൂതിരിസംഘങ്ങളാൽ നടത്തപ്പെട്ടുപോന്ന ശാസ്ത്രക്കളിയിലെ മുഖ്യമായ ഭാഗം ശിവസ്തുതിഗാനങ്ങളും നമ്പൂതിരിമാരുടെ ഫലിതപ്രകടനങ്ങളുമാണ്. ചാക്യാർക്കൂത്തിന്റെ ആവിർഭാവത്തോടുകൂടി മാത്രമാണ് നാട്യശാസ്ത്രാനുസാരിയായ ഒരുത്തമദൃശ്യകല കേരളത്തിൽ പ്രചാരത്തിൽ വന്നത്. ഹൈന്ദവദേവാലയങ്ങളിൽ ചാക്യാന്മാർ എന്ന വർഗ്ഗക്കാർ പുരാണകഥകളെ ആസ്പദമാക്കി കൂത്തുപറയുന്ന പ്രസ്തുതസമ്പ്രദായത്തിന്റെ മുഖ്യോദ്ദേശ്യം സദസ്യർക്ക് വിജ്ഞാനത്തെയും ഈശ്വരഭക്തിയെയും ഉണ്ടാക്കുകയെന്നുള്ളതായിരുന്നു. ചാക്യാർക്കൂത്തിനുശേഷമാണ് കൂടിയാട്ടത്തിന്റെ ഉത്ഭവം.

കഥകളിക്കു ഹസ്താവലംബം നൽകിയ പ്രാചീന കേരളീയകലകളിൽ പ്രഥമസ്ഥാനം കൂടിയാട്ടത്തിനത്രേ. ചാക്യാന്മാരും നങ്ങ്യാന്മാരുംകൂടി സംസ്കൃതനാടകം അഭിനയിക്കുന്നതിനാണ് കൂടിയാട്ടം എന്നു പറയുന്നത്. നാട്യശാസ്ത്രസമ്മതമായ അഭിനയമാതൃക കൂടിയാട്ടത്തിൽ സ്വീകരിച്ചിട്ടുണ്ട്. ശ്ലോകങ്ങളുടെ അർത്ഥത്തെ ഹസ്തമുദ്രകൾവഴി ഭാവസമേതം പ്രകടിപ്പിക്കുക, അംഗവിക്ഷേപങ്ങളെല്ലാം താളമേളങ്ങൾക്കൊപ്പിച്ച് പ്രവ

ത്തിക്കുക, എന്നിപ്രകാരമാണു് കൂടിയാട്ടത്തിൽ സ്വചീകരിച്ചിട്ടുള്ള അഭിനയമാതൃക. ഇടയ്ക്കിടെ ചില നൃത്തങ്ങളുണ്ടെങ്കിലും അവയ്ക്കു് കഥയുമായി പ്രത്യക്ഷബന്ധമൊന്നുമില്ല. വീരരസപ്രധാനന്മാരായ കഥാപാത്രങ്ങൾക്ക് കഥകളിയിലെപ്പോലെ ചാട്ടം, വേഷം, അലച്ച് മുതലായവ കൂടിയാട്ടത്തിലുണ്ടു്. കുപ്പായം, കിരീടം, ഉടുത്തുകെട്ടു്, ഹസ്തമുദ്രകൾ മുതലായവയിലും കൂടിയാട്ടവും കഥകളിയുമായി ഏറെ സാദൃശ്യമുണ്ടു്.

ഗീതഗോവിന്ദത്തെ ആധാരമാക്കി കേരളത്തിൽ നടിച്ചുപോന്നിരുന്ന അഷ്ടപദിയാട്ടം പില്ക്കാലത്തു കൃഷ്ണനാട്ടത്തിൻെറയും രാമനാട്ടത്തിൻെറയും ഉപജ്ഞാതാക്കൾക്കു കാവ്യരചനാവിഷയത്തിലും മററും ഏറെ സഹായകമായിരുന്നു. അഷ്ടപദിയാട്ടത്തിൽക്കൂടെ സദസ്യർക്ക് അത്യന്തം ഹൃദ്യമായിത്തോന്നിയ ശൃംഗാരരസം പിൽക്കാലത്തു കഥകളിയിൽ പ്രഥമസ്ഥാനംതന്നെ കരസ്ഥമാക്കി. അഷ്ടപദിയാട്ടം അർവ്വാചീനമെന്ന ചിലരുടെ അഭിപ്രായം സുചിന്തിതമല്ലെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

കൊല്ലവഷം 829-ാമാണ്ടു് ധനുമാസത്തിലാണു് മാനവിക്രമമഹാരാജാവു് കൃഷ്ണനാട്ടം നിർമ്മിച്ചതു്. 'കൃഷ്ണഗീതി' എന്നത്രേ പ്രസ്തുതകൃതിക്കു ഗ്രന്ഥകർത്താവു നല്കിയ പേരു്. ഇതിലെ അവസാനശ്ലോകമായ,

"സ്ഫായദ്ഭക്തിഭരേണ നന്നമനസാ
　　ശ്രീമാനവേദാഭിധ-
ക്ഷോണീന്ദ്രേണ കൃതാ നിരാകൃതകലിർ-
　　ഗ്ഗാഹ്യസ്തുതിഗ്ഗാഥകൈഃ

ലക്ഷ്മീവല്ലഭ 'കൃഷ്ണഗീതി'!'രിതി വി-
ഖ്യാതാ തവാനുഗ്രഹാ-
ദേഷാ പുഷ്കരലോചനേ ഹ ഭജതാം
പുഷ്ണാതു മോക്ഷശ്രിയം"

എന്നതിലെ 'ഗ്രാഹ്യസ്തുതിഗ്ഗാഥകൈഃ' എന്നുള്ള കലി ദിനം 1736612-നു തുല്യമായതു്, കൊല്ലവർഷം 829-ാ മാണ്ടു ധനുമാസമാണു്. ശ്രീകൃഷ്ണകഥകളെ എട്ടുദിവസ ത്തെ കഥകളായി പിരിച്ചാണു കൃഷ്ണഗീതി നിർമ്മി ച്ചിട്ടുള്ളതു്. ഹസ്തമുദ്രകളെയും, രസസ്ഫുരണത്തെയും ആശ്രയിച്ചിട്ടുള്ളതാണു് അഭിനയമാതൃക എങ്കിലും അ വയെല്ലാം കഥകളിയിലുള്ളതിനേക്കാൾ സുകുമാരങ്ങളും ലാളിത്യമുള്ളവയുമാണു്. കഥകളിയിലുള്ളപോലെ അ ത്രയേറെ മുദ്രകളും കൃഷ്ണനാട്ടത്തിലില്ല. രസഭാവാഭിനയ ങ്ങൾ, താളമേളം, വേഷവൈവിധ്യം മുതലായ വിഷയ ങ്ങളിൽ കഥകളി കൃഷ്ണനാട്ടത്തേക്കാൾ വളരെയേറെ സ മുന്നതവും പരിഷ്കൃതവും ആയ ഒരു നിലയിലേക്കു വള ന്നിട്ടുണ്ടു്. ഇന്നും വടക്കൻദിക്കുകളിലെ മഹാക്ഷേത്രങ്ങ ളിൽ കൃഷ്ണനാട്ടം നടപ്പിലിരിക്കുന്നു. ആദ്ധ്യാത്മികചൈ തന്യത്തെ പ്രസരിപ്പിക്കുവാൻശേഷിയുള്ള കലാപ്രസ്ഥാ നമെന്ന നിലയിൽ കൃഷ്ണനാട്ടം അദ്വിതീയസ്ഥാനമർഹി ക്കുന്നു. എന്നാൽ കലാപരമായി കൃഷ്ണനാട്ടം കഥകളി യെ അപേക്ഷിച്ചു പിന്നിലാണു്.

കൃഷ്ണനാട്ടം നടപ്പിലായി ഏറെത്താമസിയാതെത ന്നെ കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടം നിർമ്മിച്ചു. ഇദ്ദേ ഹം ജീവിച്ചിരുന്ന കാലഘട്ടത്തെപ്പററി കൃത്യമായി അ റിയുന്നതിനു് മതിയായ സൂക്ഷ്മരേഖകളൊന്നുമില്ലെങ്കി ലും കൊല്ലവർഷം 830-ാമാണ്ടിനും 836-ാമാണ്ടിനും മദ്ധ്യേയാണു് അദ്ദേഹം രാമനാട്ടം നിർമ്മിച്ചതെന്നു അഭി

പ്രായമാണു് പ്രായേണ സ്വീകാൎയ്യമായിട്ടുള്ളതു്. രാമനാട്ടത്തിന്റെ ഉപജ്ഞാതാവായ കൊട്ടാരക്കരത്തമ്പുരാൻ കൊല്ലവൎഷം ഏഴാം ശതകത്തിലാണു ജീവിച്ചിരുന്നതെന്നും, 659-നും 672-നുമിടയ്ക്കു് അദ്ദേഹം രാമനാട്ടം നിൎമ്മിച്ചുവെന്നും ശ്രീമാൻ ശിരോമണി കൃഷ്ണൻനായർ അഭിപ്രായപ്പെടുന്നു. ഇതിനുപോൽബ്ബലകമായി അദ്ദേഹം കൊണ്ടുവന്നിട്ടുള്ള തെളിവുകളും ന്യായങ്ങളും അപൎയ്യാപ്തമാണെന്നുമാത്രമേ ഇവിടെ ചുരുക്കത്തിൽ പ്രസ്താവിക്കുന്നുള്ളു. കൊട്ടാരക്കരത്തമ്പുരാന്റെ കാലം കൊല്ലവൎഷം ഒൻപതാംശതകത്തിൽത്തന്നെയാണു് എന്നാത്രേ പല പ്രമുഖഭാഷാസാഹിത്യചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നതു്. കൃഷ്ണനാട്ടം രാമനാട്ടത്തേക്കാൾ അൎവ്വാചീനമാണെന്ന അഭിപ്രായവും സ്വീകാൎയ്യമല്ല.

"പ്രാപ്താനന്തഫലനശ്രിയഃ പ്രിയതമഃ
ശ്രീരോഹിണീജന്മനോ
വഞ്ചിക്ഷ്മാവരവീരകേരളവിഭോ
രാജ്ഞസ്സ്വസുസ്സൂനനാ
ശിഷ്യേണ പ്രവരേണ ശങ്കരകവേ
രാമായണം വൎണ്ണ്യതേ
കാരുണ്യേന കഥാഗുണേന കവയഃ
കുൎവ്വന്തു തൽ കൎണ്ണയോഃ"

എന്ന രാമനാട്ടത്തിലെ മംഗളശ്ലോകത്തിൽനിന്നും തൽകൎത്താവായ കൊട്ടാരക്കരത്തമ്പുരാൻ ഒരു ശങ്കരകവിയുടെ ശിഷ്യനും അക്കാലത്തു വഞ്ചിരാജാവായിരുന്ന ഒരു വീരകേരളവൎമ്മയുടെ അനന്തിരവനും ആണെന്നു സ്പഷ്ടമാകുന്നു. കൊല്ലവൎഷം 806-ാമാണ്ടുമുതൽ 836-ാമാണ്ടുവരെ വഞ്ചിരാജ്യം ഭരിച്ചിരുന്നതു് ഒരു ഉണ്ണിക്കേരളവൎമ്മ

യാണെന്നു കാണുന്നുണ്ടു്. ഇദ്ദേഹമായിരിക്കണം തമ്പുരാൻ മംഗളശ്ലോകത്തിൽ സൂചിപ്പിച്ചിരിക്കുന്ന വഞ്ചിക്ഷ്മാവരൻ. പുത്രകാമേഷ്ടി, സീതാസ്വയംവരം, വിച്ഛിന്നാഭിഷേകം, ഖരവധം, ബാലിവധം, തോരണയുദ്ധം, സേതുബന്ധനം, യുദ്ധം ഇവയാണു കൊട്ടാരക്കരത്തമ്പുരാൻ വിരചിച്ച ആട്ടക്കഥകൾ. കൊട്ടാരക്കര ഗണപതിക്ഷേത്രസന്നിധിയിൽവച്ചു് പ്രസ്തുതകഥകൾ അരങ്ങേറിയശേഷം ഇന്നു് ഏകദേശം മുന്നൂറു കൊല്ലത്തോളമായിരിക്കുന്നു.

രാമനാട്ടത്തിന്റെ അനുക്രമമായ വികാസപരിണാമമാണു കഥകളിയെന്നു പറഞ്ഞുവല്ലോ. രാമനാട്ടത്തിന്റെ പ്രാരംഭദശയിൽ ആടുന്നതും പാടുന്നതും നടൻതന്നെയായിരുന്നു. ആംഗികാഭിനയം മുഖ്യമായിരുന്നുവെങ്കിലും ഇന്നത്തെപ്പോലെ വിസ്തരിച്ചുള്ള അഭിനയരീതിയൊന്നുമുണ്ടായിരുന്നില്ല.

സഹൃദയാഗ്രണികളായ പല കലാമർമ്മജ്ഞന്മാരും പില്ക്കാലത്തു് രാമനാട്ടം പരിഷ്കരിച്ചു. അവരിൽ പ്രധാനികൾ വെട്ടത്തുനാട്ടുരാജാവു്, കപ്ലിങ്ങാട്ടു നമ്പൂതിരി, കല്ലടിക്കോട്ടു നമ്പൂതിരി എന്നിവരാണു്. പാടുന്നജോലിയിൽനിന്നും നടനെ വിമുക്തനാക്കിയിട്ടു് ഒരു ഭാഗവതരെ നിയമിച്ചതും, പല പുതിയ നൃത്തപ്രകാരങ്ങളും നിബന്ധിച്ചതും വെട്ടത്തുനാട്ടുരാജാവാണു്. കഥകളിയിൽ ഹസ്തമുദ്രകളുടെ പ്രകടനത്തിനും ഭാവസ്ഫുരണത്തിനും പ്രാധാന്യം നൽകി, നാട്യശാസ്ത്രവിധിപ്രകാരം അഭിനയത്തെ പരിഷ്കരിച്ചതുംമററും കപ്ലിങ്ങാട്ടു നമ്പൂതിരിയത്രേ. വേഷവിധാനങ്ങളിലും ഇദ്ദേഹം പല പുതുമകളും നടപ്പാക്കി. പാടുന്നതിനു രണ്ടാമതൊരു ഭാഗവതരെക്കൂടെ ഏർപ്പെടുത്തിയതും കലാശങ്ങൾക്കുംമററും വൈവിധ്യം

വരുത്തി ചുവട്ടുകൾ നിബന്ധിച്ച് അവയെ കൂടു തൽ ആകർഷകമായി പ്രയോഗിക്കുന്നതിനു വേണ്ട നി ഷ്കർഷകളും മററും ചെയ്തതു് കല്ലടിക്കോട്ടു നമ്പൂതിരി യുമാണു്.

സാമാന്യസ്വരൂപം

കഥകളിക്കു വിളക്കുവെച്ചുകഴിഞ്ഞാൽ മദ്ദളകേളി യാണു് ആദ്യത്തെ ചടങ്ങു്. അനന്തരം തോടയം നടക്കു കയായി. തിരശ്ശീലയ്ക്കുള്ളിൽ നടത്താറുള്ള ഈ നൃത്ത രംഗം ഈശ്വരപ്രാർത്ഥനയെ ഉദ്ദേശിച്ചുള്ളതത്രേ. കോ ട്ടയത്തുതമ്പുരാൻെറയും കാർത്തികതിരുനാൾ തിരുമനസ്സി ലെയും സ്തോത്രങ്ങളാണു് തോടയത്തിനു പാടിവരാറുള്ള തു്. തോടയം അവസാനിച്ചുകഴിഞ്ഞാൽ ഗായകൻ വി ഘ്നേശ്വരനായ ഗണപതിയെയും, ഭഗവതി, ശിവൻ, വിഷ്ണു ആദിയായ ഇതരദേവന്മാരെയും സ്തുതിച്ച് വന്ദന ശ്ലോകങ്ങൾ ചൊല്ലുന്നു.

"മാതംഗാനനമബ്ജവാസരമണീം
ഗോവിന്ദമാദ്യം ഗുരും
വ്യാസം പാണിനിഗർഗ്ഗനാരദകണാ-
ദാദ്യാൻ മുനീന്ദ്രാൻ ബുധാൻ
ദുർഗ്ഗാഞ്ചാപി മൃദംഗശൈലനിലയാം
ശ്രീപോർക്കലീമിഷ്ടദാം
ഭക്ത്യാ നിത്യമുപാസ്മഹേ സപദി നഃ
കുർവ്വന്ത്വമീ മംഗളം."

എന്ന കോട്ടയത്തുതമ്പുരാൻെറ മംഗളശ്ലോകം സുപ്രസി ദ്ധമത്രേ. കൂടാതെ കാർത്തികതിരുനാൾ തിരുമനസ്സിലെ,

"ഭോഗീന്ദ്രഭോഗശയനം ഭുവനൈകനാഥം
യോഗീന്ദ്രമാനസസരോജവിഹാരിഹംസം

വാഗീശമുഖ്യവിബുധേന്ദ്രനതാംഘ്രിപത്മം
വന്ദേ മഹാപുരുഷമംബുജനാഭമീശം."

എന്ന ശ്ലോകവും മുഖ്യമായി പാടിവരാറുണ്ടു്. വന്ദനശ്ലോകങ്ങൾക്കുശേഷം കഥയിലെ പ്രഥമശ്ലോകം ചൊല്ലുന്നതോടെ പുറപ്പാടു് ആരംഭിക്കുന്നു. ഇതു് എപ്പോഴും ഒരു സൽപാത്രത്തിൻെറ അവതരണത്തോടുകൂടിയായിരിക്കും നടക്കുന്നതു്. സന്ദർഭമനുസരിച്ചു് ഒന്നോ രണ്ടോ അതിലധികമോ വേഷക്കാർ പുറപ്പാടിനുണ്ടായിരുന്നുവെന്നു വരാം. കഥകളിയിലെ വിശേഷപ്പെട്ട പലവിധ നൃത്തങ്ങളും ഉൾക്കൊള്ളുന്നതാണു പുറപ്പാടു്. പുറപ്പാടിനു നിലപ്പദം ചൊല്ലിക്കഴിഞ്ഞാൽ വേഷക്കാരൻെറ നൃത്തം നടക്കുന്നു. ഇതിനുശേഷം 'മഞ്ജുതര'യാണു്. മേളക്കാരുടെ സാമർത്ഥ്യപ്രകടനമാണു് ഇവിടെ പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതു്. പ്രസ്തുതസന്ദർഭത്തിൽ ഭാഗവതർ ആലപിക്കുന്നതു് "മഞ്ജുതരകുഞ്ജതലകേളിസദനേ" എന്നു തുടങ്ങുന്ന ഗീതഗോവിന്ദത്തിലെ എട്ടു ചരണങ്ങളാണു്.

ഈ പ്രാരംഭചടങ്ങുകൾക്കുശേഷമാണു് കഥാഭിനയം തുടങ്ങുന്നതു്. പതാകാദിഹസ്തമുദ്രകളുപയോഗിച്ചു് ശൃംഗാരാദിരസസ്ഫുരണങ്ങളാലാണു് കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണം നടക്കുന്നതു്. പശ്ചാത്തലത്തിൽ ഭാഗവതർ ആലപിക്കുന്ന പദങ്ങളുടെ അർത്ഥം ഭാവസമേതം ആംഗ്യപ്രകടനങ്ങൾകൊണ്ടു നടൻ വ്യക്തമാക്കുകയാണു ചെയ്യുന്നതു്. പദങ്ങളുടെ ഓരോ ഖണ്ഡാവസാനത്തിലും നടൻ കലാശം ചവിട്ടുന്നു. കഥകളിയിലെ വേഷങ്ങളെ മിനുക്കു്, പച്ച, കത്തി, കരി, താടി എന്നിങ്ങനെ അഞ്ചായി വിഭാഗിക്കാം. ദൂതൻ, മുനിമാർ, സ്ത്രീകൾ മുതലായവരുടെ വേഷം മിനുക്കാണു്. പ്രശാന്തഗംഭീരന്മാരും, ധീരോദാത്തന്മാരും ആയ സൽപാത്രങ്ങളുടെ വേഷ

മാണു പച്ച. ഉദാഹരണത്തിനു് നളൻ, ഭീമൻ, ശ്രീകൃഷ്ണൻ, അർജ്ജുനൻ, അംബരീഷൻ മുതലായവർ. പച്ചയിൽത്തന്നെ, കട്ടംപച്ചയെന്നും, ഇളംപച്ചയെന്നും രണ്ടു വിഭാഗമുണ്ടു്. വേഷത്തിനു് മനയോലയിൽ ചേക്കുന്ന നീലത്തിൻെറ അളവു് കൂട്ടുന്നതിനാൽ അതിനു് കട്ടംപച്ചയെന്നു പറയുന്നു. ബാഹുകൻ കട്ടംപച്ചയാണു്. നീലം ചേക്കാതെ വെറും മനയോല മാത്രം ഉപയോഗിച്ചാണു് ശിവൻ, ബ്രഹ്മാവു് ആദിയായവരുടെ വേഷം തീക്കുന്നതു്.

ഉന്നതന്മാരും ഗാംഭീര്യവീര്യവാന്മാരും, എന്നാൽ ദുഷ്ടന്മാരുമായ പാത്രങ്ങൾക്കാണു് കത്തിവേഷം നിശ്ചയിച്ചിരിക്കുന്നതു്. ജരാസന്ധൻ, രാവണൻ, കീചകൻ, നരകാസുരൻ, ദുര്യോധനൻ ആദിയായവർ ഇതിനുദാഹരണം. ഇതിൽത്തന്നെ ഘടോൽക്കചൻ, ദുശ്ശാസനൻ മുതലായവരുടെ വേഷത്തിനു് നെടുംകത്തിയെന്നും മററുള്ളവരുടെ വേഷത്തിനു കുറുംകത്തിയെന്നും പറയുന്നു. ഇതു് മുഖത്തു തേയ്ക്കുന്നതിൻെറ മാതൃകയിലുള്ള വ്യത്യാസത്തെ അടിസ്ഥാനമാക്കിപ്പറയുന്നതാകുന്നു.

ചുവന്നതാടി, വെള്ളത്താടി, കറുത്തതാടി എന്നിങ്ങനെ താടിവേഷത്തെ പലതരത്തിൽ വിഭജിക്കാം. രാക്ഷസാദികളും ബാലിസുഗ്രീവാദികളും മററും ചുവന്നതാടിവേഷക്കാരാണു്. ഹനുമാനു വെള്ളത്താടിയും, കലി, കാട്ടാളൻ ആദിയായവക്കു കറുത്ത താടിയുമാണു്. ഹനുമാൻ, നന്ദി, വിവിദൻ മുതലായവരുടെ വേഷത്തിനു് വട്ടമുടിയെന്നും പറയാം.

രാക്ഷസിമാരുടെ വേഷമാണു കരി. ഉദാഹരണം സിംഹിക, നക്രതുണ്ഡി.

കത്തി, താടി, കരി മുതലായ വേഷക്കാൎക്കു് രംഗത്തിൽ സന്ദൎഭംപോലെ അലറുക, അട്ടഹസിക്കുക മുതലായവ ആകാം. ഇവൎക്കെല്ലാം രംഗപ്രവേശത്തിനു് താളമേളസമന്വിതമുള്ള തിരനോട്ടവുമുണ്ടു്.

പദങ്ങൾ ആടുന്നതിനു് ചൊല്ലിയാട്ടം എന്നു പറയുന്നു. ചെമ്പട, അടന്ത, ശംഭ, പഞ്ചാരി എന്നിങ്ങനെ വിവിധതാളങ്ങളിൽ നിബന്ധിക്കപ്പെട്ടിരിക്കുന്ന പദങ്ങൾ നടൻ ആംഗികസഹായത്താൽ അഭിനയിക്കുന്നതു തന്നെ നൎത്തനത്തിലാകുന്നു. ഇതിനുശേഷം പുരുഷവേഷങ്ങൾക്കു് ഉദ്ധതങ്ങളായ താണ്ഡവനൃത്തങ്ങളും സ്ത്രീവേഷങ്ങൾക്കു് ലാസ്യപ്രകാരങ്ങളായ ലളിതനൃത്തങ്ങളും ഉണ്ടു്. കലാശങ്ങളെക്കൂടാതെ സാരി, കുമ്മി, കേകി, അഷ്ടകലാശം ആദിയായ പല നൃത്തവിശേഷങ്ങളും കഥകളിയിലുള്ളതു് കണ്ടു് ആസ്വദിക്കേണ്ടതുതന്നെ. ചൊല്ലിയാട്ടം കഴിഞ്ഞു് നടൻ സ്വമനോധൎമ്മമനുസരിച്ചു് ഇളകിയാട്ടം നടത്തുന്നു.

കഥകളിയിലെ സ്വരൂപത്തെക്കുറിച്ചു് സംക്ഷിപ്തമായി ഇവിടെ പറഞ്ഞുവെന്നേയുള്ളു. ഇന്നു നാം കാണുന്ന കഥകളി പഴയ രാമനാട്ടമല്ലെന്നും പല മഹാശയന്മാരുടെയും പരിഷ്കരണം കഴിഞ്ഞുള്ളതാണെന്നും മുമ്പു പറഞ്ഞുവല്ലോ. എന്നാൽ യഥാൎത്ഥത്തിൽ രാമനാട്ടം കഥകളിയായി പരിണമിച്ചതു് കോട്ടയത്തുതമ്പുരാന്റെ കൃതികളുടെ പ്രചാരത്തോടുകൂടിയാണു്. മഹാഭാരതം ആരണ്യപൎവ്വത്തെ അടിസ്ഥാനമാക്കി കോട്ടയത്തുതമ്പുരാൻ വിരചിച്ച നാലു് ആട്ടക്കഥകളും നടപ്പായിത്തുടങ്ങിയപ്പോൾമുതൽ രാമനാട്ടം എന്ന പേരു് ക്രമേണ ഇല്ലാതാകയും കഥകളി എന്ന അഭിധാനത്തിൽ പ്രസ്തുത കലാപ്രസ്ഥാനം പൂൎവ്വാധികം പ്രചരിച്ചുതുടങ്ങുകയും ചെയ്തു.

ഇരയിമ്മൻതമ്പി

കീചകവധം, ഉത്തരാസ്വയംവരം, ദക്ഷയാഗം എന്നീ മൂന്ന് ആട്ടക്കഥകളുടെ കർത്താവായ ഇരയിമ്മൻതമ്പി 958-ാമാണ്ടു തുലാമാസത്തിലെ പൂരുരുട്ടാതിനാളിൽ തിരുവനന്തപുരത്തു കോട്ടയ്ക്കകത്തു കിഴക്കേമഠത്തിൽ ജനിച്ചു. കാർത്തികതിരുനാൾ മഹാരാജാവുതിരുമനസ്സിലെ സഹോദരനും ഐന്ദ്രജാലികനുമായിരുന്ന രവിവർമ്മ ഇളയതമ്പുരാൻെറ മകൾ കുഞ്ഞിക്കുട്ടിത്തങ്കച്ചിയായിരുന്നു ഇദ്ദേഹത്തിൻെറ അമ്മ. ഈ സ്ത്രീരത്നം കാവ്യനാടകാലങ്കാരങ്ങളും വ്യാകരണവും അഭ്യസിച്ച് അതിവൈദുഷ്യം നേടിയ ഒരു മഹതി ആയിരുന്നു.

ഇരയിമ്മൻതമ്പിയുടെ പിതാവ് ചേർത്തല നടുവിലേക്കോവിലകത്തു ശാസ്ത്രീത്തമ്പാനെന്നു പ്രസിദ്ധനായ കേരളവർമ്മത്തമ്പാനായിരുന്നു. മഹാപണ്ഡിതനും ശാസ്ത്രപാരംഗതനുമായ ഒരു പിതാവിൻെറയും തുല്യപാണ്ഡിത്യം തികഞ്ഞ ഒരു മാതാവിൻെറയും സന്താനത്തിൻെറ കഥ പ്രത്യേകിച്ചു പറയണമെന്നുണ്ടോ. ഈ ദമ്പതികളുടെ പുത്രനായ ഇരയിമ്മൻതമ്പി തൻെറ പാരമ്പര്യത്തെ ഈഷന്ന്യൂനമെന്യേ പരിപാലിച്ച് അതിൽ അസൂയാജനകമായ വിജയവും സമാർജ്ജിച്ചു. ബാല്യകാലത്തിൽത്തന്നെ തമ്പി അനന്യസാധാരണമായ ബുദ്ധിശക്തി പ്രദർശിപ്പിച്ചു. മൂത്താട്ടു ശങ്കരൻ ഇളയതെന്ന് അക്കാലത്തു സുപ്രസിദ്ധനായിരുന്ന പണ്ഡിതവൈദ്യനായിരുന്നു തമ്പിയുടെ ഗുരു.

ഈ ദേശികപ്രവരൻെറ ശിക്ഷണത്തിൽ ഇരയിമ്മൻതമ്പി കാവ്യനാടകാലങ്കാരങ്ങൾ അഭ്യസിച്ച് ചെറുപ്പത്തിൽത്തന്നെ അസാധാരണവൈദുഷ്യം നേടി എന്നു മാത്രമല്ല കവനത്തിൽ അത്യഭിരുചിയും പ്രാവീ

ണ്യവുംകൂടി ആ ബാലൻ പ്രദർശിപ്പിച്ചു. പതിന്നാലുവയസ്സുമാത്രം പ്രായമുള്ളപ്പോൾ തമ്പി കുറേ പദ്യങ്ങൾ നിർമ്മിച്ചു് കാർത്തികതിരുനാൾതിരുമനസ്സിലേയ്ക്കു സമർപ്പിച്ചപ്പോൾ അവിടുന്നു് ബാലന്റെ കവിതാചാതുര്യത്തിൽ ഉള്ളുകൊണ്ടു് അത്യന്തം പ്രസാദിക്കയും എന്നാൽ ആ പ്രസാദത്തെ പുറത്തു പ്രദർശിപ്പിക്കാതെ കുറേക്കൂടി പഠിച്ചതിനുമേൽ കവിത എഴുതിയാൽ മതിയെന്നു കല്പിക്കയും ചെയ്തതായി കേട്ടിട്ടുണ്ടു്. എന്നാൽ അചിരേണ ബാലനു് കൊട്ടാരത്തിൽനിന്നു് ഒരു ചെറിയ അട്ടത്തുൺ പതിച്ചുകൊടുത്തതു് മഹാരാജാവിൻെറ തിരുവുള്ളത്തെ പ്രത്യക്ഷമാക്കി. സാഹിത്യമർമ്മവേദിയും സകലകലാവല്ലഭനുമായിരുന്ന ആ രാജർഷിക്കു് തൻെറ സഹോദരപൌത്രനായ ബാലനിൽ നിസ്സീമമായ വാത്സല്യവും കാരുണ്യവും ഉണ്ടായിരുന്നു. അവിടുത്തെ കല്പനപ്രകാരം ഇരയിമ്മൻതമ്പി തർക്കവ്യാകരണാദിശാസ്ത്രങ്ങളിൽ ഉപരിഗ്രന്ഥങ്ങൾ പരിശീലിച്ചു് അത്ഭുതാവഹമായ പാണ്ഡിത്യം ആർജ്ജിച്ചു. തൻെറ പത്തൊമ്പതാമത്തെ വയസ്സിലായിരുന്നു തമ്പി കീചകവധം ആട്ടക്കഥ രചിച്ചതു്.

തമ്പിയുടെ ശാസ്ത്രപാണ്ഡിത്യം ക്രമേണ അഭിവൃദ്ധി പ്രാപിച്ചുവന്നു. 1015-ാമാണ്ടിൽ പരദേശത്തുനിന്നും തിരുവനന്തപുരത്തുവന്ന രണ്ടു ശാസ്ത്രിമാരെ ഇരയിമ്മൻതമ്പി ശാസ്ത്രവാദത്തിൽ പരാജിതരാക്കുകയാൽ സന്തുഷ്ടനായിത്തീർന്ന സ്വാതിതിരുനാൾമഹാരാജാവു് അദ്ദേഹത്തിനു രണ്ടുകൈയ്ക്കും അട്ടത്തോടൻവീരശൃംഖല സമ്മാനിച്ചു. ഇതുപോലെ പലയവസരങ്ങളിലും തമ്പി രാജകരത്തിൽനിന്നും പാരിതോഷികങ്ങൾ വാങ്ങിയിട്ടുണ്ടു്. അദ്ദേഹത്തിൻെറ കവിതാചാതുര്യത്തെ അഭിന-

ന്ദിച്ചു് ഓരോ വഞ്ചിരാജാക്കന്മാരും അടുത്തുൺ കൂട്ടി ക്കൊടുക്കയാൽ രാജസേവകനായിത്തന്നെ തമ്പി അവ സാനംവരെ കഴിച്ചുകൂട്ടി. റാണി ലക്ഷ്മീഭായിതിരുമന സ്സിലെ പള്ളിക്കെട്ടു കഴിച്ച രാജരാജവൎമ്മകോയിത്തമ്പു രാൻ ഇരയിമ്മൻതമ്പിയുടെ ആത്മമിത്രമായിരുന്നു. ഇര യിമ്മൻതമ്പിയുടെ സൎവ്വതോമുഖമായ പാണ്ഡിത്യം കോ യിത്തമ്പുരാനെ അത്യധികം പ്രീണിപ്പിക്കയാൽ അദ്ദേ ഹത്തിനുണ്ടായ ആദരം വാചാമഗോചരമായിരുന്നു. എ ന്നാൽ തമ്പിയുടെ സാഹിത്യം പരിപൂൎണ്ണമായി വികസി ച്ചു് അതിൻെറ സൗരഭ്യം സൎവ്വത്ര പ്രസരിപ്പിച്ചതു് സ്വാതിതിരുനാൾ തിരുമനസ്സിലെക്കാലത്തായിരുന്നു. അവിടുത്തെ പള്ളിവായനയ്ക്കു് അരിപ്പാട്ടുകൊച്ചുപിള്ള വാൎയ്യരെ വരുത്താൻ ഇരയിമ്മൻതമ്പിയായിരുന്നു പ്രധാ നകാരണഭൂതൻ എന്നു പറയപ്പെടുന്നു.

തമ്പിയുടെ ഭാൎയ്യ വിളവങ്കോട്ടുതാലൂക്കിൽ ഇടയ്ക്കോ ട്ടു ദേശത്തു് പുളിയറത്തലവീട്ടിലെ ഒരു തങ്കച്ചിയായിരു ന്നു. ഈ സാധ്വിയിൽ തമ്പിക്കു ജനിച്ച പുത്രിയാണു് പ്രസിദ്ധപ്പെട്ട കവയിത്രിയായ കുട്ടിക്കുഞ്ഞിത്തങ്കച്ചി. പുത്രിയെ ആദ്യം സംസ്കൃതം അഭ്യസിപ്പിച്ചതു് പിതാവു തന്നെ. പിന്നീടു് അരിപ്പാട്ടു കൊച്ചുപിള്ളവാൎയ്യർ അ ഭ്യസിപ്പിച്ചു. ഇരയിമ്മൻതമ്പി എഴുന്നള്ളത്തോടുകൂടി തിരുവിതാംകൂറിലെ പല മഹാക്ഷേത്രങ്ങളും സന്ദർശി ച്ചു് സ്വാമിദർശനം നടത്തിയിട്ടുണ്ടു്. അദ്ദേഹം 1031-ാമാണ്ടു് കോട്ടയ്ക്കകത്തുള്ള സ്വഗൃഹത്തിൽവച്ചു് പരലോകപ്രാപ്തനായി.

നമ്മുടെ കവിവൎയ്യൻ ഭാഷാകാമിനിക്കു പല ഭൂഷണ ങ്ങളും നൽകിയിട്ടുണ്ടെങ്കിലും അവയിൽ പ്രധാനപ്പെട്ട തു് കീചകവധം, ഉത്തരാസ്വയംവരം, ദക്ഷയാഗം

എന്നീ മൂന്ന് ആട്ടക്കഥകളാണ്. ഇവകൂടാതെ ജ്ഞാന വാസിഷ്ഠം കിളിപ്പാട്ട്, നവരാത്രിപ്രബന്ധം, മുറജപപ്പാന, സുഭദ്രാഹരണം, രാസക്രീഡ എന്നു രണ്ടു തിരുവാതിരപ്പാട്ടുകൾ, വളരെ കീർത്തനങ്ങൾ, പദങ്ങൾ മുതലായവയും അദ്ദേഹം രചിച്ചിട്ടുണ്ട്. ഇവയിൽ അധികവും ഈശ്വരപിള്ളവിചാരിപ്പുകാരുടെ കേരളവിലാസം അച്ചുകൂടത്തിൽനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ ഭാഷാകൃതികളിൽ ഏററവും ഉത്തമമെന്നു സർവ്വസമ്മതമായിട്ടുള്ളതു് ആട്ടക്കഥകളും ഹൃദയഹാരികളായ ചില പദങ്ങളുമാണ്. പരമാർത്ഥം പറഞ്ഞാൽ ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ അത്യുജ്ജ്വലമായ ഒരു താരമായി ഈ കവിവർയ്യൻ പ്രശോഭിക്കുന്നതു് അദ്ദേഹത്തിന്റെ മൂന്നു കഥകളിഗ്രന്ഥങ്ങൾ മൂലമാകുന്നു.

ഇരയിമ്മൻതമ്പി രചിച്ച മൂന്ന് ആട്ടക്കഥകളിൽ ആദ്യത്തേതു കീചകവധമാണ്. പിന്നെ ദക്ഷയാഗം. ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മ ഇളമുറയായിരിക്കുമ്പോൾ അവിടുത്തെ കല്പനപ്രകാരം രചിക്കപ്പെട്ടതാണെന്ന് അതിലെ പ്രഥമപദ്യത്തിൽനിന്നു ഗ്രഹിക്കാം. സാഹിത്യഗുണത്തിലും നടനപ്രയോഗസുകരതയിലും തമ്പിയുടെ കഥകൾ മുന്നിൽത്തന്നെ നിലകൊള്ളുന്നു. ഈ കഥകൾ അഭിനയിക്കാത്ത ശൈലൂഷന്മാർ ഉണ്ടോ എന്നുതന്നെ സംശയമാണ്. ആടാനും പാടാനും ഒന്നുപോലെ യോഗ്യതയുള്ള ചുരുക്കം ചില ആട്ടക്കഥകളിൽ ഈ കഥകൾ പ്രഥമസ്ഥാനത്തെ അർഹിക്കുന്നു എന്ന വസ്തുത വെറും പരമാർത്ഥം മാത്രമാകുന്നു.

ഈ മൂന്നു കഥകളിലും സംഗീതാമൃതം നിരന്തരമായ സുന്ദരഗതിയിൽ പ്രവഹിക്കുന്നു് എന്ന് അവ ഒരിക്കൽ

വായിച്ചിട്ടുള്ള ആൎക്കും മനസ്സിലാകും. അദ്ദേഹം രചിച്ചിട്ടുള്ള പദങ്ങളും കീൎത്തനങ്ങളും അദ്ദേഹത്തിൻെറ അന്യാദൃശസംഗീതപാടവത്തെ പ്രത്യക്ഷമാക്കുന്നു. തമ്പിയുടെ കഥകളിഗാനങ്ങളിൽ സാധാരണജനങ്ങൾക്കുള്ള പ്രതിപത്തി ഒന്നു പ്രത്യേകമാണു്. മറെറാരു കഥകളിയിലെ പാട്ടുകളെയും അവർ ഇതുപോലെ ആദരിക്കുന്നില്ല. കീചകവധത്തിലെ "ശശിമുഖി! വരിക സുശീലേ", "മാലിനി രുചിരഗുണശാലിനി", "സാദരം നീ ചൊന്നൊരു മൊഴിയിതു", "മാനിനിമാർമൗലിമണേ" എന്നു തുടങ്ങിയുള്ള പദങ്ങളും ഉത്തരാസ്വയംവരത്തിലെ "കല്യാണീ കാൺക മമ", "സുന്ദര! ശൃണു കാന്ത!", "ജയ ജയ നാഗകേതന", "അരവിന്ദമിഴിമാരേ", "വല്ലഭ, ശൃണു വചനം" ഇത്യാദി ഗാനങ്ങളും സകലൎക്കും സുപരിചിതങ്ങളാണു്. ആട്ടക്കഥകളിൽ പൊതുജനസമ്മതമായിത്തീൎന്നിട്ടുള്ള ഇത്ര അനേകം ഗാനങ്ങൾ തമ്പിയുടെ കൃതികളിൽത്തന്നെയാണു കാണുന്നതു്.

തമ്പിയുടെ കഥകൾ മൂന്നും രചനാസൗഷ്ഠവം, അൎത്ഥഭംഗി, ശബ്ദവൈചിത്ര്യം, പദസ്വാധീനത എന്നിവയിൽ ഒരുന്നതസ്ഥാനത്തെത്തന്നെ ആരോഹണം ചെയ്തിരിക്കുന്നു. പദങ്ങളിലെ ഭാഷാശുദ്ധിയിൽ അദ്ദേഹം വളരെ നിഷ്കൎഷിച്ചിട്ടുണ്ടു്. ഉണ്ണായിവാൎയ്യരുടെ നിരങ്കുശത്വം തമ്പിയെ തീണ്ടിയിട്ടുപോലുമില്ല. ഉണ്ണായിവാൎയ്യരെ തമ്പി ഒരിക്കലും അനുകരിച്ചിട്ടുമില്ല. മണിപ്രവാളശുദ്ധി ഇരയിമ്മൻതമ്പിയുടെ കഥകളിലെ ഒരു പ്രത്യേക വൈശിഷ്ട്യമെന്നുതന്നെ പറയാം.

"ശങ്കിച്ചു ശങ്കരസ്യ പ്രണയിനി" എന്നും, "അങ്കേ ചേൎത്തിട്ടു പത്ന്യാ" എന്നും ഉള്ള പ്രയോഗങ്ങൾ

തമ്പി ചിലപ്പോൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ആമാതിരി പ്രയോഗങ്ങൾ വളരെ വിരളങ്ങളാണു്.

"കനകമത്ഥവും സുധകണക്കേ പദനിരയും അന്ന്ഗ്ളം യമകവും അനുപ്രാസമുപമാദി ഇണക്കംകലൎന്നു ജനിക്കുന്ന രമ്യമായ സാരസ്വതം" തന്നെയാണു് ഇരയിമ്മൻതമ്പിയുടെ ആട്ടക്കഥകളിലെങ്ങും നിൎല്ലോഭമായി നമുക്കു കാണാൻ കഴിയുന്നതു്.

ഈ കവിമൂദ്ധന്യൻെറ ചിത്രനിമ്മാണചാതുരി അത്ഭുതകരംതന്നെ. കീചകഗൃഹത്തിൽച്ചെന്നു് ഓദനവും മധുവും കൊണ്ടുപോരുവാൻ സുദേഷ്ണ ആജ്ഞാപിച്ചപ്പോൾ ദ്രൗപദീദേവിക്കുണ്ടായ ഭാവഭേദങ്ങളെ എത്ര തന്മയത്വത്തോടുകൂടി ഈ കവിവയ്യൻ വൎണ്ണിച്ചിരിക്കുന്നു എന്നു നോക്കുക:

"ക്ഷോണീന്ദ്രപത്നിയുടെ വാണീം നിശമ്യ പുന-
രേണീവിലോചന നടുങ്ങീ" ഇത്യാദി.

ഇതുകൂടാതെ തമ്പിയുടെ ശബ്ദാത്ഥാലങ്കാരപ്രയോഗങ്ങളും അതിശ്ലാഘനീയങ്ങളാണു്. വിശേഷിച്ചു് തമ്പിയുടെ ശബ്ദാലങ്കാരങ്ങൾ ഇതരകവികളുടെ കൃതികളിൽ സാധാരണ കാണുന്നവപോലെയല്ല. ശബ്ദാലങ്കാരം എന്നു കേൾക്കുമ്പോൾ നാം ധരിക്കാറുള്ളതു് അലങ്കാരശാസ്ത്രമനുസരിച്ചു വൎണ്ണിക്കപ്പെട്ടിട്ടുള്ള 'യമകാ'ദി അലങ്കാരങ്ങളെന്നാണു്. ഈമാതിരി അലങ്കാരങ്ങൾ പല കവിവയ്യന്മാരുടെ കൃതികളിലും തൽക്കത്താക്കളുടെ പാടവംപോലെ പ്രയോഗിച്ചിട്ടുള്ളവ നമ്മുടെ ഭാഷയിൽ സുലഭങ്ങളാണു്. എന്നാൽ നമ്മുടെ സ്മയ്യകവീന്ദ്രൻെറ കൃതികളിൽ, പ്രത്യേകിച്ചും ആട്ടക്കഥകളിൽ, കാണുന്ന ശബ്ദാലങ്കാരങ്ങളുടെ സ്വഭാവം മേല്പറഞ്ഞ

പോലല്ല. അലങ്കാരശാസ്ത്രപ്രകാരമുള്ള ശബ്ദാലങ്കാരങ്ങൾ ഇരയിമ്മൻതമ്പി അനേകം പ്രയോഗിച്ചിട്ടുണ്ടെങ്കിലും അവയെമാത്രംകൊണ്ടല്ല അദ്ദേഹത്തിന്റെ കൃതികൾ ശബ്ദാലങ്കാരസുന്ദരങ്ങളെന്നു ഞാൻ വിവക്ഷിക്കുന്നതു്. പിന്നെ എന്തുകൊണ്ടാണു്? ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹത്തിൻെറ കൃതികളെല്ലാംതന്നെ ശബ്ദാലങ്കാരങ്ങളുടെ ഒരു കോമളസമാഹാരമാണു്.

*　　　*　　　*

സംഗീതമാധുര്യത്തെ സമാകൎഷകമാക്കുന്നതിനു് ശബ്ദാലങ്കാരങ്ങൾക്കുള്ള കഴിവു് ഒന്നു വേറെതന്നെയാണു്. ഇതിനു പ്രധാനമായ ഉദാഹരണം ജയദേവമഹാകവിയുടെ ഗീതഗോവിന്ദമത്രേ. ആ മോഹനകാവ്യത്തിൻെറ വിശേഷാത്തരമായ പ്രശസ്തിക്കു പ്രധാനനിദാനം അതിലെ ഹൃദയഹാരിയായ ഭാഷാലാളിത്യം ഒന്നുമാത്രമാണു്. വാസ്തവത്തിൽ ശബ്ദമാധുരി സംഗീതമാധുരിക്കു് എന്നും സഹായകമായിത്തന്നെ നിലകൊള്ളുന്നു എന്ന പരമാൎത്ഥത്തിനു് ഗീതഗോവിന്ദംതന്നെയാണു പ്രമാണഗ്രന്ഥം. കഥകളിക്കു യഥാൎത്ഥമാൎഗ്ഗദൎശി ജയദേവമഹാകവിയാകുന്നു. അദ്ദേഹത്തെ അനുകരിച്ചത്രേ ആട്ടക്കഥാകൎത്താക്കൾ തങ്ങളുടെ കൃതികളെ നിൎമ്മിച്ചിരിക്കുന്നതു്. ഗീതഗോവിന്ദംതന്നെ, പരമാൎത്ഥം പറഞ്ഞാൽ ഒരാട്ടക്കഥയാണു്. ഭഗവാൻ, രാധ, സഖി ഇങ്ങനെ മൂന്നു പാത്രങ്ങൾ മാത്രമേ ഉള്ളൂ, എങ്കിലും അതിൻെറ അഭിനയരീതി കഥകളിപോലെതന്നെ. കവിവാക്യം ശ്ലോകത്തിലും കഥാപാത്രങ്ങൾതമ്മിലുള്ള സംഭാഷണം ഗാനരൂപത്തിലും ആയിട്ടാണല്ലോ കഥകളിയിൽ കണ്ടുവരുന്നതു്. ഈ സമ്പ്രദായം ഗീതഗോവിന്ദ

ത്തിൽനിന്നും പകൎത്തിയതാണു്. അതായതു് അഷ്ടപദിയെ അനുകരിച്ചു് മാനവേദമഹാരാജാവു രചിച്ച കൃഷ്ണനാട്ടത്തെ മാതൃകയാക്കി കൊട്ടാരക്കരത്തമ്പുരാൻ നിൎമ്മിച്ച ആട്ടക്കഥയിൽ ഈവക പ്രധാനഭാഗങ്ങൾ സംക്രമിച്ചു എന്നുതന്നെ പറയണം. സ്വകവിതായോഷയെ ശബ്ദാലങ്കാരവിഭൂഷിതയാക്കി സഹൃദയസമക്ഷം അവതരിപ്പിച്ച ഭക്തോത്തംസമായ ജയദേവമഹാകവി നിപുണനായ ഒരു ദീൎഘദൎശിക്കൂടിയാണെന്നുപറയുന്നതിൽ തെററില്ല. എന്തെന്നാൽ സ്വകൃതിയുടെ സൎവ്വാതിശായിയായുള്ള വിജയത്തിനു് അവളെ ശബ്ദാലങ്കാരമോഹിനിയാക്കുക എന്ന ഏകമാൎഗ്ഗമേയുള്ളു എന്നു് അദ്ദേഹം നേരത്തെതന്നെ കണ്ടു.

ജയദേവകവീന്ദ്രന്റെ കൃതിക്കുള്ള വിവിധങ്ങളായ കാവ്യഗുണങ്ങൾ എല്ലാം ഒത്തിണങ്ങിയതാണു് ഇരയിമ്മൻതമ്പിയുടെ കവിതകളെന്നു നിസ്സങ്കോചം നമുക്കു് ഉദ്ഘോഷിക്കാം. ഗീതഗോവിന്ദകൎത്താവിനെപ്പോലെ, "ശ്രീവാസുദേവരതികേളികഥാസമേത"മായ ഒരു പ്രബന്ധം നമ്മുടെ കേരളീയകവികോകിലം നിൎമ്മിച്ചിട്ടില്ലെങ്കിലും, 'ഹരിസ്മരണ'ത്തിൽ അദ്ദേഹം ഒട്ടുംതന്നെ പിന്നോക്കമല്ലായിരുന്നു. 'വിലാസകല'കളിൽ ഇരയിമ്മൻതമ്പി ജയദേവരെ സമീപിക്കുന്നുണ്ടെന്ന പരമാൎത്ഥത്തിനു് അമൃതനിഷ്യന്ദികളായ അദ്ദേഹത്തിന്റെ സാഹിത്യാങ്കുരങ്ങൾതന്നെ സാക്ഷ്യംവഹിക്കുന്നു. അതിനാൽ നമ്മുടെ കവിസാൎവ്വഭൗമനെ കേരളത്തിലെ 'ജയദേവർ' എന്നു വിളിക്കുന്നതു് ഏറ്റവും സമുചിതമായിരിക്കും. അദ്ദേഹത്തിന്റെ ഭക്തിയുടെ പദവി എത്രകണ്ടുന്നതമാണെന്നു് ഗുരുവായൂരപ്പനെ വാഴ്ത്തുന്ന അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ കീൎത്തനത്തിൽനിന്നു മനസ്സി

ലാക്കാം.ആ കീത്തനം കേട്ടിട്ടില്ലാത്ത വായനക്കാരുണ്ടെങ്കിൽ അവക്കവേണ്ടി അതു താഴെ ചേക്കുന്നു:

ശ്രീരാഗം

പല്ലവി

കരുണചെയ്യാനെന്തു താമസം കൃഷ്ണ!
കഴലിണ കൈതൊഴുന്നേൻ (കരുണ)

അനുപല്ലവി

ശരണാഗതന്മാക്കിഷ്ടവരദാനംചെയ്തു ചെമ്മെ
ഗുരുവായുപുരംതന്നിൽ
മരുവുമഖിലദുരിതഹരണ ഭഗവൻ (കരുണ)

ചരണം

1) പിഞ്ഛഭാരമണിഞ്ഞ പൂഞ്ചികുരഭംഗിയും
പുഞ്ചിരിചേന്ന കൃപാപൂണ്ണകടാക്ഷങ്ങളും
അഞ്ചിതവനമാലാഹാരകൌസ്തുഭങ്ങളും
പൊൻചിലമ്പും പദവും
ഭുവനമദന തവ ഹൃദി കരുതുന്നേൻ (കരുണ)

2) താരിൽതനപി തലോടും ചാരുത്വംചേന്ന പാദം
ദൂരത്തങ്ങിരുന്നൊരുനേരത്തിൽ നിനച്ചാലും
ചാരത്തങ്ങവന്നുപചാരത്തിൽ സേവിച്ചാലും
പാരിൽ തിങ്ങിന തവ
പരമപുരുഷ ന ഖലു ഭേദമേതും (കരുണ)

3) ഉരുതരഭവസിന്ധൌ ദുരിതസഞ്ചയമാകും
തിരതന്നിൽ മുഴുകുന്ന നരതതിക്കവലംബം
മരതകമണിവണ്ണൻ ഹരിതന്നെയെന്നു തവ
ചരിതവണ്ണനങ്ങളിൽ
സകലമുനികൾ പറവതറിവെനധുനാ (കരുണ)

34418

4) ധാതാവാദിയാം ലോകത്രാതാവായുള്ള ഗുരു-
വാതപുരവരനികേത ശ്രീപദ്മനാഭ
പ്രീതികലർന്നിനി വൈകാതെ കനിവോടെന്റെ
വാതാഭിരോഗം തീർത്തു
വരദ വിതര സകലകുശലമനിശം (കരുണ)

ഈ കീർത്തനം അദ്ദേഹത്തിന്റെ വാതശമനത്തിനുപകരിച്ചു എന്നത്രേ ഐതിഹ്യം.

KOTTAYAM PUBLIC LIBRARY
KOTTAYAM.

* * *

അക്ലിഷ്ടകോമളങ്ങളായ പദങ്ങൾ യാതൊരു പ്രതിബന്ധവുംകൂടാതെ അമൃതാംബുധിയിലെ കല്ലോലപരമ്പരപോലെ അദ്ദേഹത്തിന്റെ മുഖത്തിൽനിന്നും യഥേഷ്ടം നിർഗ്ഗളിച്ചുകൊണ്ടുതന്നെയിരിക്കും. സന്ദർഭോചിതമോ രസാനുഗുണമോ അല്ലാത്ത ഒരു പദം പ്രയോഗിക്കാൻ തമ്പിക്കു വശമല്ല. വാക്കുകളുടെ വിന്യാസശുദ്ധിയെ അറിയുന്ന ഒരു കവി തമ്പിയെപ്പോലെ, കേരളത്തിൽ വേറെയുണ്ടെന്നു തോന്നുന്നില്ല. അതുതന്നെയാണദ്ദേഹത്തിന്റെ കൃതികളുടെ പരിപൂർണ്ണവിജയത്തിനു പ്രഥമകാരണവും.

കീചകൻ വിരാടരാജ്യത്തിലെ മഹാരാജ്ഞിയായ സുദേഷ്ണാദേവിയുടെ സഹോദരനാണ്. പോരെങ്കിൽ അയുതഗജബലവാനും വിരാടസേനയുടെ നായകനും കൂടിയാണുതാനും. പഴയ ഭാരതഖണ്ഡത്തിലെ എണ്ണപ്പെട്ട രാജ്യങ്ങളിൽ ഒന്നാണു വിരാടം. ഇത്രയും വിപുലമായ ഗോധനമുള്ള മറെറാരു രാജ്യം അന്നു ഭാരതത്തിലുണ്ടായിരുന്നില്ല. ആ മഹാരാജ്യത്തിൽ എങ്ങുംതന്നെ തന്റെ ആജ്ഞയെ നടത്താൻ കീചകനു യാതൊരു വിഷമവും

ഇല്ലതന്നെ. തൻെറ ഏതാഗ്രഹവും നിമിഷത്തിനുള്ളിൽ സാധിപ്പാനുള്ള സകല സൗകൎയ്യങ്ങളും കീചകനുണ്ടു്. ഇത്രമാത്രം ഉന്നതപദവിയിൽ സ്ഥിതനായ ആ രാജസ്യാലൻെറ ഹൃദയത്തെ ആകൎഷിക്കാൻ കഴിവുള്ള ഒരു സുന്ദരി വിരാടരാജ്യത്തിൽ ഉണ്ടായില്ല. അവൻെറ ഹൃദയതന്ത്രികളെപ്പോലും കാമതാപത്താൽ തളൎത്തുവാൻപോരുന്ന ലാവണ്യവിലാസം ദ്രൗപദീദേവിയിൽ മാത്രമേ തരംഗിതമായി കാണപ്പെട്ടുള്ളു. അത്രമാത്രം ദിവ്യമായ ലാവണ്യധോരണിയെ വൎണ്ണിക്കുന്നതിനു മററുകവികൾ സമുചിതങ്ങളായ പദരത്നങ്ങളെത്തേടിനടക്കുകയായിരുന്ന ആ സന്ദർഭത്തെ നമ്മുടെ കവികോകിലം ഹൃദയമോഹനമായ ഒരു പാദംകൊണ്ടു് ആലോചനാമൃതമാകുംവണ്ണം വൎണ്ണിച്ചിരിക്കുന്നു. അതെങ്ങനെയെന്നു നമുക്കു നോക്കാം:—

ശ്ലോകം

"വിലോചനാസേചനകാംഗസൗഷ്ഠവാം
വിലോക്യ പാഞ്ചാലനരേന്ദ്രനന്ദിനീം
വിരാടപത്നീസഹജോ മഹാബലഃ
സ്മരാതുരോ വാചമുവാച കീചകഃ"

"വിലോചനാസേചനകാംഗസൗഷ്ഠവാം." കണ്ടാലും കണ്ടാലും കണ്ണിനു തൃപ്തിവരാത്ത എന്നാണു് വിലോചനാസേചനകത്തിനൎത്ഥം. അങ്ങനെയിരിക്കുന്ന അംഗസൗഷ്ഠവത്തോടുകൂടിയ പാഞ്ചാലനരേന്ദ്രനന്ദിനിയെക്കണ്ടിട്ടു് വിരാടപത്നീസഹജനും മഹാബലനുമായ കീചകൻ സ്മരാതുരനായിട്ടു പറഞ്ഞു. ഇതാണു് മേല്പറഞ്ഞ ശ്ലോകത്തിൻെറ സാരം. കണ്ടാലും കണ്ടാലും കണ്ണുകൾക്കു തൃപ്തിവരാത്ത സൗന്ദൎയ്യത്തെ എങ്ങനെയാണു വൎണ്ണി

ക്കുക. അത്രകണ്ടു ദിവ്യമായ സൗഷ്ഠവത്തെ 'വിലോച നാസേചനകം' എന്ന വിശേഷണംകൊണ്ടു സമ്പൂൎണ്ണമായി വൎണ്ണിപ്പാൻ ധൈൎയ്യപ്പെട്ട നമ്മുടെ കവീന്ദ്രനോടൊപ്പം ഉചിതജ്ഞൻ ലോകത്തിൽ മറ്റൊരു കവിയില്ല.

ഇരയിമ്മൻതമ്പിയുടെ മണിപ്രവാളശുദ്ധിക്കുദാഹരണമായി അദ്ദേഹത്തിൻെറ ഗാനങ്ങളിൽ ഒന്നിനെക്കൂടി ഉദ്ധരിച്ചശേഷം ഈ ഉപന്യാസം തുടരാം. ഉത്തരാസ്വയംവരം കഥയിൽ കൎണ്ണൻ്റെ ആത്മപ്രശംസയെ അപലപിച്ചു് കൃപാചാൎയ്യർ പറയുന്ന വാക്കുകളാണു്:

രാഗം: വൃന്ദാവനസാരംഗം—ചെമ്പട താളം

കൎണ്ണ! പാൎത്ഥസദൃശനാരിഹ കാർമുകപാണികളിൽ?
നിൎണ്ണയമിതു വാക്കിൽമാത്രമല്ലോ നിൻ്റെ വീൎയ്യമെല്ലാം
മഹാജള!

1)അന്യരാലശക്യഭേദയന്ത്രമതാശു മുറിച്ചില്ലേ—നൃപ-
കന്യകാം നിങ്ങൾ കണ്ടിരിക്കവേ
കയ്യിലാക്കിയില്ലേ?
ജന്യശൂരനന്തരകുരുരാജ്യം
ജവമൊടു വെന്നില്ലേ—ശത-
മന്യുതന്നെ സമരഭുവി മടക്കിയ
മാന്യവീരനല്ലേ കിരീടി? (കൎണ്ണ!)

2) അഷ്ടമൂൎത്തി പാൎത്ഥവിക്രമങ്ങളെ
അഴകൊടു കണ്ടല്ലേ പരി-
ഹൃഷ്ടനായ്ക്കൊടുത്തു പാശുപതമതു
ഹൃദി തവ നിനവില്ലേ?
വിഷ്ടപേഷു ഘോഷയാത്രയുടെ കഥ
വിശ്രുതതരയല്ലേ? ഹാ!

കഷ്ടമിന്നിതൊക്കെയും മറന്നു
വികത്ഥനങ്ങളെല്ലാം വൃഥൈവ. (കണ്ണ!)

3) വിജയനടയകീർത്തി പാരിലാകവേ
വിലസിടുന്നു സതതം —യുധി
ഭുജബലേന വെന്നു നമ്മെ വിരവൊടു
പോകുമവൻ നിയതം
അജഗജങ്ങൾപോലെ നീയുമവനും
ഹന്ത സർവവിദിതം സംത്യജ
നിജപ്രശംസകളറിവൻ ഞാൻ
ത്യക്തലജ്ജ! ചരിതം തദീയം. (കണ്ണ!)

"മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേളന സുരഭില"ങ്ങളായി ഈദൃശങ്ങളായുള്ള പദ്യതല്ലജങ്ങൾ അനവധി നമ്മുടെ കവിവര്യന്റെ കൃതികളിൽ ഇനിയും സുലഭമാണു്.

നമ്മുടെ മഹാകവികളിൽ പലരേയും ക്ലേശിപ്പിച്ചിട്ടുള്ള യമകനിർമ്മിതിയിലും തമ്പിക്കു ലേശം ക്ലേശമുണ്ടായിട്ടില്ല. പ്രസാദപേശലങ്ങളായ പദങ്ങൾതന്നെ യമകസൃഷ്ടിയിലും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടു്. അദ്ദേത്തിന്റെ യമകപദ്യങ്ങളിൽ ഒന്നിലും അർത്ഥക്ലിഷ്ടത എന്നുള്ളതു തീണ്ടിയിട്ടുപോലുമില്ല. വാഗ്ദേവത സമുചിതങ്ങളായ പദങ്ങളും കൈക്കൊണ്ടു് അദ്ദേഹത്തിന്റെ സമയം കാത്തുനിന്നു് പരിചര്യചെയ്തിട്ടുണ്ടെന്നു് കീചകവധം തുടങ്ങിയ കഥകളിൽനിന്നു നമുക്കു മനസ്സിലാക്കാം; കീചകവധം അദ്ദേഹത്തിന്റെ പത്തൊൻപതാം വയസ്സിൽ എഴുതിയ കഥയാണു്. അദ്ദേഹം ആദ്യം രചിച്ച ഈ ആട്ടക്കഥതന്നെ സാഹിത്യസാമ്രാജ്യത്തിൽ എത്രയോകാലം വിഹരിച്ചു പഴകിയ ഒരു വൃദ്ധകവി

യുടെ തൂലികാചിത്രത്തെ ആവിഷ്കരിക്കുന്ന ഒന്നാണു്. ഈ കഥയിൽനിന്നും അദ്ദേഹത്തിന്റെ ഒരു യമകശ്ലോകം. ഉദ്ധരിക്കാം:

"സഭാജനവിലോചനൈസ്സമനിപീതരൂപാമൃതാം
സഭാജനകരാംബുജാം സവിധമാഗതാം പാർഷതീം
സഭാജനപുരസ്സരം സമുപസൃത്യ സൂതാത്മജഃ
സ ഭാജനമഥോ മുദാം സരസമേവമൂചേ വചഃ"

ലളിതമനോഹരപദസമൂഹത്താൽ ഗുംഫിതമായ ഈ പദ്യമാലയിലെ നാലു 'സഭാജന'പദങ്ങളും സുഗമമായ അർത്ഥബോധത്തെ ഉണ്ടാക്കുന്നതാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

ഉത്തരാസ്വയംവരത്തിൽ വിരാടൻെറ ശൃംഗാരപ്പദത്തിനുള്ള ശ്ലോകം ഒരു സുന്ദരമായ യമകമാണു്. അതു താഴെ ചേൎക്കുന്നു:

"സുരതരുചിതമുച്ചൈശ്ചന്ദനം നിന്ദയന്തീം
സുരഭിലതരുവല്ലീമണ്ഡിതാം പുഷ്പവാടീം
സുരതരുചിതചിത്തഃ പ്രാപ്യ രാജാ കദാചിത്
സുരുചിരതനുവല്ലീം പ്രേയസീമേവമൂചേ"

ഇതിൽ ആദ്യത്തെയും മൂന്നാംപദ്യത്തിലെയും 'സുരതരുചിത'ങ്ങൾക്കുള്ള രണ്ടർത്ഥം വളരെ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണു്. വെറും മലയാളഭാഷാജ്ഞാനം മാത്രമുള്ളവൎക്കുകൂടി ഇതിൻെറ അർത്ഥം മനസ്സിലാക്കാൻ വിഷമമില്ല. ആദ്യത്തെ സുരതരുചിതത്തിനു സുരതരുക്കളാൽ നിറഞ്ഞതെന്നും രണ്ടാമത്തേതിനു് സംഭോഗത്തിൽ രുചിയോടുകൂടിയതെന്നുമാണർത്ഥം

ഇനിയും ഉത്തരാസ്വയംവരത്തിലെ ഒരു യമകം കൂടി എടുക്കാം:

പ്രമദാകുലം കുരുവരാംബരാൎത്ഥി തത്
പ്രമദാകുലോഥ പരിരഭ്യ സാദരം
സഹസാ രഥീ രണജിഗീഷയോത്തരഃ
സഹസാരഥീ നിജപുരാൽ പ്രതസ്ഥിവാൻ."

കുരുവരാംബരാൎത്ഥിയായ പ്രമദാകുലത്തെ=കുരുവരന്മാരുടെ വസ്ത്രങ്ങൾ കൊണ്ടുവരണമെന്നൎത്ഥിച്ച, പ്രമദാകുലത്തെ=പ്രമദകളുടെ—സ്ത്രീകളുടെ സമൂഹത്തെ; പ്രമദാകുലഃ പരിരഭ്യ=പ്രമദാകുലനായിട്ട്; പ്രമദം=സന്തോഷം; അതുകൊണ്ടു്, ആകുലനായിട്ട്=പരവശനായി; പരിരഭ്യ=ആലിംഗനംചെയ്തിട്ട്; സഹസാരഥീ—സഹസാ=ഉടൻതന്നെ—രഥീ=രഥമുള്ളവൻ; സഹ സാരഥീ=സാരഥിയോട്ട് (തേരാളിയോട്ട്) സഹ=കൂടി; നിജപുരാൽപ്രതസ്ഥിവാൻ=തന്റെ പുരത്തിൽനിന്നുംപ്രസ്ഥാനംചെയ്തു. ഈ യമകപദ്യവും എത്രമാത്രം കോമളപദങ്ങളാൽ ബന്ധിക്കപ്പെട്ടു് സുഗ്രഹമായ അൎത്ഥത്തെ ആവിഷ്കരിക്കുന്നതാണെന്നു നോക്കുക.

ഉത്തരാസ്വയംവരത്തിലെതന്നെ മറെറാരു യമകപദ്യംകൂടി ഉദ്ധരിക്കാം:

"ധൎമ്മജാതവസതിം പ്രണമ്യ തം
ധൎമ്മജാതമഥ മാരുതാത്മജഃ
വാസവേശ്മനി ശയാനമാദരാ-
ദ്വാസവേരിതി ജഗാദ പൂൎവ്വജഃ"

വാസവേഃ=വാസവിയുടെ (ഇന്ദ്രപുത്രനായ അൎജ്ജുനന്റെ) പൂൎവ്വജഃ=ജ്യേഷ്ഠനും മാരുതപുത്രനുമായ ഭീമൻ; ധൎമ്മജാതവസതിം=ധൎമ്മജാത(സമൂഹ)ത്തിനിരിപ്പിടവും വാസവേശ്മനി ശയാനം=വാസവേശ്മത്തിൽ, പാൎക്കുന്ന ഗൃഹത്തിൽ; ശയാനം=കിടക്കുന്നവനുമായ; ധൎമ്മജാതം=

KOTTAYAM PUBLIC LIBRARY
KOTTAYAM

ധർമ്മപുത്രരെ; പ്രണമ്യ=നമസ്കരിച്ചിട്ടു്; ആദരാൽ=ബഹുമാനത്തോടെ; ഇതി ജഗാദ=ഇപ്രകാരം പറഞ്ഞു. ഈ ശ്ലോകത്തിലുള്ള രണ്ടു ധർമ്മജാതപദങ്ങളിൽ ഒന്നിന് ധർമ്മസമൂഹമെന്നും ഒന്നിന് യമാത്മജനെന്നും അർത്ഥമാകുന്നു.

ഇനി ദക്ഷയാഗംകഥയിലെ ഒരു യമകാലങ്കാരത്തെ പരിശോധിക്കാം.

"മരാളകന്യാമിവ മാനസം ഗതാ-
മരാളകേശീമവലോക്യ താം സതീം
കരാളദംഷ്ട്രോ ദനുജോപി ജാതുചിത്
സ്മരാളസാത്മാ മനസൈവമബ്രവീത്."

മരാളകന്യ=അരയന്നപ്പെട; അരാളകേശി=ചുരുണ്ട തലമുടിയോടുകൂടിയവൾ.

"ഗളസീമലസച്ചാരുതുളസീദാമഭൂഷണം
വ്രജസീമന്തിനീജാരമതസീമേചകം ഭജേ"

എന്ന കീചകവധത്തിലെയും,

"ശേഷേ ശയാനം വിഹഗേശയാനം
ധൂതാരിജാതം ശ്രിതപാരിജാതം
ശേഷാലയേശം കമലാലയേശം
ശ്രീപദ്മനാഭം ഭജതാഞ്ജനാഭം"

എന്ന ഉത്തരാസ്വയംവരത്തിലേയും,

"അഗേന്ദ്രഭൂഷിതം ദേവമപി നാഗേന്ദ്രഭൂഷിതം
സർവ്വമംഗളയോപേതം സർവ്വമംഗളദം ഭജേ"

എന്ന ദക്ഷയാഗത്തിലേയും അവസാനത്തെ സ്തുതിശ്ലോകങ്ങൾ ശ്രോത്രങ്ങൾക്കു് അമൃതനിഷ്യന്ദികളാകുന്നു.

ഇത്രയും മനോഹരങ്ങളായ പദ്യങ്ങൾ മറെറാരു കവിയുടെ മുഖത്തുനിന്നും നിർഗ്ഗളിക്കുമെന്ന് ആശിക്കാവുന്നതല്ല.

ഇനി ഇരയിമ്മൻതമ്പിയുടെ ചില ഒററശ്ലോകങ്ങളും ഭക്തിപരമായ സ്തോത്രങ്ങളും ശൃംഗാരപ്പദങ്ങളുംകൂടി ഉദ്ധരിച്ചുകാണിച്ച് ഈ മുഖവുരയെ അവസാനിപ്പിക്കാം.

ഒററശ്ലോകങ്ങൾ

"അമ്മേ, പാർവതിദേവി, ലോകമഖിലം
 രക്ഷിച്ചുകൊണ്ടേററവും
സമ്മോദേന നദീതടാലയമതിൽ
 സ്വൈരം വസിക്കും ശിവേ
ചെമ്മേ നിന്നുടെ മേനികണ്ടു തൊഴുവാൻ
 വാഞ്ഛിച്ചു വാഴുന്നു ഞാൻ
എന്മേലമ്പുകലൎന്നവന്നു നയനാ-
 നന്ദം വളൎത്തീടണം."

"താരിൽത്തന്വീമണാളൻ സവിധഭുവി നുണാം
 നന്മ മേന്മേൽ വരുത്താൻ
ഭൂരിസ്നേഹേന പൂരിച്ചൊരു സുകൃതദശോ-
 ല്ലാസി വാടാവിളക്കേ
ദൂരത്തമ്പോടുവാഴും ജനനി ഭവതിയെ-
 ച്ചെററു കാണാഞ്ഞെനിക്കീ-
നേരത്തുള്ളോരവസ്ഥാം ദിനകുമുദിനിയെ-
 ക്കണ്ടു ബോധിച്ചിടേണം."

"ഇന്ദ്രൻ വഞ്ചീന്ദ്രനുണ്ടിങ്ങമരഗുരു ദിവാൻ
 വെങ്കിടാഖ്യൻ നിനച്ചാൽ
പിന്നെ ശ്രീപത്മനാഭൻ സുരതരു സുരഭീ-
 പാർവതീരാജ്ഞി സാക്ഷാൽ

വെള്ളാനപ്രൗഢന്നുണ്ടീ ദ്ദരയവർകൾ ബുധ-
ന്മാർക്കുമങ്ങററമില്ലാ
സ്വർഗ്ഗം ഭൂലോകമത്രേ പ്രഥമനമൃതിനെ-
ക്കാൾ വിശേഷം വിശേഷം."

"മഹീപതേ ഭാഗവതോപമാനം
മഹാപുരാണം ഭവനം മദീയം
നോക്കുന്നവക്കൊക്കെ വിരക്തിയുണ്ടാ-
മത്ഥങ്ങളില്ലെന്നൊരു ഭേദമുണ്ട്."

"പാരീരേഴാം മരത്തിന്നതിസുദൃഢ-
മതായോരു നാരായവേരാം
കാരുണ്യാംഭോധി നാരായണനുടെ ചരണാം-
ഭോജമാരാധ്യ നിത്യം
താരാർമാതിൻ വിലാസത്തിനു ഭവനമതാ-
യോരു വഞ്ചിക്ഷിതീന്ദ്രൻ
പാരാവാരം ചുഴന്നീടിന ധരണിധരാ-
കല്പമാം കല്പമാസ്താം."

"ദിവ്യം കിഞ്ചന വെള്ളമുണ്ടൊരുമുറി-
സ്സോമൻ കരുപ്പും ഗളേ
പാത്താൽ നല്ലടയാളമുള്ള കരമു-
ണ്ടൊട്ടല്ലഹോ പിന്നെയും
തോലെന്യേ തുണിയില്ല തെല്ലുമരയിൽ
കേളേററുമാന്തരെഴും
പോററീ നിൻെറ ചരിത്രമദ്ഭുതമഹോ-
ഭസ്ഗ്ഗായ തുഭ്യം നമഃ"

രാഗം—കാമോദരി

പല്ലവി

കമലാദികളാം നറുമലരെല്ലാം
കാണുന്നു നിങ്കൽ

അനുപല്ലവി

രമണീയാദ്ഭുതകോമളശീലേ
രതിനിപുണേ രമണീജനമൗലേ (കമ)

ചരണം

1) സുരുചിരവദനം വികസിതകമലം
സുന്ദരി മിഴിയിണ കുവലയയുഗളം
ചാരിചെഴുമധരം ബന്ധൂകസുമം
ഭാസുരനാസിക തവ തിലകസുമം (കമ)

2) പുഞ്ചിരിയായതു കുറുമൊഴിജാതി
പൂഞ്ചായലിലണിയുന്നതു ജാതി
അഞ്ചിതമഞ്ജരി കുസുമവിശേഷം
അണിമുല കാലിണ നല്ല ശിരീഷം (കമ)

3) ജംഘകൾ കൈതപ്പൂക്കൾ വിശേഷം
ചമ്പകമലർതാനംഗമശേഷം
ശംഖപുഷ്പമലർബാണനികേതം
സകലം വിധിയുടെ കൗശലജാതം (കമ)

4) കൊണ്ടലണികുഴലി കണ്ടു തവാംഗം
കുതുകമിയന്നിതു മാനസഭൃംഗം
ഇണ്ടൽതീർത്തു പരിപാഹി മൃഗാക്ഷി
ഇതിനിഹ പങ്കജനാഭൻ സാക്ഷി (കമ)

രാഗം—ആനന്ദഭൈരവി

പല്ലവി

എന്തോഴീ ഗുണശാലിനീ കാന്തനോടെൻെറ
സന്താപമതു ചൊല്ലു നീ

അനുപല്ലവി

ചെന്താർസായകരൂപൻ
ശ്രീവഞ്ചിമഹീപാലൻ
സന്തോഷിച്ചിരിക്കുന്ന സമയം
നോക്കി വൈകാതെ (എന്തോഴീ)

ചരണം

1) വിക്രമി മമ വല്ലഭൻ വേർപിരിഞ്ഞപ്പോൾ
അക്രമമെഴും മന്മഥൻ ചക്രവാകിയെപ്പോലെ
തനിച്ചോരെന്നിൽ വിശിഖചക്രങ്ങൾ
ചൊരിയുന്നു സർവ്വകാലവുമയ്യോ (എന്തോഴീ)

2) പൂമണം കലന്നീടുന്ന മന്ദവാതവും
പൂർണ്ണചന്ദ്രവിലാസവും
കോമളമലർമാലാകോകിലങ്ങളുമിതാ
കാമനു സഹായമായ് കദനം മേ വളക്കുന്നു
(എന്തോഴീ)

3) ശ്രീമാനാശ്രിതവത്സലൻ ശ്രീരാമവർമ്മ
ശ്രീവഞ്ചീശപരസോദരൻ
സീമാതീതഗുണവാൻ ശ്രീപദ്മനാഭദാസൻ
ശ്രീമാർത്താണ്ഡരാജേന്ദ്രൻ
ശ്രീപാദം നമുക്കെന്നും (എന്തോഴീ)

ഇനി സൗരാഷ്ട്രരാഗത്തിലുള്ള ഒരു ഗാനം ഉദ്ധരിക്കാം.

പല്ലവി

എന്തുചെയ്യേണ്ടു ഞാനയ്യോ
ഇന്നു നീ ചൊന്നതും പൊയ്യോ

അനുപല്ലവി

ഹന്ത പാതിരാവായല്ലോ അരികിൽ
കാന്തൻ വന്നീലല്ലോ
വരുമെന്നല്ലോ സഖി നീ ചൊല്ലി (എന്തു)

ചരണം

1) സുദതി വരുമെന്നല്ലോ സഖി നീ ചൊല്ലി
സുദതി തവ രതികരുതി
വരുമെന്നല്ലോ സഖി നീ ചൊല്ലി
സുദതി തവ രതികരുതി മുഹുരപി കുതുകി
വരുമെന്നല്ലോ സഖി നീ ചൊല്ലി
സുദതി തവ രതികരുതി മുഹുരപി കുതുകി
തവ പതി സപദി
വരുമെന്നല്ലോ സഖി നീ ചൊല്ലി
സുദതി തവ രതികരുതി മുഹുരപി കുതുകി
തവ പതി സപദി നിശി ദൃഢമിങ്ങു
വരുമെന്നല്ലോ സഖി നീ ചൊല്ലി
വരനെന്നെ മറന്നാനല്ലീ പരനാരിമാരുടെ
ചില്ലീ പാട്ടിലാക്കികൊണ്ടോ തല്ലി (എന്തു)

2) അലർശരനിതാ വരുന്നു
അരികിലലർശരനിതാ വരുന്നു
അരികിലധികവുമരിശമലർശരനിതാ വരുന്നു
അരികിലധികവുമരിശമൊടു ഹൃദി
വിരവിലലർശരനിതാ വരുന്നു

അരികിലധികവുമരിശമൊടു ഹൃദി
വിരവിലനവധി വിരുതനലർശരനിതാ വരുന്നു
അരികിലധികവുമരിശമൊടു ഹൃദി
വിരവിലനവധി വിരുതനിഷുതതി തൂകി
അലർശരനിതാ വരുന്നു
അവശത വളർത്തീടുന്നു—മലയമാരുതനുമിന്നു
മദനനു തുണച്ചീടുന്നു (എന്തു)

3) പരിതാപം മേ വളക്കുന്നു
രജനി പരിതാപം മേ വളക്കുന്നു
രജനികരരുചിവിസൃതി പരിതാപം മേ വളക്കുന്നു
രജനികരരുചിവിസൃതി ദിശിദിശി വിലസി
പരിതാപം മേ വളക്കുന്നു
രജനികരരുചിവിസൃതി ദിശിദിശി
വിലസിയതുമിഹ മനസി
പരിതാപം മേ വളക്കുന്നു
രജനികരരുചിവിസൃതി ദിശീ ദിശി
വിലസിയതുമിഹ മനസി വിരഹവശേന
പരിതാപം മേ വളക്കുന്നു
പരമൊരാലംബമില്ലെന്നു വരനൊടു
ചൊല്ലുക ചെന്നു വനജനാഭൻ തുണയിന്നു (എന്തു)

ഇത്തരത്തിൽ ഒരു ഗാനം ഇതല്ലാതെ മലയാളഭാഷയിൽ മറെറാന്നുള്ളതായി എനിക്കറിവില്ല. വിദ്വാന്മാരായ ഗായകന്മാർ പല്ലവിസഞ്ചാരം പാടുമ്പോൾ നാം അനുഭവിക്കാറുള്ള ഒരു സുഖം ഈ ഗാനംകൊണ്ടു് ശ്രോതാവിനു് അനുഭൂതമാകുന്നതാണു്. ഏതായാലും സംഗീതത്തിൽ നമ്മുടെ കവി അസൂയാജനകമായ ഒരുന്നത

പദവിയെത്തന്നെ പ്രാപിച്ചിരുന്നു എന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇനിയും അനേകം ഗാനങ്ങൾ അദ്ദേഹത്തിന്റെ കൃതികളായി നമ്മുടെ ഭാഷയെ അലങ്കരിച്ചിട്ടുണ്ട്. അവയെല്ലാംതന്നെ കർണ്ണാനന്ദപ്രദങ്ങളുമാണു്. അവയിൽ ചിലതു് സുരതവർണ്ണനമായതുകൊണ്ടു് സഭ്യമല്ലെന്നു നമ്മുടെ വിദ്വാന്മാരിൽ ചിലർ ആക്ഷേപിക്കാൻ ഇടയുള്ളതിനാൽ ഇവിടെ ഉദ്ധരിക്കാൻ ധൈര്യപ്പെടുന്നില്ല. കേരളീയകവികളിൽ ഇരയിമ്മൻതമ്പിയെപ്പോലെ ലളിതപദങ്ങൾ പ്രയോഗിച്ചിട്ടുള്ളവർ വേറെയില്ല. അദ്ദേഹത്തിൻെറ കീർത്തി ആചന്ദ്രതാരം പരിലസിക്കട്ടെ.

ജി. രാമകൃഷ്ണപിള്ള

KOTTAYAM PUBLIC LIBRARY
KOTTAYAM.

കീചകവധം ആട്ടക്കഥ

വ്യാഖ്യാനം

ശ്ലോകം 1

ആസീദസീമഗുണവാരിനിധിര്യ്യശോഭി-
രാശാവകാശമനിശം വിശദം വിതന്വൻ
ബാഹാബലാനലഹുതാഹിതഭൂമിപാലോ
രാജാ വിരാട ഇതി വിശ്രുതനാമധേയഃ

അർത്ഥം

അസീമഗുണവാരിനിധിഃ—അസീമ—സീമയില്ലാത്ത. സീമ—അതിര്. അതിരില്ലാത്ത എന്നു സാരം. ഗുണവാരിനിധിഃ—ഗുണങ്ങളുടെ വാരിനിധി. വാരി—വെള്ളം. നിധിഃ—ഇരിപ്പിടം. സമുദ്രം എന്നു സാരം. ഗുണങ്ങളുടെ സമുദ്രമെന്നർത്ഥം. യശോഭിഃ—യശസ്സുകളാൽ. യശസ്സ്—കീർത്തി. കീർത്തികൾകൊണ്ടെന്നർത്ഥം. അനിശം—എല്ലായ്പോഴും. ആശാവകാശം—ആശകളുടെ, ദിക്കുകളുടെ അവകാശം—അന്തർഭാഗം. വിശദം വിതന്വൻ—നിർമ്മലമാക്കി ചെയ്തുകൊണ്ടിരിക്കുന്നവനും. ബാഹാബലാനലഹുതാഹിതഭൂമിപാലഃ—ബാഹാബലമാകുന്ന അനലങ്കൽ ഹുതന്മാരായ അഹിതഭൂമിപാലന്മാരോടുകൂടിയവനും. ബാഹാബലം—കയ്യൂക്ക്. അനലൻ—അഗ്നി. ഹുതന്മാർ—ഹോമിക്കപ്പെട്ടവർ. അഹിതഭൂമിപാലന്മാർ—ശത്രുരാജാക്കന്മാർ. (ശത്രുരാജാക്കന്മാരെയെല്ലാം തന്റെ കയ്യൂക്കാകുന്ന അഗ്നിയിൽ ഹോമിച്ചവനെന്നു സാരം.) വിരാട ഇതി വിശ്രുതനാമധേയഃ—വിരാടൻ എന്നിപ്രകാരം—വിശ്രുത—പ്രസിദ്ധമായ നാമധേയത്തോട്—പേരോടുകൂടിയവനും ആയ രാജാ—ആസീൽ—ഉണ്ടായി.

പദം

1) ഭൂമിപാലശിഖാമണി ഭൂമീധരധീരൻ
ശ്രീമാൻ മാത്സ്യമഹീപതി ധീമാൻ ധമ്മശീലൻ

2) ശൗര്യശാലികളാം മന്ത്രിവര്യന്മാരോടുംകൂടി
കാര്യചിന്തനവും ചെയ്തു വീര്യവാരിനിധി

3) പ്രാജ്യവിഭവങ്ങൾ തന്നാൽ രാജമാനമാകും
രാജ്യപാലനവും ചെയ്തു പൂജ്യപൂജാപരൻ

4) മല്ലമിഴിമാരാം നിജവല്ലഭമാരോടും
മല്ലബാണരൂപൻ പുരേ ഉല്ലാസേന വാണു

അത്ഥം

ഭൂമി...മണി—ഭൂമിപാലന്മാരുടെ—രാജാക്കന്മാരുടെ. ശിഖയിൽ—ശിരസ്സിൽ അണിയുന്ന മണി—രത്നമായുള്ളവൻ. ഭൂമീ...രൻ—ഭൂമീധരത്തേ—പവ്വതത്തേപ്പോലെ ധൈര്യത്തോടുകൂടിയവൻ. അതായതു് പവ്വതം എത്രത്തോളം ഉറപ്പുള്ളതോ അത്രത്തോളം ഉറപ്പുള്ള മനസ്സോടുകൂടിയവൻ എന്നു സാരം. ശ്രീമാൻ—ഐശ്വര്യമുള്ളവൻ. മാത്സ്യമഹീപതി—വിരാടരാജാവു്. വിരാടരാജ്യത്തിനു മാത്സ്യരാജ്യമെന്നും പേരുണ്ടു്. ധീമാൻ—ബുദ്ധിയുള്ളവൻ. ധീ—ബുദ്ധി. കാര്യചിന്തനം—കാര്യവിചാരം. പ്രാജ്യവിഭവങ്ങൾ—ശ്രേഷ്ഠങ്ങളായ വിഭവങ്ങൾ. പൂജ്യപൂജാപരൻ—പൂജ്യന്മാരെ—പൂജയ്ക്കു് അർഹതയുള്ളവരെ പൂജിക്കുന്നതിൽ താൽപര്യത്തോടുകൂടിയവൻ. മല്ലബാണരൂപൻ—കാമദേവനു തുല്യമായ രൂപത്തോടുകൂടിയവൻ, കാമസുന്ദരനെന്നു സാരം. മല്ലബാണൻ—മല്ലപ്പൂവാകുന്ന ബാണത്തോടുകൂടിയവൻ, കാമൻ.

ശ്ലോകം 2 തോടി—ചെമ്പട

മാകന്ദോല്ലരമഞ്ജരീമധുരധരീ-
മത്താന്യപുഷ്ടാംഗനാ-
ചഞ്ചൂദഞ്ചിതപഞ്ചമാഞ്ചിതതരേ
കേളീവനേ മോഹനേ

സ്വച്ഛന്ദം വിഹരൻ കദാചിദുദിതം
ദൃഷ്ട്വാ വിധോർമ്മണ്ഡലം
പ്രാവോചത് പ്രമദാകുലോ നരപതി-
ർന്നേദീയസീഃ പ്രേയസീഃ

അർത്ഥം

മാകന്ദോൽക്കരമഞ്ജരീ—മാകന്ദം—തേന്മാവ്. ഉൽക്കരം—കൂട്ടം. തേന്മാവിൻകൂട്ടം. അതുകളുടെ മഞ്ജരി—പൂങ്കുല. ആ പൂങ്കുലകളിലേ മധുഝരി—തേൻ ഒഴുക്ക്. ആ തേൻപ്രവാഹത്തെ പാനംചെയ്തു മത്തങ്ങളായ—മദിച്ച അന്യപുഷ്ടാംഗനകൾ—കുയിൽപ്പേടകൾ. കുയിലുകളെ വളർത്തുന്നതു കാക്കകളാകയാൽ അവയ്ക്ക് അന്യപുഷ്ടം, പരപുഷ്ടം എന്നിത്യാദി പേരുകളുണ്ട്. അവയുടെ ചഞ്ചൂദഞ്ചിതം—ചഞ്ചുക്കളിൽ—കൊക്കുകളിൽനിന്നും. ഉദഞ്ചിതം—പുറപ്പെട്ട. പഞ്ചമാഞ്ചിതതരേ—പഞ്ചമസ്വരത്താൽ അഞ്ചിതതരേ—ഏറ്റവും മനോഹരമായ. മോഹനേ കേളീവനേ—സുന്ദരമായ ഉദ്യാനത്തിൽ. കദാചിത് സ്വച്ഛന്ദം വിഹരൻ നരപതിഃ—കദാചിൽ—ഒരിക്കൽ. സ്വച്ഛന്ദം വിഹരൻ—സ്വൈരമാകുംവണ്ണം വിഹരിച്ചിരിക്കുന്നവനായ (കളിക്കുന്ന) നരപതിഃ—രാജാവ്. ഉദിതം വിധോർമ്മണ്ഡലം ദൃഷ്ട്വാ—ഉദിച്ച ചന്ദ്രമണ്ഡലത്തെ കണ്ടിട്ട്. വിധോഃ—വിധുവി(ചന്ദ്ര)ന്റെ. ദൃഷ്ട്വാ—കണ്ടിട്ട്. പ്രമദാകുലഃ—പ്രമദംകൊണ്ട് ആകുലനായിട്ട്. പ്രമദം—സന്തോഷം. ആകുലൻ—പരവശൻ. നേദീയസീഃ പ്രേയസീഃ പ്രാവോചൽ—നേദീയസികളായ പ്രേയസിമാരോടു പ്രവചിച്ചു. നേദീയസികൾ—സമീപത്തിരിക്കുന്ന. പ്രേയസികൾ—പ്രിയമാർ (ഭാര്യമാർ). പ്രവചിച്ചു—പറഞ്ഞു.

പദം

കാമിനിമാരേ കേൾപ്പിൻ നിങ്ങൾ മാമകം വചനം,
യാമിനീകരനിതാ വിലസുന്നാധികം കാമസിതാതപ-
വാരണംപോലെ

നല്ലൊരു വാപീകാമിനിമാരുടെ നളിനകരാഞ്ചല-
മതിലതി ചടുലം
മല്ലികാക്ഷാവലിയായീടുന്നൊരു മന്മഥചാമര-
ജാലം കാൺക

മലയസമീരണനായീടുന്നൊരു മത്തഭടൻ
പരിപാലിച്ചീടും
മലർശരൻ തന്നുടെ ശസ്ത്രനികേതം മന്യേ കുസുമിത-
മുദ്യാനമിദം

വാരണഗാമിനിമാരേ കാൺക വാസന്തീനടി-
നടനവിലാസം
മാരമഹോത്സവമാടീടുക നാം മന്ദാക്ഷം ഹൃദി
കരുതരുതധുനാ

അർത്ഥം

യാമിനീകരൻ—യാമിനി—രാത്രി. കരൻ—ചെയ്യുന്നവൻ. രാത്രികരൻ—ചന്ദ്രൻ. കാമ...പോലെ—കാമൻെറ, സിത—വെളുത്ത ആതപവാരണം—ആതപത്തേ—വെയിലിനെ. വാരണം—തടുക്കുന്നതു്. i.e. കുട. കാമൻെറ സിതാതപവാരണം—കാമദേവന്റെ വെൺകൊറ്റക്കുട. നല്ലൊരു വാപീ...കാൺക—നല്ലൊരു വാപീകാമിനിമാരുടെ—തടാകങ്ങളാകുന്ന കാമിനിമാരുടെ—സ്ത്രീകളുടെ. നളിന...മതിൽ—നളിനമാകുന്ന, താമരയാകുന്ന. കരങ്ങളുടെ—കൈകളുടെ. അഞ്ചലമതിൽ—അററത്തു്. അതിചടുലം—അധികം അഴകുള്ള. മല്ലികാക്ഷാവലിയായീടുന്നൊരു—മല്ലികാക്ഷാവലി— അരയന്നങ്ങളുടെ സമൂഹമാകുന്ന. മന്മഥചാമരജാലം—മന്മഥൻെറ—കാമദേവൻെറ ചാമരജാലം—വെഞ്ചാമരത്തിൻെറ കൂട്ടം.

മലയസമീരണൻ—മലയപർവ്വതത്തിലെ കാററു്. മലയപർവ്വതം ചന്ദനവൃക്ഷങ്ങൾക്കു കീർത്തിപ്പെട്ടതാണു്. അതുകൊണ്ടു് അവിടത്തെ കാററിനു സുഖം കൂടും. ശസ്ത്രനികേതം—ആയുധശാല. മന്യേ—ഞാൻ വിചാരിക്കുന്നു. കുസുമിതം ഇദം ഉദ്യാനം—പൂത്തിരിക്കുന്ന ഈ ഉദ്യാനത്തെ—പൂന്തോട്ടത്തെ.

വാസന്തീ...സം—വാസന്തിയാകുന്ന നടിയുടെ നടനവിലാസം. വാസന്തീ—മാധവീലത. നടി—നടിക്കുന്നവഠം. അവളുടെ നടനവിലാസം—നാട്യത്തിൻെറ ഭംഗി. വാരണഗാമിനി—വാരണത്തേ(ആനയേ)പ്പോലെ നടക്കുന്നവഠം. ആനയുടെ നടത്തയ്ക്ക് ഹൃദയാകർഷകമായ സൗന്ദര്യമാകുന്നു. കാമമഹോത്സവം—കാമകേളി. മന്ദാക്ഷം—ലജ്ജ. ഹൃദി—ഹൃദയത്തിൽ.

പദം എരിക്കിലകാമോദരി—ചമ്പ

1) വരഗുണനിധേ കാന്ത വചനമയി ശൃണു മേ
സ്മരനടനമാടുവാൻ സാംപ്രതം സാംപ്രതം

2) പരഭൃതവിലാസിനികഠം പതികളൊടുമൊന്നിച്ചു
പരിചിനൊടു സഹകാരപാദപേ വാഴുന്നു (വര)

3) അധരിതസുധാമധുരമാകുന്ന നിന്നുടയ
അധരമധുപാനമതിലാശ വളരുന്നു (വര)

4) മലയഗിരിപവനനിതാ മന്ദമായ് വീശുന്നു
കലയ പരിരംഭണം കനിവിനൊടു ഗാഢം (വര)

5) വിശദതരരുചിരുചിരവിധുശിലാതളിമമതിൽ
ശശിവദന പോക നാം സരഭസമിദാനീം (വര)

അൎത്ഥം

വര...നിധേ—ശ്രേഷ്ഠങ്ങളായ ഗുണങ്ങഠക്കിരിപ്പിടമായുള്ളവനേ. അയി—അല്ലയോ. മേ വചനം ശൃണു—മേ—എൻെറ. വചനം—വാക്കിനെ. ശൃണു—ശ്രവിച്ചാലും. സാംപ്രതം—ഇപ്പോഠം. സാംപ്രതം—പററിയ സമയം.

പര...കഠം—പരഭൃതം—കുയിൽ.വിലാസിനികഠം—സ്ത്രീകഠം. കുയിൽപ്പേടകളെന്നു സാരം. സഹകാരപാദപം—തേന്മാവ്. പാദപം—വൃക്ഷം.

അധരിതസുധാമധുരമാകുന്ന—അധരിതം—താഴ്ത്തപ്പെട്ട. സുധാമധുരം—സുധയുടെ—അമൃതത്തിൻെറ മാധുര്യത്തോടുകൂടിയതു്. അധരം—ചുണ്ടു്.

മലയഗിരി—മലയപൎവ്വതം (ചന്ദനമല). പവനൻ—വായു. ചന്ദനപൎവ്വതത്തിൽനിന്നു വീശുന്ന കാററ് എന്നൎത്ഥം. കലയ...ണം—പരിരംഭണം—ആലിംഗനം. കലയ—ചെയ്യാലും. ഗാഢം—മുറുകെ.

വിശദ...മതിൽ—വിശദതര—അധികം തെളിഞ്ഞ. രുചി—ശോഭ (കൊണ്ടു്) രുചിര—മനോഹരമായ. വിധുശിലാ—വിധു—ചന്ദ്രൻ. ശിലാ—കല്ലു്. ചന്ദ്രകാന്തക്കല്ലെന്നൎത്ഥം. തളിമം—കട്ടിൽ. നിൎമ്മലമായ ചന്ദ്രകാന്തക്കല്ലുകൾകൊണ്ടുണ്ടാക്കിയ കട്ടിലിൽ. സരഭസം—വേഗത്തിൽ. ഇദാനീം—ഇപ്പോൾ.

ശ്ലോകം 3 കല്യാണി—ചെമ്പട

തൽക്കാലേ ദ്യൂതവൃത്ത്യാ പ്രസഭമപഹൃതേ
ധാൎത്തരാഷ്ട്രൈഃ സ്വരാഷ്ട്രേ
കാന്താരാന്തേ കഥഞ്ചിൽ സഹ നിജസഹജൈഃ
കാന്തയാ ശാന്തയാ ച
നീത്വാഥ ദ്വാദശാബ്ദാൻ കലിതയതിവപുഃ
കൎത്തുമജ്ഞാതവാസം
മാത്സ്യസ്യാഭ്യൎണ്ണമഭ്യാഗമദമിതയശാ
ധൎമ്മജോ നിൎമ്മലാത്മാ

അൎത്ഥം

തൽക്കാലേ—അക്കാലത്തിൽ. ദ്യൂതവൃത്ത്യാ—ദ്യൂതകൎമ്മത്താൽ. ദ്യൂതം—ചൂതുകളി. ധാൎത്തരാഷ്ട്രൈഃ പ്രസഭം സ്വരാഷ്ട്രേ അപഹൃതേ—ധാൎത്തരാഷ്ട്രന്മാരാൽ—ധൃതരാഷ്ട്രപുത്രന്മാരാൽ. ദുൎയ്യോധനാദികളാലെന്നൎത്ഥം. പ്രസഭം—ബലേന. സ്വരാഷ്ട്രേ അപഹൃതേ—തന്റെ രാജ്യം പിടിച്ചുപറിക്കപ്പെട്ടപ്പോൾ. നിജസഹജൈഃ ശാന്തയാ കാന്തയാ ച സഹ—നിജ—തന്റെ, സഹജൈഃ—സഹോദരന്മാരോടും. ശാന്തയാ കാന്തയാ ച—ശാന്തശീലയായ ഭാൎയ്യയോടുംകൂടി. കാന്താരാന്തേ—കാട്ടിനുള്ളിൽ. ദ്വാദശാബ്ദാൻ—പന്ത്രണ്ടുവൎഷങ്ങളെ. കഥഞ്ചിൽ—വല്ലവിധവും. നീത്വാ—കഴിച്ചുകൂട്ടിയിട്ടു്. അഥ—അനന്തരം. അജ്ഞാതവാസം കൎത്തും—അജ്ഞാതവാസം ചെയ്യുന്നതിനായി. അജ്ഞാതവാസം—ആളറിയിക്കാതെയുള്ള വാസം. കലിതയതിവപുഃ—യതിവപുസ്സിനെ ധരിച്ചവനായ. (യതി—സന്ന്യാസി) അമിതയശാഃ നിൎമ്മ

ലാത്മാ ധമ്മജഃ—അമിതയശസ്സും നിമ്മലാത്മാവുമായ ധമ്മജൻ—അതിരുകവിഞ്ഞ കീത്തിയോടും പരിശുദ്ധഹൃദയത്തോടുംകൂടിയ ധമ്മപുത്രർ. മാത്സ്യ...ഗമത്—മാത്സ്യന്റെ—വിരാടരാജാവിന്റെ. അഭ്യർണ്ണം—സമീപത്തെ. അഭ്യാഗമൽ—അഭിഗമിച്ചു—പ്രാപിച്ചു.

ശ്ലോകം 4

ശാന്തം കമണ്ഡലുധരം കലിതത്രിദണ്ഡം
കാഷായചേലമളികോല്ലസദൂദ്ധ്വപുണ്ഡ്രം
ഭാന്തം സഭാന്തരഗതം സ നൃപോ നിതാന്തം
പ്രാഹ സ്മ.വിസ്മിതമനാ സ്മിതപൂവ്വമേവം

അത്ഥം

ശാന്തനും, കമണ്ഡലുധരനും—കയ്യിൽ കിണ്ടി ധരിച്ചവൻ; കലിതത്രിദണ്ഡനും—യോഗദണ്ഡത്തെ വഹിച്ചവൻ. കാഷായചേലനും—കാവിവസ്ത്രം ഉടുത്തവൻ. അളികോല്ലസദൂദ്ധ്വപുണ്ഡ്രനും—അളികത്തിൽ—നെററിമേൽ. ഉല്ലസത്—ശോഭിക്കുന്ന. ഊദ്ധ്വപുണ്ഡ്രം—ഗോപികുറി. ഭാന്തം—ശോഭിക്കുന്നവനും ആയി. സഭാന്തരഗതം—സഭയിൽ പ്രവേശിച്ച അദ്ദേഹത്തോട്. നിതാന്തം വിസ്മിതമനാഃ സ നൃപഃ—ഏററവും വിസ്മയംചേന്ന മനസ്സോടുകൂടിയ ആ രാജാവ്. സ്മിതപൂവ്വം—പുഞ്ചിരിച്ചുകൊണ്ട്. ഏവം—ഇപ്രകാരം. പ്രാഹ സ്മ—പറഞ്ഞു.

പദം

1) സ്വാഗതം തേ യതിവര ഭാഗവതോത്തമ ഭവാൻ
ആഗമിച്ചതോക്കിൽ മമ ഭാഗധേയമല്ലോ

2) സംഗഹീനന്മാരായുള്ള നിങ്ങളുടെ ദുർല്ലഭമാം
സംഗമംകൊണ്ടല്ലോ ലോകേ മംഗലം വന്നീടു

3) ഏതൊരു ദിക്കിനെ ഭവാൻ പാദരേണുപാതംകൊണ്ടു
പൂതയാക്കീടുവാനിന്നു ചേതസാ കാണുന്നു

4) എന്തൊരു കാംക്ഷിതംകൊണ്ടു നിന്തിരുവടി-
യിന്നെന്റെ
അന്തികേ വന്നതു ചൊൽക ശാന്തിവാരിരാശേ

അൎത്ഥം

യതിവര—സന്യാസിശ്രേഷ്ഠ! തേ സ്വാഗതം—അവിടത്തേക്കു സുഖമോ? ഭാഗവതോത്തമാ—ഭഗവൽഭക്തന്മാരിൽ ശ്രേഷ്ഠനായുള്ളോവേ. ഭാഗധേയം—ഭാഗ്യം. സംഗഹീനന്മാർ—യാതൊന്നിനോടും ബന്ധമില്ലാത്തവർ—ഒന്നിലും ആശയില്ലാത്തവർ. പാദരേണുപാതം—പാദരേണുവിന്റെ പാതം. പാദരേണു—കാൽപ്പൊടി. പാതം—വീഴ്ച. പൂതയാക്കീടുവാൻ—പരിശുദ്ധയാക്കുവാൻ. ചേതസാ കാണുന്നു—മനസ്സുകൊണ്ടു കാണുന്നു, വിചാരിക്കുന്നു. കാംക്ഷിതം—ആഗ്രഹം. ശാന്തിവാരിരാശേ—ശാന്തിക്കു സമുദ്രമായുള്ളോവേ.

പദം കാമോദരി—അടന്ത

1) ഭാഗ്യപൂരവസതേ ശൃണു മമ വാക്യമിന്നു നൃപതേ
ശ്ലാഘ്യതമ മഹീപാലകുലത്തിനു
യോഗ്യഗുണജലധേ ശുഭാകൃതേ

2) അക്ഷയകീൎത്തേ ഞാനക്ഷക്രീഡതന്നിൽ
അക്ഷമനായി മുന്നം പരപക്ഷജിതനായി
ഭിക്ഷുവായോരോരോ ദിക്കു നടന്നീടുന്നു
അക്ഷീണമോദേന നിന്നെ കണ്ടീടുവാൻ
ഇക്ഷണം അത്ര വന്നു മഹാമതേ (ഭാഗ്യ)

3) പങ്കജസംഭവശങ്കരാദികളുള്ള സങ്കടംതീൎത്തു കാമം
നൽകും
പങ്കജലോചനൻതൻ കൃപയാ ഗതശങ്കമഹം നികാമം
പങ്കഹരങ്ങളാം തീൎത്ഥങ്ങളാടിനേൻ
കങ്കനെന്നല്ലോ നാമം മമാധുനാ (ഭാഗ്യ)

4) സത്തമന്മാരിൽവച്ചുത്തമനാം നിൻെറ പത്തനം
തന്നിലഹം ചിരം
ചിത്തമോദത്തോടു വാണീടുവനതിനെത്രയുമുണ്ടു
മോഹം
നിസ്തുലസൗജന്യരാശേ നിനക്കിനി
സ്വസ്തിവരുമനഘമസംശയം (ഭാഗ്യ)

അൎത്ഥം

ഭാഗ്യപൂരവസതേ—പരിപൂൎണ്ണമായ ഭാഗ്യത്തിനിരിപ്പിടമായുള്ളവനേ. ശൃണു—ശ്രവിച്ചാലും, (കേട്ടാലും) ശ്ലാഘ്യതമ—ഏററവും ശ്ലാഘിക്കത്തക്ക യോഗ്യതയോടുകൂടിയവനേ. അക്ഷയകീൎത്തേ—ക്ഷയ(നാശ)മില്ലാത്ത കീൎത്തിയോടുകൂടിയവനേ. അക്ഷക്രീഡ—ചൂതുകളി. അക്ഷമൻ—ക്ഷമയില്ലാത്തവൻ. അതായതു് ചൂതുകളിയിലുള്ള ആഗ്രഹത്തേ തടുക്കാൻ ശക്തിയില്ലാത്തവനെന്നൎത്ഥം. പരപക്ഷജിതൻ—ശത്രുപക്ഷത്താൽ ജയിക്കപ്പെട്ടവൻ. ഭിക്ഷു—ഭിക്ഷയേററു നടക്കുന്നവൻ. ദിക്ഷു—ദിക്കുകളിൽ. അത്ര—ഇവിടെ. ഗതശങ്കം—ശങ്കകൂടാതെ. നികാമം—ഏററവും. പങ്കഹരങ്ങൾ—പാപത്തേ ഇല്ലാതാക്കുന്നവ. സത്തമൻ—ഏററം നല്ലവൻ. പത്തനം—ഗൃഹം. നിസ്തുലം—തുല്യമില്ലാത്ത. സ്വസ്തി—സുഖം. അനഘം—എന്നെന്നും.

ശ്ലോകം 5 പന്തുവരാളി—അടന്ത

ഏവം ധൎമ്മസുതേ സുഖം നരപതേ-
രദ്ധ്യാസനാദ്ധ്യാസിതേ
ഭീമാഖണ്ഡലസൂനുമാദ്രതനയാ-
പുത്രാശ്ച തത്രാഗമൻ
താൻ പൗരോഗവഷണ്ഡസാദിപശുപാ-
കാരാൻ നിരീക്ഷ്യാന്തികേ
ഗാഢാരൂഢകുതൂഹലാകുലമനാ
വാണീമഭാണീന്നൃപഃ

അത്ഥം

ഏവം—ഇപ്രകാരം. ധമ്മസു...സിതേ—ധമ്മസുതൻ—ധമ്മപുത്രൻ. സുഖം—സുഖമാകുംവണ്ണം. നരപതേഃ—നരപതി(രാജാ)യുടെ വിരാടരാജാവിൻെറ. അദ്ധാസനാദ്ധ്യാസിതേ—അദ്ധാസനത്തിൽ അദ്ധ്യാസിതനായിരിക്കുമ്പോഠം. അദ്ധാസനം—ആസനാദ്ധം—സിംഹാസനത്തിൽ പകുതിഭാഗം. അദ്ധ്യാസിതൻ—ഇരുന്നവൻ, രാജാവിനോടുകൂടി ഒരു സിംഹാസനത്തിൽ ഇരിപ്പുകൊടുക്കുന്നതു വലിയ ഒരു ബഹുമാനമാണ്. ഭീമ...ഗമൻ—ഭീമൻ. രണ്ടാമത്തേ പാണ്ഡവൻ. ആഖണ്ഡലസൂനു—ആഖണ്ഡലൻ—ദേവേന്ദ്രൻ. സൂനു—പുത്രൻ.(ഇന്ദ്രപുത്രനായഅജ്ജുനനെന്നത്ഥം.)മാദ്രതനയാപുത്രന്മാർ—മദ്രരാജപുത്രിയായ മാദ്രീദേവിയുടെ പുത്രന്മാർ—നകുലസഹദേവന്മാർ. തത്ര—അവിടെ. അഗമൻ—ഗമിച്ചു. പൗരോഗവഷണ്ഡസാദിപശുപാകാരാൻ താൻ അന്തികേ നിരീക്ഷ്യ—പൗരോഗവഷണ്ഡസാദിപശുപാകാരന്മാരായ അവരെ അന്തികേ നിരീക്ഷിച്ചിട്ട്. പൗരോഗവൻ—പാചകൻ. ഷണ്ഡൻ—നപുംസകൻ. സാദി—അശ്വപാലകൻ, പശുപൻ—പശു മേയ്ക്കുന്നവൻ. ആകാരം—ആകൃതി. അന്തികേ—അടുത്ത്. നിരീക്ഷ്യ—കണ്ടിട്ട്. ഗാഢാരൂഢകുതുഹലാകുലമനാഃ—ഗാഢാരൂഢകുതുഹലാകുലമനസ്സായ—തിങ്ങിക്കയറിയ സന്തോഷത്താൽ ആകുലമായ—പരവശമായ മനസ്സോടുകൂടി. നൃപഃ—രാജാവ് (വിരാടൻ). വാണീം—വാക്കിനെ. അഭാണീൽ—ഭണനംചെയ്തു, പറഞ്ഞു എന്നത്ഥം.

പദം

1) വീരരായീടുന്ന നിങ്ങഠം ആരഹോ ചൊല്ലുവിൻ മമ
ചാരവേ വന്നതിനെന്തു കാരണമെന്നതുമിപ്പോഠം

2) ഏതൊരു ദിക്കിൽനിന്നിങ്ങു സാദരം വന്നിതു നിങ്ങഠം
ചേതസി മോഹമെന്തെന്നു വീതശങ്കം ചൊല്ലീടുവിൻ

1) പാത്ഥിവേന്ദ്ര കേഠംക്ക പരമാത്ഥമിന്നു പറഞ്ഞീടാം
പാത്ഥപുരംതന്നിൽ മുന്നം പാത്തിരുന്നു ഞങ്ങളെല്ലാം

2) കുന്തീനന്ദനന്മാർകാട്ടിൽ ഹന്ത പോയശേഷം ഞങ്ങൾ
സ്വാന്തഖേദമോട്ടുംകൂടി അന്തികേ വന്നിതു തവ
സൂദനാകും വലലൻ ഞാൻ സ്വാദുഭോജ്യങ്ങളെ വച്ചു
സാദരം നൽകുവൻ തവ മോദമാശു വരുത്തുവൻ

മോഹനം—ചെമ്പട

നൃത്തഗീതാദികളിലിന്നെത്രയും കൗശലമുള്ള
നർത്തകിയാം ബൃഹന്നളാസത്തമ കേളഹമല്ലോ
രാജരാജവിഭവ ഹേ രാജശേഖര!

സുരുട്ടി

രാജവംശജനാം ധർമ്മരാജനന്ദനൻതന്നുടെ
വാജിപാലൻ ദാമഗ്രന്ഥി വ്യാജമല്ല ഞാനറിക

മദ്ധ്യമാവതി

ചണ്ഡബാഹുവീര്യന്മാരാം പാണ്ഡവന്മാരുടെ പശു-
മണ്ഡലപാലനം തന്നിൽ ശൗണ്ഡനഹം തന്ത്രിപാലൻ

അർത്ഥം

ചാരവേ—അടുത്തു്. ചേതസി—മനസ്സിൽ. വീതശങ്കം—സംശയംകൂടാതെ. പാർത്ഥിവേന്ദ്ര—രാജാക്കന്മാർക്കും രാജാവായുള്ളവനേ, പാർത്ഥപുരം—പാർത്ഥന്മാരുടെ പുരം. പാർത്ഥന്മാർ—പൃഥയുടെ പുത്രന്മാർ. പൃഥാ—കുന്തീദേവി. കുന്തീപുത്രന്മാരെന്നർത്ഥം. സ്വാന്തഖേദം—മനസ്താപം. സൂദൻ—അരിവെപ്പുകാരൻ. സ്വാദുഭോജ്യങ്ങൾ—രുചിയുള്ള ഭക്ഷണസാധനങ്ങൾ. കൗശലം—സാമർത്ഥ്യം. നർത്തകി—നൃത്തംചെയ്യുന്നവൾ. ഗീതം—പാട്ടു്. രാജരാജവിഭവ—രാജരാജനു തുല്യമായ വിഭവത്തോടുകൂടിയവനേ. രാജരാജൻ—വൈശ്രവണൻ. വിഭവം—ധനധാന്യാദിസമ്പത്തു്. രാജശേഖരൻ—രാജാക്കന്മാർക്കു ശിരോഭൂഷണമായുള്ളവൻ. രാജവംശജൻ—ചന്ദ്രവംശത്തിൽ ജനിച്ചവൻ. വാജിപാലൻ—കുതിരകളെ രക്ഷിക്കുന്നവൻ.

ദാമഗ്രന്ഥി—ദാമം—മാല. ഗ്രന്ഥി—കെട്ടുന്നവൻ. ശൗണ്ഡൻ—സമത്ഥൻ. ചണ്ഡബാഹുവീര്യന്മാർ—ഭയങ്കരമായ കയ്യൂക്കുള്ളവർ. തന്ത്രിപാലൻ—തന്ത്രി—വീണക്കമ്പി. വീണക്കമ്പി മീട്ടുവാൻ സമത്ഥനെന്നത്ഥം, സഹദേവൻ സവ്വവിദ്യകളിലും പണ്ഡിതനാണു്.

ശ്ലോകം 6 കാമോദരി—ചെമ്പട

ഇതി കുരുവൃഷഭേഷു പ്രാപ്തരൂപാന്തരേഷു
ക്ഷിതിരമണനിയുക്തസ്ഥാനധുര്യേഷു തേഷു
ദ്രുപദനൃപതിപുത്രീമാത്തസൈരന്ധ്രിരൂപാം
സ്വപുരമുപഗതാം താമേവമൂചേ സുദേഷ്ണാ

അത്ഥം

ഇതി—ഇപ്രകാരം. പ്രാപ്തരൂപാന്തരേഷു—മറെറാരു രൂപത്തെ പ്രാപിച്ചവർ. വേഷം മാറിയവരെന്നത്ഥം. തേഷു കുരുവൃഷഭേഷു—കുരുരാജാക്കന്മാരിൽവച്ചു ശ്രേഷ്ഠന്മാരായ അവർ. ഇവിടെ ധമ്മപുത്രാദികൾ. ക്ഷിതിരമണനിയുക്തസ്ഥാനധുര്യേഷു—ക്ഷിതിരമണനിയുക്തമായ അതതു സ്ഥാനത്തിൻെറ ഭാരവാഹികളായിത്തീന്നപ്പോൾ. ക്ഷിതിരമണൻ—രാജാവു്. (ഇവിടെ വിരാടരാജാവു്) ആത്തസൈരന്ധ്രിരൂപാം—ആത്തമായ സൈരന്ധ്രിരൂപത്തോടുകൂടിയവൾ. ആത്തം—സ്വീകരിക്കപ്പെട്ട. സൈരന്ധ്രി—രാജ്ഞീപരിചാരിക. സ്വപുരമുപഗതാം ദ്രുപദനൃപതിപുത്രീം—തൻെറ പുരത്തേ (വസതിയെ) ഉപഗമിച്ച—പ്രാപിച്ച. ദ്രുപ...പുത്രീം—ദ്രുപദരാജപുത്രിയായ പാഞ്ചാലിയോടു്. സുദേഷ്ണാ—വിരാടഭാര്യ. ഏവം—ഇപ്രകാരം. ഊചേ—പറഞ്ഞു.

പദം

1) ശശിമുഖി വരിക സുശീലേ മമ നിശമയ
ഗിരമയി ബാലേ

2) ഗജഗമനേ ചികാലാപേ—കച-
വിജിതകലാപികലാപേ

3) ആരഹോ നീ സുകപോലേ—സാക്ഷാൽ
ചാരുത വിലസുകപോലേ

4) ഇന്നിഹ നിന്നുടെ വേഷം—കണ്ടു
വന്നിതു ഹൃദി മമ തോഷം

5) ഇന്ദിരയോ രതിതാനോ—സുര
സുന്ദരികളിലാരാനോ

6) മന്മഥനും കണ്ടിടുന്നേരം
നിന്മലരടി പണിഞ്ഞീടും

7) കനിവോടുവദ പരമാൎത്ഥം—മമ
മനമിഹ കലയ കൃതാൎത്ഥം

KOTTAYAM PUBLIC LIBRARY
KOTTAYAM.

അൎത്ഥം

ശശിമുഖി—ചന്ദ്രമുഖി. നിശമയ—കേട്ടാലും. പികാലാപേ—കുയിൽമൊഴി. കച...കലാപേ—കചംകൊണ്ടു ജയിക്കപ്പെട്ട കലാപിയുടെ കലാപത്തോടുകൂടിയവളേ. കചം—തലമുടി. വിജിതം—ജയിക്കപ്പെട്ടതു്. കലാപി—മയിൽ. കലാപം—പീലി. മയിൽപ്പീലിയേ ജയിച്ച തലമുടിയോടുകൂടിയവളെന്നു സാരം. സുകപോലേ—നല്ല കപോലത്തോടുകൂടിയവളേ. കപോലം—കവിൾത്തടം, ചാരുത വിലസുകപോലെ—(മനോഹരത്വം) സൗന്ദര്യം വിളങ്ങുന്നതുപോലെ. മമ...കൃതാൎത്ഥം—മമ—എന്റെ. മനം ഇഹ—ഇതിൽ. കൃതാൎത്ഥം കലയ—കൃതാൎത്ഥമാക്കിച്ചെയ്താലും.

പദം മുഖാരി—അടന്ത

1) കേകയഭൂപതികന്യേ കേൾക്ക മേ ഗിരം
നാകനിതംബിനീകുലനന്ദനീയതരരൂപേ

2) പ്രാജ്ഞമാർമൗലിമാലികേ രാജ്ഞി ഞാനിന്ദ്ര-
പ്രസ്ഥത്തിൽ
യാജ്ഞസേനിതന്നുടയ ആജ്ഞാകാരിണി സൈരന്ധ്രി

3) നീലവേണീ എനിക്കിന്നു മാലിനിയെന്നല്ലോ നാമം
കാലഭേദംകൊണ്ടിവിടെ ചാലവേ വന്നിതു ഞാനും
(കേക)

4) ചിത്രതരമായീടുന്ന പത്രലേഖാദികളിൽ ഞാ-
നെത്രയും നിപുണ നിന്നോടത്ര കൂടി വാണീടുന്നോൻ

കാമോദരി

ആയതെനിക്കനുവാദം അതിനായതമിഴി ന വിവാദം

അത്ഥം

നാക...രൂപേ—നാകനിതംബിനീകുലത്താൽ നന്ദനീയതരമായ രൂപത്തോടുകൂടിയവളേ. നാകനിതംബിനീകുലം—ദേവസ്ത്രീകുലം. നാകം—സ്വർഗ്ഗം. നിതംബിനി—സ്ത്രീ. നന്ദനീയതരം—അധികം കൊണ്ടാടപ്പെടുന്ന. പ്രാജ്ഞ...മാലികേ—ബുദ്ധിമതികൾ മുടിയിൽ ചൂടുന്ന മാലയായിട്ടുള്ളവളേ. യാജ്ഞസേനി—യജ്ഞസേനനെന്നു പേരുള്ള പാഞ്ചാലരാജാവിൻെറ മകൾ. ആജ്ഞാകാരിണി—കല്പനയേ ചെയ്യുന്നവൾ. കിങ്കരിയെന്നത്ഥം. സൈരന്ധ്രി—സ്വേച്ഛപോലെ പരഗൃഹത്തിൽ പാൎത്തു് അവിടത്തേ സ്ത്രീകളെ അലങ്കരിപ്പിക്കുന്ന ഒരുവൾ. പത്രലേഖാദികൾ—പത്തിക്കീററു് എഴുതുക മുതലായവ. ആയതമിഴി—നീണ്ട കണ്ണോടുകൂടിയവളേ. ന വിവാദം—തൎക്കമില്ല.

ശ്ലോകം 7 കല്യാണി—ചമ്പ

ഏവം തേഷു സ്ഥിതേഷു കച്ചിദഥ സുമഹ-
ത്യുത്സവേ മാത്സ്യപൃഥ്വ്യാം
പ്രക്രാന്തേ മല്ലയുദ്ധേ കമപി പൃഥുബലം
പ്രാപ്തമാകണ്ണ്യ മല്ലം
തത്രത്യേ മല്ലലോകേ ഭയഭരതരളേ-
പ്യാസ്ഥിതോ മന്ത്രശാലാം
കങ്കോപേതഃ സശങ്കോ നരപതിരവദ-
ന്മന്ത്രിണം മന്ത്രവേദീ

അത്ഥം

തേഷു ഏവം സ്ഥിതേഷു—അവർ ഇങ്ങനെ ഇരിക്കുമ്പോരം. അനന്തരം...മാത്സ്യപുര്യാം—വിരാടപുരിയിൽ. സുമഹത്യുത്സവേ—വലുതായ ഒരു ഉത്സവത്തിൽ. ക്വചിൽ—ഒരിടത്തു്. മല്ലയുദ്ധേ പ്രക്രാന്തേ—മല്ലയുദ്ധം ആരംഭിച്ചപ്പോരം. പൃഥുബലം കമപി മല്ലം പ്രാപ്തം ആകണ്ണ്യ—പൃഥുബലനായ ഒരു മല്ലൻ പ്രാപ്തനായി എന്നു് ആകണ്ണനംചെയ്തിട്ടു്. പൃഥുബലൻ—വലിയ ശക്തിയുള്ളവൻ. കമപി മല്ലം—ഒരു മല്ലനെ. പ്രാപ്തൻ—പ്രാപിച്ചവൻ, വന്നവൻ. ആകണ്ണനംചെയ്തു—കേരംക്കുക. തത്രത്യേ മല്ലലോകേ—അവിടെയുള്ള മല്ലസംഘം. ഭയഭരതരളേ—വലിയ ഭയംനിമിത്തം ഇളകിവശായപ്പോരം. മന്ത്രശാലാം ആസ്ഥിതഃ മന്ത്രവേദീ കങ്കോപേതഃ നരപതിഃ സശങ്കഃ മന്ത്രിണം അവദൽ—മന്ത്രശാലയെ ആസ്ഥിതനായി മന്ത്രവേദിയായി കങ്കോപേതനായുള്ള നരപതി ശങ്കയോടുകൂടി മന്ത്രിയോടു വദിച്ചു. മന്ത്രശാല—ആലോചനസഭാമന്ദിരം. ആസ്ഥിതൻ—ഇരിക്കുന്നവൻ. മന്ത്രവേദി—ആലോചനാവിഷയങ്ങരം ഗ്രഹിച്ചവൻ. കങ്കോപേതഃ—കങ്കനോടുകൂടിയവൻ. നരപതിഃ—രാജാവു്. മന്ത്രിണം അവദൽ—മന്ത്രിയോടു പറഞ്ഞു.

പദം

1) സചിവവര ശൃണു വചനം സകലഗുണവസതേ
പ്രചുരസുഖമോടു മമ പ്രജകരം വാഴുന്നോ (സചി)

2) മല്ലവരനൊരുവനിഹ വന്നുപോലവനെ യുധി
വെല്ലുന്നതിന്നു ബത മേദിനിയിലൊരുവൻ
ഇല്ലെന്നു ചൊല്ലുന്നതിന്നു കേട്ടില്ലേ (സചി)

3) അത്ര വാഴുന്നതിലൊരുവൻ അവനെ വെല്ലായ്കിലുടൻ
എത്രയുമകീത്തിവരുമെന്നു ബോധിക്കണം
അത്രബലമുള്ളവനിങ്ങാരുള്ളു പറക നീ (സചി)

4) ശക്രസമവിഭവ ജയ സാംപ്രതം ധരണീന്ദ്ര
തചൽകൃപയുണ്ടെങ്കിലിഹ ദുഷ്കരമെന്തധുനാ

ഇക്കാലമിതിനൊരുവൻ ഇല്ലെന്നുവരുമോ
നൃപതിവര ശൃണു വചനം നീതിഗുണവസതേ

5) അലമലമിതിന്നു പുനരാധികൊണ്ടയി വീര
വലലനിതിനെത്രയും മതിയെന്നതറിക
ബലശാലികളിൽവച്ചു ബഹുമാന്യനല്ലോ (നൃപ)

6) പണ്ടു ധമ്മസുതസവിധേ പാക്കുന്ന കാലമിവൻ
കുന്റതയെന്നിയേ മല്ലകുലമനേകം ജയിച്ചാൻ
കണ്ടിരിക്കുന്നിവനുടയ കരബലമഹോ ഞാൻ

അത്ഥം

സചിവവര—മന്ത്രിശ്രേഷ്ഠാ. പ്രചുരസുഖമൊടു—അധികസുഖത്തോടെ. യുധി–യുദ്ധത്തിൽ. ശക്രസമവിഭവ—ശക്രനു സമമായ വിഭവത്തോടുകൂടിയവനേ. ശക്രൻ—ദേവേന്ദ്രൻ. വിഭവം—സമ്പത്തു്. ദുഷ്കരം—സാധിക്കാൻ പ്രയാസമായുള്ളതു്. അല...കൊണ്ടു്—ആധി കൊണ്ടു് ഇതിൽ പ്രയോജനമില്ല. ഇതിൽ ആധി വരേണ്ടതില്ല.

ശ്ലോകം 8 മധ്യമാവതി—ചെമ്പട

ആദിഷ്ടേഥ യുധിഷ്ഠിരേണ വലലേ
ഭൂയിഷ്ഠദോർവിക്രമേ
നേദിഷ്ഠേപി ച മുഷ്ടിയുദ്ധമഖിലേ
ദ്രഷ്ടും ജനേ ചാഗതേ
ഉൽഘുഷ്ടേ വിയദന്തരേ ഝടഝടേ-
ത്യത്യുച്ചതൂര്യസ്വനൈ-
ർമ്മല്ലേന്ദ്രഃ കൃതരംഗവന്ദനവിധി-
സ്സാടോപമൂചേ ഭൃശം

അത്ഥം

അഥ യുധിഷ്ഠിരേണ—അനന്തരം ധമ്മപുത്രരാൽ. ഭൂയിഷ്ഠദോർവിക്രമേ വലലേ—വലിയ കയ്യൂക്കോടുകൂടിയ വലലൻ. ആദിഷ്ടേ ച—ആദേശിക്കപ്പെട്ടിരിക്കുമ്പോൾ i.e. കല്പിക്കപ്പെട്ടിരിക്കു

മ്പോഠം. മുഷ്ടിയുദ്ധം ദ്രഷ്ടും—മുഷ്ടിയുദ്ധം കാണുന്നതിന്ന്. അഖില...ദിഷ്ലേ—അഖിലയാളുകളും വന്നു സമീപത്തിരിക്കുമ്പോഠം. ഝട ഝട ഇതി—ഝട ഝട എന്നിപ്രകാരം. അത്യുച്ചതൂര്യസ്വനൈഃ—അത്യുച്ചമായ പെരുമ്പറയുടെ ശബ്ദങ്ങളാൽ. വിയദന്തരേ ഉൽഘുഷ്ടേ—വിയദന്തരം ഉൽഘുഷ്ടമായിരിക്കുമ്പോഠം—ആകാശമണ്ഡലം ശബ്ദായമാനമായിരിക്കുമ്പോഠം. കൃതരംഗവന്ദനവിധിഃ മല്ലേന്ദ്രഃ ഭൃശം സാടോപം ഊചേ—മല്ലരംഗത്തെ വന്ദിക്കുന്ന ചടങ്ങിനെ നിർവ്വഹിച്ചവനായിട്ട് മല്ലശ്രേഷ്ഠൻ ഏററവും ഗൗരവത്തോടെ പറഞ്ഞു.

പദം

ആരൊരു പുരുഷനഹോ എന്നോടു നേർപ്പാൻ
ആരൊരു പുരുഷനഹോ!
പാരിലൊരുവനതിശ്ശൂരനുണ്ടെങ്കിലിപ്പോഠം
നേരിടേണമിഹ പോരിൽ വന്നു മമ
നിയുദ്ധമതിൽ വിദഗ്ദ്ധതകളറിവതിന്നു (ആരൊ)

അൎത്ഥം

നിയുദ്ധം—മുഷ്ടിയുദ്ധം. വിദഗ്ദ്ധത—സാമൎത്ഥ്യം.

2) പടയ്ക്കു നമുക്കൊരു മിടുക്കുണ്ടെന്നു ബത
നടിക്കുന്നുണ്ടു ചിലർ വൃഥാവലേ
അടുക്കിലുടനുടൽ നടുക്കമെനവധി
പിടിക്കുമവൎക്കിഹ യഥാവലേ
മിടുക്കില്ലാത്തവനെ തടുക്കുന്നതിനിന്നു
മടിക്കുന്നിതു മനം നമുക്കഹോ
മല്ലയുദ്ധംതന്നിലെന്നോടിന്നു
തുല്യനായൊരുവൻ വന്നീടുകിൽ
തെല്ലുമിങ്ങു തടവില്ലവന്റെ മദമടക്കിലഘു മട
ക്കുമഹമധിരണം. (ആരൊ)

അത്ഥം

വൃഥാവലേ—വെറുതെ. യഥാവലെ—മുറപോലെ. ലഘു—വേഗത്തിൽ. അധിരണം—യുദ്ധത്തിൽ.

3) സമത്ഥനെന്നൊരു വികത്ഥനം തവ
കിമത്ഥമിങ്ങനെ ജളപ്രഭോ
തിമത്ത മദഭരമെതിത്തിടുകിലഹ-
മമത്തിടുവനരക്ഷണത്തിനാൽ
ത്വമത്ര വിരവൊടു വികത്തനാത്മജ-
പുരത്തിലതിഥിയായ് ഭവിച്ചുടൻ
യുദ്ധകൗശലമിതെല്ലാം മമ-
ബദ്ധമോദമങ്ങു ചൊല്ലിടെടാ
ക്രുദ്ധനാകൊല്ല നീ യുദ്ധമാശു ചെയ്തു
കരത്തിനുടെ കരുത്തറിക പരിചിനോടു (ആരൊ)

അത്ഥം

വികത്ഥനം—വീൺവാക്ക്. കിമത്ഥം—എന്തിനായിട്ട്. ത്വം— നീ. അത്ര—ഇവിടെ. വികത്തനാത്മജപുരം—വികത്തനാത്മജൻെറ—സൂര്യപുത്രൻെറ—കാലൻെറ പുരം—വീട്.

4) ചൊടിച്ചുനിന്നു പാരം കുരച്ചിടും കുക്കുരം
കടിച്ചിടുകയില്ലെന്നാസംശയം
മടിച്ചിടേണ്ട നമ്മെജ്ജയിച്ചുകൊള്ളാമെന്നു
കൊതിച്ചിടുന്നെങ്കിൽ വന്നാടുക നീ
അടിച്ചു വിരവൊടു തടിച്ച നിൻെറയുടൽ
പൊടിച്ചിടുവനെന്നു ധരിക്കണം.
വാടാ വാടാ രംഗമദ്ധ്യേ എൻെറ
പാടവങ്ങൾ കാൺക യുദ്ധേ ഉള്ളിൽ
പേടിയെങ്കിൽ നീയുമോടിടാതെ കാലിൽ
പിടിച്ചു വിദ്യ പഠിച്ചുകൊൾക രണമതിൽ (ആരൊ)

അത്ഥം

കുക്കുരം—പട്ടി.

5) കരിപ്രകരമദഭരപ്രശമപടു-
കരപ്രഹരമറിഞ്ഞിടാതെ പോയ്
ഹരിപ്രവരൻതന്നെ വനപ്രദേശംതന്നിൽ
ഖരഃ പ്രധനത്തിനു വിളിക്കുംപോൽ
കരപ്രതാപം മമ ജഗൽപ്രസിദ്ധം മറ-
ന്നുരുപ്രതിഘമൊട്ടുമെതിർക്കിലോ
മുഷ്ടികൊണ്ടു നിൻെറ ഗാത്രം പരി-
പിഷ്ടമാക്കി ക്ഷണമാത്രംകൊണ്ടു
വിഷ്ടപേഷു കീർത്തിപുഷ്ടിചേർത്തു നൃപവധൂടി
പ്രമദമതിപ്രചുരം വരുത്തുവൻ (ആരെ൦)

അർത്ഥം

കരിപ്രകരം—ആനകളുടെ കൂട്ടം. മദഭരപ്രശമപടു—മദഭരത്തെ (വലിയ മദത്തെ) പ്രശമപടു—ശമിപ്പിക്കാൻ സാമർത്ഥ്യമുള്ള. കര പ്രഹരം—കരം (കയ്യ്)കൊണ്ടുള്ള പ്രഹരം—അടി. ഹരിപ്രവരൻ—സിംഹശ്രേഷ്ഠൻ. ഖരം—കഴുത. പ്രധനത്തിനു—യുദ്ധത്തിനു വിളി ക്കുന്നതുപോലെ. ഉരുപ്രതിഘം—വലിയ കോപം. പരിപിഷ്ടമാ ക്കി—നല്ലപോലെ മർദ്ദിച്ച്. വിഷ്ടപേഷു—ലോകങ്ങളിൽ. പ്രമ ദം—സന്തോഷം. അതിപ്രചുരം—വളരെ അധികം.

ശ്ലോകം 9

മിത്രപുത്രസഹിതഃ പുനരേകഃ
ശത്രുരസ്തി ഭുവി മാസ്തു തഥാന്യഃ
ഇത്ഥമേവ കിമമുത്ര ച മല്ലം
• മിത്രപുത്രസഹിതം വിദധേ സഃ

അർത്ഥം

ഏകഃ ശത്രുഃ പുനഃ—ഒരു ശത്രുവാകട്ടെ (ഇവിടെ ദുര്യോധനനെ കുറിക്കുന്നു.) ഭുവി—ഭുവിൽ. മിത്രപുത്രസഹിതഃ അസ്തി—മിത്രപുത്ര ന്മാരോടുകൂടിയവനായി ഭവിക്കുന്നു. (ബന്ധുക്കളോടും പുത്രന്മാരോ ടും കൂടിയവൻ) സൂര്യപുത്രനായ കർണ്ണനോടുകൂടിയവനെന്നും മറെറാ

രത്ഥം. തഥാ അന്യഃ മാസ്തു—അതുപോലെ അന്യൻ ഭവിക്കരുതു്. ഇത്ഥമേവ—ഇപ്രകാരം ചിന്തിച്ചിട്ടുതന്നെ. സഃ—അവൻ (ഭീമസേനൻ). അമുത്ര—പരലോകത്തേക്കു്. മല്ലം ച—മല്ലനേയും. മിത്രപുത്രസഹിതം—മിത്രപുത്രനോടു കൂടിയവനാക്കി. വിദധേ കിം—ചെയ്തുവോ. മിത്രപുത്രൻ—ആദിത്യപുത്രൻ. (യമൻ)

ഈ പദ്യം ഒരു ശ്ലേഷച്ഛായയുള്ളതാകുന്നു. മിത്രപുത്രപദത്തിലത്രേ ഈ ശ്ലേഷം സ്ഥിതിചെയ്യുന്നതു്.

സാരം

എനിക്കു മിത്രപുത്രസഹിതനായ, അതായതു് ബന്ധുപുത്രാദികളോടുകൂടിയ (സൂര്യപുത്രനായ കർണ്ണനോടുകൂടിയവനെന്നും) ഒരു ശത്രു ലോകത്തിലുണ്ടു്. അതുപോലെ ഇനിയും വേറൊരുത്തൻ പാടില്ല. എന്നു വിചാരിച്ചിട്ടായിരിക്കുമോ ഭീമസേനൻ മല്ലനെ പരലോകത്തിൽ കാലനോടുകൂടി ചേർത്തതു്.

ശ്ലോകം 10 പാടി—ചെമ്പട

വിലോചനാസേചനകാംഗസൗഷ്ഠവാം
വിലോക്യ പാഞ്ചാലനരേന്ദ്രനന്ദിനീം
വിരാടപത്നീസഹജോ മഹാബലഃ
സ്മരാതുരോ വാചമുവാച കീചകഃ

അർത്ഥം

വിലോച......ഷ്ഠവാം—വിലോചനാസേചനകാംഗസൗഷ്ഠവയായ. വിലോചനാസേചനകം—കണ്ണുകൾക്കു് ആസേചനകം. ആസേചനകം—കണ്ടാലും കണ്ടാലും തൃപ്തിവരാത്ത. അംഗസൗഷ്ഠവം—അംഗലാവണ്യം (ദേഹസൗന്ദര്യം). പാഞ്ചാലനരേന്ദ്രനന്ദിനീം—പാഞ്ചാലനരേന്ദ്രന്റെ നന്ദിനിയെ, പാഞ്ചാലരാജപുത്രിയായ പാഞ്ചാലിയെ എന്നു സാരം. വിലോക്യ—കണ്ടിട്ടു്. വിരാട...കീചകഃ—വിരാടപത്നീസഹജനും മഹാബലശാലിയും ആയ കീചകൻ. വിരാടപത്നി—വിരാടരാജാവിന്റെ ഭാര്യ. സഹജൻ—സഹോദരൻ. സ്മരാതുരഃ—കാമാർത്തനായിട്ടു്. വാചമുവാച—വാചം—വാക്കിനെ ഉവാച—പറഞ്ഞു.

യാതൊരു വിശേഷാശയവുമില്ലെങ്കിലും സഹൃദയഹൃദയത്തെ ഹഠാദാകർഷിക്കുന്ന ഒരു പദ്യമാണിതു്.

പദം

മാലിനീ രുചിരഗുണശാലിനീ കേൾക്ക നീ
മാലിനിമേൽ വരാ തവ മാനിനിമാർമൗലേ

1) തണ്ടാർശരശരനിര കൊണ്ടുകൊണ്ടു മമ
കൊണ്ടൽവേണീ മനതാരിലിണ്ടൽ വളരുന്നു

2) മല്ലീശരവില്ലിനോടു മല്ലിടുന്ന നിന്റെ
ചില്ലീയുഗംകൊണ്ടിന്നെന്നെ തല്ലീടായ്ക ധന്യേ

3) കുംഭികുംഭം തൊഴും കുചകുംഭയുഗംതന്നിൽ
അമ്പോടു ചേർത്തുകൊൾക മാം രംഭോരു വൈകാതേ

4) പല്ലവാംഗി നീയിങ്ങനെ അല്ലൽതേടീടാതെ
മല്ലികാക്ഷഗതേ മമ വല്ലഭയായ് വാഴ്ക

അർത്ഥം

മാലിനീ രുചിരഗുണശാലിനീ—രുചിരമായ, മനോഹരമായ. ഗുണശാലിനി—ഗുണത്തോടുകൂടിയ. മാലിനീ—അല്ലയോ മാലിനീ. വിരാടരാജധാനിയിൽ സൈരന്ധ്രിയായി പാർക്കുമ്പോൾ 'മാലിനി' എന്ന പേർകൊണ്ടാണു് പാഞ്ചാലി അറിയപ്പെട്ടിരുന്നതു് മാൽ ഇനിമേൽ വരാ തവ—തവ—നിനക്കു്. ഇനിമേൽ മാലു്—വ്യസനം. വരാ—വരികയില്ല.

തണ്ടാർ...നിര—കാമദേവന്റെ അമ്പിൻകൂട്ടം. കുംഭികുംഭം—ആനയുടെ മസ്തകം. രംഭോരു—രംഭ (വാഴ)യേപ്പോലെയുള്ള ഊരുവുള്ളവൾ, ഊരു—തുട. പല്ലവാംഗി—തളിരുപോലെ മൃദുവായ ശരീരത്തോടുകൂടിയവൾ. മല്ലി...ഗതേ—മല്ലികാക്ഷത്തെ (അരയന്നത്തെ)പ്പോലുള്ള ഗതി—നടപ്പോടുകൂടിയവൾ.

പദം വേകട—ചെമ്പട

സാദരം നീ ചൊന്നൊരു മൊഴിയിതു
സാധുവല്ല കുമതേ

ഖേദമതിന്നുടയ വിവരമ്'തറിക നീ
കേവലം പരനാരിയിൽ മോഹം (സാദ)

പണ്ടു ജനകജതന്നെക്കണ്ടു കാമിച്ചൊരു ദശ-
കണ്ഠനവളെയുംകൊണ്ടു ഗമിച്ചു
രാമൻ ചതികൾ ഗ്രഹിച്ചു—ചാപം ധരിച്ചു—
ജലധി തരിച്ചു ജവമോടവനേ ഹനിച്ചു (സാദ)

വഞ്ചനയല്ലിന്നു മമ പഞ്ചബാണസമന്മാരാ-
യഞ്ചുഗന്ധർവ്വന്മാരുണ്ടുപതികൾ പാരംകുശലമതികൾ
ഗൂഢഗതികൾ കളക കൊതികൾ
കരുതിടേണ്ട ചതികൾ (സാദ)

ദുർന്നയനായീടുന്ന നീയെന്നോടിന്നു ചൊന്നതവർ
തന്നിലൊരുവനെന്നാലും ധരിച്ചെന്നാകിൽ
കലുഷമുറയ്ക്കും കരുണ കുറയ്ക്കും കലശൽ ഭവിക്കും
കാൺക നിന്നെ വധിക്കും

സാദരം—ബഹുമാനത്തോടുകൂടി. സാധുവല്ല—നല്ലതല്ല. കുമതേ—ദുർബുദ്ധിയായുള്ളവനേ. ഖേദ...മോഹം—പരസ്ത്രീയിലുള്ള ആഗ്രഹം ദുഃഖത്തിൻെറ പ്രവേശനദ്വാരമാകുന്നു. വിവരം—ദ്വാരം. കേവലം—നിശ്ചയമായി. ജനകജ—ജനകൻെറ മകൾ—സീതാദേവി. ദശകണ്ഠൻ—പത്തുകഴുത്തൻ—രാവണൻ. ചാപം—വില്ല്. ജലധി തരിച്ചു—സമുദ്രം കടന്നു. ജവമൊടു—വേഗത്തിൽ. കുശലമതികൾ—മംഗളകരമായ ബുദ്ധിയോടുകൂടിയവർ. ഗൂഢഗതികൾ—ആരുടെ കണ്ണിലും പെടാതെ സഞ്ചരിപ്പാൻ ശക്തിയുള്ളവർ. ദുർന്നയൻ—ദുഷിച്ച നയത്തോടുകൂടിയവൻ.

ശ്ലോകം 11 മാരധനാശി—അടന്ത

കൃശോദരീം താമിതി ഭാഷമാണാം
സ്വസോദരീശാസനതോ വിധേയാം
വിധാതുകാമോ വിഗതത്രപോസൗ
ജഗാദ താം സൂതസുതഃ സുദേഷ്ണാം

34418

അത്ഥം

ഇതി ഭാഷമാണാം താം കൃശോദരീം—ഇപ്രകാരം പറയുന്ന ആ കൃശാംഗിയെ. സ്വസോദരീശാസനതഃ—തന്റെ സഹോദരിയുടെ ശാസനത്താൽ. വിധേയാം വിധാതുകാമഃ—അനുകൂലയാക്കിച്ചെയ്‌വാൻ ആഗ്രഹത്തോടുകൂടിയവനായിട്ട്. അസൗ സൂതസുതഃ—ഈ സൂതസുതൻ. (കീചകൻ) വിഗതത്രപഃ—ലജ്ജയസ്തമിച്ചവനായി. താം സുദേഷ്ണാം ജഗാദ—ആ സുദേഷ്ണയോടു പറഞ്ഞു.

പദം

സോദരീ രാജ്ഞീമൗലിമാലികേ താവകം
പാദപങ്കജമിതാ വണങ്ങുന്നേൻ
സുന്ദരീമണിയാകും മാലിനീമൂലമായി
കന്ദർപ്പനാലേ ഞാനോ ജിതനായി
പലനാളുമഭിലാഷം പറഞ്ഞിട്ടുമവൾമനം
ശിലപോലെ മഹാരൂക്ഷം ശിവശിവ

അത്ഥം

ജിതൻ—ജയിക്കപ്പെട്ടവൻ. അഭിലാഷം—ആഗ്രഹം. മഹാരൂക്ഷം—വലിയ കഠിനം.

പദം ഏരിക്കിലക്കാമോദരി—അടന്ത

സോദര ശൃണു മമ വചനം
മേദുരഗുണനയവേദികളുടെ മൗലേ
നല്ലതിനല്ല നീതാൻ തുടങ്ങുന്നു ധരിച്ചാലും
നിർല്ലജ്ജനായിട്ടേവം ചൊല്ലായ്ക്ക മഹാമതേ (സോ)
ഗന്ധർവ്വന്മാരഞ്ചുപേരവളുടെ രമണന്മാർ
അന്ധതപംകൊണ്ടു നീയുമനത്ഥങ്ങൾ വരുത്തൊല്ലാ (സോ)
ദന്ദശൂകങ്ങളുടെ വൃന്ദവേഷ്ടിതയാകും
ചന്ദനവല്ലിപോലിസ്സുന്ദരിയറിഞ്ഞാലും (സോ)

31418

അഞ്ചു ഗന്ധർവ്വന്മാരേ ജയിപ്പാൻ പോരുമേകൻ ഞാൻ
പഞ്ചബാണനേ വെൽവാനെളുതല്ലേ
എന്നാൽ ഞാനൊരുദിനമവളേ വല്ലവിധവും
നിന്നുടെ പുരംതന്നിലയച്ചീടാം ഗമിച്ചാലും (സോ)

അർത്ഥം

മേദുരഗുണനയവേദികളുടെ മൗലേ—വിശിഷ്ടഗുണങ്ങളെയും നയങ്ങളെയും അറിഞ്ഞവരിൽ അഗ്രഗണ്യനായുള്ളവനേ. അന്ധതാം—അറിവില്ലായ്മ. ദന്ദശൂകങ്ങൾ—സർപ്പങ്ങൾ. വേഷ്ടിതയാകും—ചുററപ്പെട്ട. ചന്ദനവല്ലി—ചന്ദനവള്ളി.

ഈ സുന്ദരി, മാലിനി. സർപ്പങ്ങളാൽ ചുററപ്പെട്ട ചന്ദനവള്ളി പോലെയാണു്.

ശ്ലോകം 12

അഭ്യർത്ഥിതാ തേന മുഹുഃ സുദേഷ്ണാ
കൃഷ്ണാം കദാചിന്മധുയാചനാർത്ഥം
സമീപമാത്മീയസഹോദരസ്യ
നിനീഷുരേഷാ മധുരം ബഭാഷേ

അർത്ഥം

അവനാൽ പിന്നെയും പിന്നെയും അഭ്യർത്ഥിതയായ (യാചിക്കപ്പെട്ടവൾ) സുദേഷ്ണാ. കദാചിൽ—ഒരിക്കൽ. മധുയാചനാർത്ഥം—മധുയാചനത്തിനായിട്ടു്. മധു—മദ്യം. കൃഷ്ണയേ—പാഞ്ചാലിയേ. ആത്മീയസഹോദരസ്യ—തൻെറ സഹോദരൻെറ. സമീപത്തേ നിനീഷു—അയയ്ക്കാൻ ആഗ്രഹിക്കുന്നവൾ ആയിട്ടു് മധുരമാകുംവണ്ണം പറഞ്ഞു.

പദം

മാനിനിമാർ മൗലിമണേ മാലിനി നീ വരികരികിൽ
ആനനനിന്ദിതചന്ദ്രേ അയി സഖി നീ ശൃണു വചനം
പരിചൊടു നീ മമ സവിധേ പകലിരവും വാഴുകയാൽ
ഒരുദിവസം ക്ഷണമതുപോലുരുസുഖമേ തീർന്നിതു മേ

ഇന്നിഹ ഞാനൊരുകാര്യം ഹിതമോടു ചൊല്ലിടുന്നേൻ
ഖിന്നതയിങ്ങതിനേതും കിളിമൊഴി നീ കരുതരുതേ
സോദരമന്ദിരമതിൽ നീ സുഭഗതരേ ചെന്നധുനാ
ഓദനവും മധുവുംകൊണ്ടുദിതമുദാ വരിക ജവാൽ

അൎത്ഥം

ആനന...ചന്ദ്രേ—ആനനം (മുഖം)കൊണ്ടു് നിന്ദിക്കപ്പെട്ട ചന്ദ്രനോടുകൂടിയവളേ. ചന്ദ്രനെ വെല്ലുന്ന മുഖമുള്ളവളേ എന്നൎത്ഥം. മമ സവിധേ—എന്റെ അടുത്തു്. ഒരു...പോൽ—ഒരുദിവസം ഒരു നിമിഷംപോലെ. ഉരുസുഖമേ—വലിയ സുഖത്തോടുകൂടി. സുഭഗതരേ—അതിസൗന്ദര്യമുള്ളവളേ. ഓദനം—ചോറു്. ഉദിതമുദാ—സന്തോഷത്തോടെ.

ദണ്ഡകം

ക്ഷോണീന്ദ്രപത്നിയുടെ വാണീം നിശമ്യ പുനരേണീവിലോചന നടുങ്ങീ—മിഴിയിണ കലങ്ങീ—വിവശതയിൽ മുങ്ങീ—പല തടവുമതിനു പുനരവളൊടു പറഞ്ഞളവു പരുഷമൊഴി കേട്ടടനടങ്ങീ.

ദാസ്യം സമസ്തജനഹാസ്യം നിനച്ചു നിജമാസ്യം നമിച്ചു പുനരേഷാ—വിജിതസുരയോഷാ—വിഗതപരിതോഷാ—ശ്രമസലിലബഹുലതരനയനജലമതിലുടനെ മുഴുകി ബത മലിനതരവേഷാ.

ഗാത്രം വിറച്ചിതതിമാത്രം കരത്തിലഥ പാത്രംധരിച്ചവിടെ നിന്നു—പരിചൊടു നടന്നു—പഥി കിമപി നിന്നു—ഹരിണരിപുവരസഹിതദരിയിലിഹ പോകുമൊരു ഹരിണിയുടെ വിവശതകലർന്നു.

നിശ്വസ്യ ദീർഘമഥ വിശ്വസ്യ നാഥമപി വിശ്വസ്യ ചേതസി സുജാതാ—ധൃതിരഹിതചേതാ—ധൃതപുളകജാതാ—സൂതസുതനുടെ മണിനികേതമതിലവൾ ചെന്നു ഭീതിപരിതാപപരിഭൂതാ.

അൎത്ഥം

ക്ഷോണീന്ദ്രപത്നി—വിരാടരാജാവിൻെറ ഭാൎയ്യ, സുദേഷ്ണ. വാണി—വാക്കു്. നിശമ്യ—കേട്ടിട്ടു്. ഏണീവിലോചന—പെൺമാനിൻെറ കണ്ണിനൊത്ത കണ്ണോടുകൂടിയവഠം. വിവശത—പാരവശ്യം. ദാസ്യം സമസ്തജനഹാസ്യം—സകല ജനങ്ങഠംക്കും ഹാസ്യമായുള്ള ദാസവേല. നിജം ആസ്യം—തൻെറ മുഖം. ഏഷാ—ഇവഠം. വിജിതസുരയോഷാ—വിജിതകഠം (ജയിക്കപ്പെട്ടവരായ) സുരയോഷമാരോടു—ദേവസ്ത്രീകളോടുകൂടിയവഠം. സൗന്ദൎയ്യത്തിൽ ദേവസ്ത്രീകളെ ജയിച്ചവഠം എന്നു സാരം. വിഗതപരിതോഷാ—പരിതോഷം—സന്തോഷം. വിഗതമായവഠം—ഇല്ലാതായവഠം. ശ്രമ... ജലം—വിയൎപ്പുകൊണ്ടു വൎദ്ധിച്ച കണ്ണുനീരു്. മുഴകി—മുങ്ങി. മലിനതരം—അധികം അഴുക്കായ. അതിമാത്രം—അധികം. പഥി—വഴിയിൽ. കിമപി—കുറച്ചു്. ഹരിണ...ദരി—സിംഹശ്രേഷ്ഠനോടു കൂടിയ. ദരി—ഗുഹ. ഹരിണം—മാൻ. അതിൻെറ രിപു—ശത്രു, സിംഹം. ഹരിണി—പെൺമാൻ. നിശ്വസ്യ ദീൎഘം—ദീൎഘമായി നിശ്വസിച്ചിട്ടു്—നെടുവീൎപ്പിട്ടുകൊണ്ടു്. വിശ്വസ്യ നാഥമപി—ലോകനാഥനെയും വിശ്വസ്യ—വിശ്വസിച്ചിട്ടു്. ചേതസി—മനസ്സിൽ. സുജാതാ—നല്ല ജനനത്തോടുകൂടിയവഠം. ധൃതപുളകജാതാ—പുളകജാതത്തെ ധരിച്ചവഠം. പുളകജാതം—രോമാഞ്ചസമൂഹം. മണിനികേതം—മണിമന്ദിരം.

ശ്ലോകം 13 കാമോദരി—ചെമ്പട

സഭാജനവിലോചനൈസ്സമനിപീതരൂപാമൃതാം
സഭാജനകരാംബുജാം സവിധമാഗതാം പാൎഷതീം
സഭാജനപുരസ്സരം സമുപസൃത്യ സൂതാത്മജഃ
സ ഭാജനമഥോ മുദാം സരസമേവമൂചേ വചഃ

അൎത്ഥം

അഥ മുദാം ഭാജനം സ സൂതാത്മജഃ—അനന്തരം മുത്തുകഠംക്കു് ഭാജനമായ ആ സൂതാത്മജൻ (കീചകൻ). സഭാജനവിലോചനൈഃ—സഭാജനവിലോചനങ്ങളാൽ (സഭ്യന്മാരായ ആളുകളുടെ കണ്ണുകളാൽ. സമനിപീതരൂപാമൃതാം—ഒരുപോലെ നിപീതമായ

(പാനംചെയ്യപ്പെട്ട) സൗന്ദര്യാമൃതത്തോടുകൂടിയവളും. സഭാ...ജാം— ഭാജനം (പാത്രം) ധരിച്ച കൈത്താരോടുകൂടിയവളും. സവിധമാഗതാം പാഷ്തീം—സവിധത്തെ (സമീപത്തെ). ആഗതാ—പ്രാപിച്ചവളുമായ. പാഷ്തീം—പൃഷത (പാഞ്ചാലരാജ)പുത്രിയായ പാഞ്ചാലിയെ. സഭാജനപുരസ്സരം—ബഹുമാനത്തോടുകൂടി. സമുപസൃത്യ—സമീപിച്ചിട്ട്, അരികേ ചെന്നിട്ട്. ഏവം സരസം വചഃ ഊചേ—ഇപ്രകാരം സരസമായുള്ള വാക്കിനെ പറഞ്ഞു.

പദം

ഹരിണാക്ഷീജനമൗലിമണേ നീ
അരികിൽ വരിക മാലിനീ
തരുണീ നിന്നുടയ സഞ്ചാരദൂനതര-
ചരണനളിനപരിചരണപരൻ ഞാൻ
ധന്യേ മാലിനി നീ മമ സദനേ
താനേ വന്നതിനാൽ ശശിവദനേ
മന്യേ മാമതിധന്യം ഭുവനേ
മദകളകളഹംസാഞ്ചിതഗമനേ.
മന്ദിരമിതു മമ മഹിതമായ് വന്നു
മാമകജന്മവും സഫലമായിന്നു
സുന്ദരി മഞ്ചമതിങ്കലിരുന്നു
സുഖമൊടു രമിച്ചീടുവതിന്നു

KOTTAYAM PUBLIC LIBRARY KOTTAYAM

ഹരി...മണേ—മാൻകണ്ണികളുടെ തലയിൽ ചൂടുന്ന രത്നമായുള്ളവളേ. സഞ്ചാര...ഞാൻ—നടപ്പുകൊണ്ട്. ദൂനതര—വളരെ വേദനപ്പെട്ടിരിക്കുന്ന. ചരണനളിനങ്ങളെ—കാൽത്താമരകളെ. പരിചരിക്കുന്നതിൽ—ശുശ്രൂഷിക്കുന്നതിൽ. പരൻ ഞാൻ—താൽപര്യത്തോടുകൂടിയവനാണു ഞാൻ. ഭുവനേ മാം അതിധന്യം മന്യേ—ഭുവനത്തിങ്കൽ, മാം—എന്നെ. അതിധന്യം—അധികം പുണ്യവാനായി. മന്യേ—ഞാൻ വിചാരിക്കുന്നു. മദകളം—മദയാന. കളഹംസം—അരയന്നം. അഞ്ചിതഗമനേ—മനോഹരമായ ഗതിയോടുകൂടിയവളേ. മദയാനയേപ്പോലെയും അരയന്നത്തെപ്പോലെയും മനോഹരമായി നടക്കുന്നവളേ. മദംകൊണ്ടു കളം (മനോഹരം) ആയ കളഹംസത്തെ(അരയന്നത്തെ)പ്പോലെ ഗമിക്കുന്നവളേ. മഹിതം—ശ്രേഷ്ഠം.

പദം ശങ്കരാഭരണം

സൂതകുലാധമ നിന്നോടിദാനീം
ചോദിക്കുന്നു സുദേഷ്ണാ ഭഗിനീ
കാദംബരി തരികെന്നു മുദാ നീ
കനിവിനോടതു തന്നീടണമധുനാ
അരുതരുതനുചിതവചനം കുമതേ ഹന്ത! ഹന്ത!
വെറുതേ

അർത്ഥം

കാദംബരി—ഒരുതരം മദ്യം. അനുചിതവചനം—മര്യാദയില്ലാത്ത വാക്കു്.

പദം

കണ്ടുകൊൾക എങ്കിലിന്നു കുണ്ഠശീലേ നിന്നെ
രണ്ടുപക്ഷമില്ല ഞാനും പൂണ്ടിടുവനിപ്പോൾ

പൂണ്ടിടുവൻ—ആലിംഗനംചെയ്യുന്നുണ്ടു്.

ശ്ലോകം 14

ധരാധരാധിപാകൃതിർഘനാഘനൗഘഗർജ്ജിത-
സ്തദാനിദാഘദീധിതിപ്രചോദിതോ മദോൽക്കടഃ
പൃഥാവധൂപരോധിനം രണോദ്ഭടഃ സ കീചകം
രുഷാ സമേത്യ സത്വരം രുരോധ കോപി രാക്ഷസഃ

അർത്ഥം

തദാ—അപ്പോൾ. ധരാധരാധിപാകൃതിഃ—ധരാധരത്തെ (പർവ്വതത്തെ)പ്പോലുള്ള ആകൃതിയുള്ളവനും. ഘനാഘനൗഘഗർജ്ജിതഃ—ഘനാഘനൗഘത്തെ—മേഘസമൂഹത്തേപ്പോലെ ഗർജ്ജിക്കുന്നവനും. രണോദ്ഭടഃ—യുദ്ധവിദഗ്ദ്ധനും. നിദാഘദീധിതിപ്രചോദിതഃ—നിദാഘദീധിതിയാൽ—ഉഷ്ണകിരണനാൽ, സൂര്യനാൽ പറഞ്ഞയയ്ക്കപ്പെട്ടവനും മദാന്ധനുമായ ഒരു രാക്ഷസൻ. സത്വരം സമേത്യ—വേഗത്തിൽ വന്നു്. പൃഥാവധൂപരോധിയായ—കുന്തീദേവിയുടെ പുത്രഭാര്യയെ തടഞ്ഞ കീചകനെ രോഷത്തോടുകൂടി തടുത്തു.

പദം

നീചകീചക രേ നരാധമ നീചകീചക രേ
ആചാരമല്ലാത്ത കമ്മങ്ങൾ കണ്ടാൽ വിരോചനൻെറ
നിദേശകാരി നിശാചരേന്ദ്രനടങ്ങുമോ ബത (നീച)

കഷ്ടമിത്തരുണിയേ വിടുന്നതിനൊട്ടുമേ മടിക്കൊല്ലാ
പുഷ്ടഗവ്വമിതു ചെയ്തിടായ്കിലോ നീ
ദുഷ്ടനിഷ്ഠുരമുഷ്ടിഘട്ടനനഷ്ടചേഷ്ടനതായ്വരും ശഠ
(നീച)

യാതുധാനകീടക ഭയമെനിക്കേതുമുള്ളിലില്ലെടാ
വീതശങ്കമിഹ പോരിലിന്നു നിന്നെ
പ്രേതനാഥനികേതനത്തിനു ദൂതനാക്കുവനില്ല
സംശയം

ഏഹി മൂഢമതേ വീരനെങ്കിലേഹി മൂഢമതേ
ഡംഭമാശു താവകം മമ ഭുജസ്തംഭമേവ തീത്തിടും
വൻപനെങ്കിൽ മമ മുമ്പിൽനിൽക്ക നര-
ഡിംഭ സംപ്രതി കിം ഫലം തവ ദംഭവൃത്തികൾ
കൊണ്ടഹോ ജള (നീച)

ദക്ഷനെന്ന ദുമ്മദം തീത്തീടുവനിക്ഷണേന താവകം
പക്ഷമററ മലപോലെ നിൻെറ ദേഹം
പക്ഷിസമുദയഭക്ഷണത്തിനരക്ഷണേ രണക്ഷിതി-
യിൽ വീഴും (ഏഹി)

അത്ഥം

വിരോചനൻെറ നിദേശകാരി—സൂര്യകല്പനയേ നടത്തുന്നവൻ. പുഷ്ടഗവ്വം—വദ്ധിച്ച ഗവ്വത്തോടുകൂടി. ഗവ്വം—അഹങ്കാരം. നിഷ്ഠുര...ചേഷ്ടൻ—നിഷ്ഠുര—കഠിനമായ. മുഷ്ടി—മുറുക്കിയ കൈത്തലം. (കൊണ്ടുള്ള) ഘട്ടനം—ഇടി. (അതുകൊണ്ടു്) ചേഷ്ട നഷ്ടമായവൻ—ചലനമില്ലാത്തവൻ. കൈ മുറുക്കിയുള്ള ഇടികൊണ്ടു പ്രജ്ഞകെട്ട

വൻ. അനക്കമില്ലാത്തവൻ എന്നത്ഥം. പ്രേതനാഥൻ—യമൻ. നികേതനം—വീട്ട്. (കാലപുരിയെന്നു സാരം.) ഏഹി—വരിക. ഭുജസ്തംഭം—ഭുജമാകുന്ന (കയ്യാകുന്ന) തൂണ്. ഡിംഭൻ—ബാലൻ. ദംഭവൃത്തി—വ്യാജവൃത്തി. ദക്ഷൻ—സമത്ഥൻ.

ശ്ലോകം 15

ദൃപ്തേന രാക്ഷസേന്ദ്രേണ
ക്ഷിപ്തോ ദൂരേഥ കീചകഃ
നിതാന്തം വ്രീളിതോ ഭഗ്നോ
നിശാന്തം പ്രാപ ദുമ്മനാഃ

അത്ഥം

അഥ കീചകഃ—അനന്തരം കീചകൻ. ദൃപ്തേന രാക്ഷസേന്ദ്രേണ—അഹങ്കാരിയായ രാക്ഷസേശ്വരനാൽ. ദൂരേ ക്ഷിപ്തഃ—ദൂരത്തെറിയപ്പെട്ടവനായിട്ട്. നിതാന്തം വ്രീളിതഃ—ഏററവും ലജ്ജയും മമ്മഭേദനവും പേറിക്കൊണ്ട്. നിശാന്തം—ഗൃഹാന്തർഭാഗത്തെ. പ്രാപ—പ്രാപിച്ചു.

ശ്ലോകം 16 കണ്ഠാരം—അടന്ത

തൃഷ്ണാവൈഫല്യശല്യപ്രദലിതമനസ-
സ്തസ്യ പാദപ്രഹാരൈഃ
കൃഷ്ണാ വക്ത്രാന്തവാന്തക്ഷതഭവപുനരു-
ക്താധരശ്രീരനന്താം
ചിന്താമന്തവ്വഹന്തീ മുഹുരപി ച പത-
ന്തീ രുദന്തീ നിതാന്തം
കുന്തീപുത്രാദിപൂണ്ണേ സദസി നരപതിം
പാഷതീ സാ ബഭാഷേ

അത്ഥം

തൃഷ്ണാ...ഹാരൈഃ—തൃഷ്ണാവൈഫല്യമാകുന്ന —ആശാഭംഗമാകുന്ന. ശല്യത്താൽ—അസ്ത്രത്താൽ. പ്രദലിതം—പിളർക്കപ്പെട്ട മനസ്സോടുകൂടിയ. തസ്യ—അവൻെറ. പാദപ്രഹാരൈഃ—കാലുകൊണ്ടുള്ള

ചവിട്ടുകാം ഏററു്. വക്ത്രാന്ത...ധരശ്രീ—വക്ത്രാന്തത്തിൽനി ന്നും—വായ്ക്കകത്തുനിന്നും. വാന്തം—പ്രവഹിക്കുന്ന. ക്ഷതഭവം—രക്തം, (അതിനാൽ) പുനരുക്തം—വധിച്ച, അധരശ്രീ—ചുണ്ടിന്റെ ശോഭയോടുകൂടിയ. പാർഷതീ കൃഷ്ണാ—പൃഷതപുത്രിയായ കൃഷ്ണാ. പൃഷതപുത്രി—പാഞ്ചാലരാജാവായ പൃഷതൻെറ പുത്രി. കൃഷ്ണാ—പാഞ്ചാലിയുടെ ഒരു പേരു്. ആ ദേവിയുടെ നിറം കറുപ്പായതുകൊണ്ടു കൃഷ്ണാ എന്ന പേരുണ്ടായി. അനന്താം ചിന്താം അന്തർവഹന്തീ—അനന്തമായ—അവസാനമില്ലാത്ത ചിന്തയെ. അന്തർ—ഉള്ളിൽ. വഹന്തീ—വഹിച്ചിയങ്ങുന്നവളായി. മുഹുരപി ച പതന്തീ—വീണ്ടും വീണ്ടും നിലംപതിച്ചവളായി. നിതാന്തം രുദന്തീ—ഏററവും കരയുന്നവളായി. കുന്തീപുത്രാദിപൂൎണ്ണ സദസി—കുന്തീപുത്രന്മാർ തുടങ്ങിയുള്ളവർ നിറഞ്ഞ സദസി—സഭയിൽ. നരപതിം—രാജാവിനോടു(വിരാടനോടു്). ബഭാഷേ—പറഞ്ഞു.

പദം

ഹാ! ഹാ! മഹാരാജ കേൾക്ക ഹേ വീര!
ഹാ! ഹാ! ഭവാനെൻെറ ഭാഷിതം
പാഹിമാം പാഹിമാം കീചകനുടെ
സാഹസംകൊണ്ടു വലഞ്ഞു ഞാൻ
നിന്നുടെ വല്ലഭാ ചൊൽകയാലവൻ-
തന്നുടെ മന്ദിരംതന്നിൽ ഞാൻ
ചെന്നു മധു കൊണ്ടുപോരുവാൻ
അപ്പോൾ വന്നു പിടിപ്പതിനന്തികേ
കണ്ഠീരവത്തിനെ കണ്ടുടൻ ഭീതി-
പൂണ്ടൊരു മാൻപേടപോലെ ഞാൻ
മണ്ടീടിനേനതുകണ്ടവൻ കുതം-
കൊണ്ടു പിടിച്ചു താഡിച്ചു മാം

അൎത്ഥം

സാഹസം—കാിനപ്രവൃത്തി. കണ്ഠീരവത്തിനെ—സിംഹത്തെ. കുതംകൊണ്ടു്—കുതിച്ചുവന്നു്.

ശ്ലോകം 17 ഇന്ദിശ

ഗന്ധർവ്വാഃ സന്തി കാന്താസ്തവ ഖലു ന ചിരാ-
ദേവ സന്താപമേതേ
ശാന്തിം നേഷ്യന്തി ഭദ്രേ കതിപയസമയാൻ
മീലിതാക്ഷീ സഹേഥാ
വത്സേ സൈരന്ധ്രി മാ ഭൈരവനിപതിരയം
വത്സലസ്യാലലോകേ
തസ്മാദാസ്തേ ഹി തൂഷ്ണീം നനു വിധിവിഹിതം
സർവ്വലോകൈരലംഘ്യം

അർത്ഥം

ഹേ ഭദ്രേ—അല്ലയോ ഭദ്രേ (കല്യാണീ). തവ കാന്താഃ ഗന്ധർവ്വാഃ സന്തി—നിൻെറ കാന്തന്മാരായി ഗന്ധർവ്വന്മാരുണ്ട്. ഏതേ—ഇവർ. ന ചിരാദേവ—വേഗത്തിൽത്തന്നെ. തവ സന്താപം—നിന്റെ ദുഃഖത്തെ. ശാന്തിം നേഷ്യന്തി—ശാന്തിയേ നയിക്കും. ദുഃഖത്തിനു ശാന്തിയുണ്ടാകും എന്നു സാരം. കതിപയസമയാൻ—കുറച്ചു സമയങ്ങൾ. മീലിതാക്ഷീ—കണ്ണടച്ചുകൊണ്ട്. സഹേഥാ—നീ സഹിച്ചാലും. വത്സേ സൈരന്ധ്രി—കുഞ്ഞേ സൈരന്ധ്രീ. മാ ഭൈഃ—നീ പേടിക്കണ്ട. അയം അവനിപതിഃ—ഈ രാജാവ്. സ്യാലലോകേ വത്സല—സ്യാലന്മാരോട് (ഭാര്യാസഹോദരന്മാരുടെ പേരിൽ) വാത്സല്യമുള്ളവനാണ്. തസ്മാൽ—അതുകൊണ്ട്. തൂഷ്ണീം ആസ്തേ ഹി—മിണ്ടാതിരിക്കുന്നു. വിധിവിഹിതം—വിധിമതം. സർവ്വലോകൈരലംഘ്യം നനു—സർവ്വലോകരാലും അലംഘ്യമാണല്ലോ. ie. വിധിമതം ആരും ലംഘിക്കാൻ ശക്തിയില്ലല്ലോ.

സാരം

കുഞ്ഞേ സൈരന്ധ്രി, ഈ കെഴട്ടവിരാടൻ അയാളുടെ അളിയനായ കീചകൻേറയും സഹോദരന്മാരുടേയും ശക്തികൊണ്ടാണ് ഈ രാജ്യം സംരക്ഷിക്കുന്നതു്. അതുകൊണ്ട് ഇയാളോടു പറഞ്ഞിട്ടു ഫലമില്ല. നിനക്കു വീരന്മാരായ ഭർത്താക്കന്മാരില്ലേ? പ്രത്യേകിച്ചും ഭീമസേനൻ, അവനോടു പറക. അവൻ നിൻെറ ദുഃഖത്തിനു ശാന്തി വരുത്തും എന്നു് ഊഹ്യമായ ഗൂഢാർത്ഥം.

ശ്ലോകം 18 ഗോപികാവസന്തം—അടന്ത

ഇത്ഥം തേനാനുനീതാ മുഹുരപി കുഹനാ
മസ്കരീന്ദ്രേണ ഭർത്ത്രാ
ചിത്തേ പാദപ്രഹാരം കദനകലുഷിതേ
സൂതസൂനോഃ സ്മരന്തീ
പാകസ്ഥാനേശയാനം പവനസുതമുപേ-
ത്യാഥ ദീനാ നിശായാം
ശോകോദ്യൽ ബാഷ്പപൂരസ്നപിതതനുലതാ
പാഞ്ചാലീ സാ രുരോദ

അർത്ഥം

ഇത്ഥം—ഇപ്രകാരം. കുഹനാമസ്കരീന്ദ്രേണ—കുഹനാ(കള്ള) മസ്കരീന്ദ്രൻ—സന്യാസിവര്യനായ. തേന ഭർത്ത്രാ—ആ ഭർത്താവി നാൽ (കങ്കവേഷനായ ധർമ്മപുത്രരാൽ). പുനരപി—വീണ്ടും വീണ്ടും. അനുനീതാ—അനുനയിക്കപ്പെട്ടവളായ. സാ പാഞ്ചാലി—ആ പാഞ്ചാ ലി. കദനകലുഷിതേ ചിത്തേ—കദനം (ദുഃഖം) കൊണ്ടു കലങ്ങിയ ചിത്തത്തിൽ-മനസ്സിൽ. സൂതസൂനോഃ പാദപ്രഹാരം സ്മരന്തീ-സൂത സൂനുവിന്റെ—കീചകന്റെ, പാദപ്രഹാരം—പാദംകൊണ്ടുള്ള പ്രഹാ രത്തെ, സ്മരന്തീ—സ്മരിച്ചിരിക്കുന്നവളായി. അഥ—അനന്തരം. നി ശായാം—രാത്രിയിൽ. പാകസ്ഥാനേ ശയാനം—പാകസ്ഥാന ത്തിൽ ശയാനനായ. ie. അടുക്കളയിൽ കിടക്കുന്ന. പവനസുതം— വായുപുത്രനെ, ഭീമനെ. ഉപേത്യ—പ്രാപിച്ചിട്ട്. ശോകോദ്യൽ ബാഷ്പപൂരസ്നപിതതനുലതയായി ദീനയായി, രോദിച്ചു—കരഞ്ഞു. ശോകോ...താ—ശോകത്താൽ ഉദ്യത്തായ—ഉണ്ടായ. ബാഷ്പപൂരം— കണ്ണുനീരിന്റെ ആധിക്യം. സ്നപിതം—നനഞ്ഞത്ത്. തനുലതാ— ദേഹമാകുന്ന വല്ലി. രുരോദ—കരഞ്ഞു.

പദം

കാന്താ കൃപാലോ കാത്തുകൊൾക
കാന്താ കൃപാലോ

കാന്താരാന്തരംതന്നിൽ വാണീടുമ്പോഠം
കാന്തരൂപാ നിൻ കാരുണ്യംകൊണ്ടല്ലോ
സ്വാന്തഖേദമുണ്ടായതശേഷവും
ശാന്തമായ് വന്നതോൎത്താൽ (കാന്താ)

ദുഷ്ടനായൊരു കീചകനീചൻെറ
ഇഷ്ടപൂൎത്തിവരുത്തായ്കകൊണ്ടെന്നെ
മുഷ്ടിപാദങ്ങഠംകൊണ്ടു താഡിച്ചവൻ
വിട്ടു വിധിബലത്താൽ (കാന്താ)

ദുൎമ്മതിയായ ദുശ്ശാസനൻചെയ്ത
നിൎമ്മരിയാദകൎമ്മത്തെക്കാഠം മമ
ധൎമ്മജാനുജാ, സൂതജൻ ചെയ്തൊരു
കൎമ്മമസഹ്യമയ്യോ! (കാന്താ)

പ്രാണനായകാ വീരവര ജഗൽ-
പ്രാണനന്ദന, നീയവനേയിനി
പ്രാണശാലിവരാ, ഹനിച്ചീടുവാൻ
കാണിയും വൈകീടൊല്ലാ (കാന്താ)

അൎത്ഥം

കാന്തരൂപാ—ശോഭയുള്ള രൂപത്തോടുകൂടിയവനേ. സ്വാന്തഖേദം—മനസ്താപം. വിധിബലത്താൽ—എൻെറ ഭാഗ്യശക്തികൊണ്ടു്. പ്രാണശാലിവരാ—ശക്തന്മാരിൽവച്ചു ശ്രേഷ്ഠനായുള്ളോവേ.

പദം ബലഹരി—ചെമ്പട

മതിമതി മതിമുഖി പരിതാപം
മതിയതിലതിധൃതി ചേൎക്ക നീയവനുടെ
ഹതി ബത വിരവൊടു ചെയ്തീടുന്നേൻ (മതി)

ഘോരജടാസുരനാദിയെ വെന്നൊരു
മാരുതസുതനിതിനെന്തൊരു വിഷമം (മതി)

സാലനിപാതം ചെയ്യും പവനനു
തൂലനിരാകരണം ദുഷ്കരമോ (മതി)
എങ്കിലുമിന്നിഹ ധർമ്മജവചനം
ലംഘനമതു ചെയ്യരുതല്ലോ മേ (മതി)
ഉണ്ടൊരുപായമതിന്നുരചെയ്യാം
വണ്ടാർകുഴലികളണിമൗക്തികമേ (മതി)
സങ്കേതം കില നൃത്തനികേതം
ശങ്കേതരമവനൊടു വദ ദയിതേ (മതി)

അർത്ഥം

അതിധൃതി—അധികധൈര്യം. ഹതി—വധം. സാലനിപാതം ചെയ്യും പവനനു—വൃക്ഷങ്ങളെ അടിച്ചു നിലത്തിടുന്ന കാററിനു്. തൂല...കരമേ—പഞ്ഞിയെ പറപ്പിക്കാനാണോ വിഷമം. സങ്കേതം—സമാഗമത്തിനു കുറിക്കുന്ന സ്ഥലം. നൃത്തനികേതം—നൃത്തശാല.

ശ്ലോകം 19 ഭൈരവി—ചെമ്പട

ഇത്ഥം വാതാത്മജാതഃ സദയമനുനയ-
ന്നാത്മകാന്താം നിശാം താം
നീത്വാ പശ്ചാദ്ദിനാന്തേ തമസി തമഹിതം
പ്രത്യവേക്ഷ്യാധ്യവാത്സീൽ
നൃത്താഗാരം മൃഗാരിർദ്വിപമിവ നിഭൃതം
സൂതസൂനോർന്നിദേശാൽ
കൃഷ്ണാകാമാന്തകാനാം തദനു തദുപഗ-
മ്യാത്തമോദം ജഗാദ

അർത്ഥം

ഇത്ഥം—ഇപ്രകാരം. വാതാത്മജാതഃ—വായുപുത്രൻ, ഭീമൻ. ആത്മകാന്താം—തൻെറ ഭാര്യയെ. സദയം അനുനയൻ—കൃപയോടെ സമാധാനപ്പെടുത്തി. താം നിശാം നീത്വാ—ആ രാത്രിയെ കഴിച്ചു

കൂട്ടിയിട്ടു്. പശ്ചാത്തിനാന്തേ തമസി—അടുത്തദിവസം സായാഹ്ന ത്തിലെ അന്ധകാരത്തിൽ. മൃഗാരിർ ദ്വിപമിവ—സിംഹം ആന യേ എന്നപോലെ. തം അഹിതം പ്രത്യവേക്ഷ്യ—ആ ശത്രുവിനെ പ്രതീക്ഷിച്ചു്. നൃത്താഗാരം നിഭൃതം അധ്യവാത്സീൽ—നിഭൃതം— അനങ്ങാതെ, നൃത്താഗാരത്തെ അധിവസിച്ചു. ie. നൃത്തശാലയിൽ ചെന്നു മിണ്ടാതിരുന്നു. തദനു സൂതസൂനുഃ—അനന്തരം കീചകൻ. കൃഷ്ണാകാമാന്തകാനാം നിദേശാൽ—കൃഷ്ണയുടേയും, കാമദേവന്റേ യും, കാലന്റേയും ആജ്ഞയാൽ. തദ് ഉപഗമ്യ ആത്തമോദം ജഗാ ദ—തദ്—അതിനെ, നൃത്താഗാരത്തെ ഉപഗമിച്ചിട്ടു് സന്തോഷ ത്തോടുകൂടി, ജഗാദ—പറഞ്ഞു.

പദം

കണ്ടിവാർകുഴലി എന്നെ കണ്ടീലയോ ബാലേ
മിണ്ടിടാത്തതെന്തേ നിദ്രപൂണ്ടിടുകകൊണ്ടോ
പ്രേമകോപംപൂണ്ടു മയി കാമിനീ വാഴ്കയോ?
കാമകേളിചെയ്യുതിന്നു താമസിച്ചീടൊല്ലാ
വല്ലാതേ ഞാൻ ചെയ്ത പിഴയെല്ലാം സഹിക്ക നീ
സല്ലാപംചെയ്തീടുകെന്നോടുല്ലാസേന സുദതി
പല്ലവകോമളതനുതല്ലജമെന്തഹോ
കല്ലിനോടുതുല്യം നീതാനല്ലല്ലീ മാലിനീ?

അൎത്ഥം

കണ്ടിവാർകുഴലി—കരിഞ്ചണ്ടിപോലുള്ള തലമുടിയോടുകൂടി യവരം. പ്രേമകോപം—പ്രണയകലഹം. മയി—എന്നിൽ. സു ദതി—നല്ല പല്ലോടുകൂടിയവരം. സല്ലാപം—സംഭാഷണം. പല്ലവ കോമളതനുതല്ലജം— തളിരുപോലെ മനോഹരമായ വിശിഷ്ട ശരീരം.

പദം പന്തുവരാളി—ഏകതാളം

വരിക വരിക വിരവിലരികെ നീയെടാ മൂഢ!
തരുണിമാരൊടുരുസുഖേന മരുവിടേണമെങ്കിൽ നിന്നെ
പരിചിനോടു സുരവധുക്കളരികിൽ ഞാനയിച്ചിടാം
(വരിക)

രുഷ്ടനാകുമെന്നൊടിന്നു ധൃഷ്ടനെങ്കിലിങ്ങു സമര-
മൊട്ടുമേ മടിച്ചിടാതെ പുഷ്ടകൗതുകേന ചെയ്ക (വരിക)

നിഷ്ഠുരങ്ങളാകുമെൻെറ മുഷ്ടിതാഡനങ്ങൾകൊണ്ടു
ദുഷ്ട നിൻെറ ഗാത്രമാശു പിഷ്ടമായ്വരും ദൃഢം (വരിക)

ആരെടാ ഭയംവെടിഞ്ഞു വീരനാകുമെന്നൊടിന്നു
പോരിനായി നിശയിൽവന്നു നേരിടുന്നതോർത്തിടാതെ
ചോരനായ നിന്നെയിന്നു ഘോരമാം മദീയ ബാഹു-
സാരപാവകൻെറ ജഠരപൂരണായ ചെയ്തിടും (വരിക)

അൎത്ഥം

ഉരുസുഖേന—അധിക സൗഖ്യത്തോടെ. ധൃഷ്ടൻ—ധൈര്യമുള്ള വൻ. നിഷ്ഠുരങ്ങൾ—ഭയങ്കരങ്ങൾ. പിഷ്ടം—പൊടിക്കപ്പെട്ടതു്. ബാഹുസാരപാവകൻ—കയ്യൂക്കാകുന്ന അഗ്നി.

ശ്ലോകം 20 ബലഹരി—മുറിയടന്ത

വാതജാതമഥിതം നിരീക്ഷ്യ തം
സൂതജാതമഥ രംഗപാലകഃ
ജാതശോകഭയവിസ്മയാകുലോ
വ്യാജഹാര തരസോപകീചകാൻ

അൎത്ഥം

അഥ—അനന്തരം. വാതജാതമഥിതം—വാതജാതനാൽ, ഭീമസേനനാൽ, മഥിതം—മർദ്ദിക്കപ്പെട്ട. തം—ആ. സൂതജാതം—കീചകനെ. നിരീക്ഷ്യ—കണ്ടിട്ടു്. ജാതശോകഭയവിസ്മയാകുലോ—ജാതമായ—ഉണ്ടായ. ശോകം—ദുഃഖം, ഭയം, വിസ്മയം ഇവയാൽ, ആകുലഃ—മനസ്സിളകിയവനായ. രംഗപാലകൻ—നൃത്തരംഗം കാത്തുരക്ഷിക്കുന്നവൻ. തരസാ—വേഗത്തിൽ. ഉപകീചകാൻ—ഉപകീചകന്മാരോടു്. വ്യാജഹാര—വ്യാഹരിച്ചു, പറഞ്ഞു.

പദം

കഷ്ടം ചിത്രമയ്യോ ഇതെത്രയും കഷ്ടം
വിഷ്ടപവിശ്രുതനാകിയ വീരൻെറ

കഷ്ടദശകളെ ഏതുമറിയാതെ
പുഷ്ടഗർവ്വം വസിച്ചീടുന്ന നിങ്ങളും
മട്ടോലുംവാണികളും ഭേദമില്ലഹോ
മത്തേഭഗാമിനിമാരോടുമൊന്നിച്ചു
മത്തന്മാരായ് നിങ്ങളെന്തിനിരിക്കുന്നു?
നൃത്തരംഗത്തിലീരാത്രിയിലുണ്ടായ
വൃത്താന്തമേതുമറിഞ്ഞീലയോ ഹാ!
ചണ്ഡപരാക്രമനാകിയ കീചകൻ
പിണ്ഡിതഗാത്രനായ്ത്തീൻ വീരന്മാരേ
അണ്ഡോജലോചനാ മാലിനീ നർത്തന-
മണ്ഡപംതന്നിലിരുന്നു കേഴുന്നഹോ!
ഭീതിവെടിഞ്ഞതു ചെയ്തതു സംപ്രതി
ഭൂതമോ ഗന്ധർവ്വനോ മററാരാനുമോ?
ഏതുമറിഞ്ഞീല ഞാനോ പരമാർത്ഥം
സാദരമിക്കഥ ചൊല്ലുവാൻ വന്നു ഹാ!

അർത്ഥം

വിഷ്ടപവിശ്രുതൻ—ലോകങ്ങളിൽ സർവ്വത്ര കീർത്തിപ്പെട്ടവൻ. കഷ്ടദശകളെ—ദയനീയാവസ്ഥകളെ. പുഷ്ടഗർവ്വം—വർദ്ധിച്ച അഹങ്കാരത്തോടെ. പിണ്ഡിതഗാത്രൻ—മർദ്ദിച്ച് ഉരുളയാക്കപ്പെട്ട ശരീരത്തോടുകൂടിയവൻ.

പദം പന്തുവരാളി—അടന്ത

സങ്കടമരുതരുതേ ബത കിങ്കര, സങ്കടമരുതരുതേ
ശങ്കവെടിഞ്ഞിതിനുള്ളൊരു നിഷ്കൃതി
സംപ്രതി ചെയ്യുമഹോ (സങ്ക)

പത്തുസഹസ്രമുരത്തഗജത്തിനൊ-
ടൊത്തവനെക്കൊലചെയ്വാനിഹ
ശക്തനൊരുത്തനുദിച്ചതു പാർത്താലെത്രവിചിത്രമഹോ
(സങ്ക)

ഞങ്ങളൊരഞ്ചുമൊരമ്പതുമമ്പതു-
മിങ്ങുവസിച്ചീടുന്നേരം
തിങ്ങിന ഗർവ്വമൊടങ്ങനെ ചെയ്തവ-
നെങ്ങു പറഞ്ഞീടുക . (സങ്ക)

ശക്രമുഖാമരചക്രമതെങ്കിലു-
മഗ്രജനുടെ ഹതിചെയ്തിടുകിൽ
വിക്രമവഹ്നിയിലാഹുതമായ്വരു-
മക്രമകാരി ദൃഢം (സങ്ക)

അർത്ഥം

നിഷ്കൃതി—പ്രതികാരം. ശക്ര...ചക്രം—ഇന്ദ്രാദി ദേവസംഘം. ആഹുതം—ഹോമിക്കപ്പെട്ടതു്. അക്രമകാരി—അക്രമം ചെയ്യുവൻ.

ശ്ലോകം 21

ഉക്ത്വൈവം ജഗദട്ടഹാസമുഖരം
കൃത്വാ പ്രഘൂർണ്ണദ്ദൃശഃ
സ്പഷ്ടാരാളകരാളദംഷ്ട്രവദനാ-
സ്തേ കീചകഭ്രാതരഃ
ദൃഷ്ട്വാ പിണ്ഡിതമഗ്രജം നിരവധി
ക്രോധാതിബാധാകുലാഃ
കൃഷ്ണാ ഹേതുരിഹേതി താം വിശസിതും
ബദ്ധ്വാ സമാരേഭിരേ

അർത്ഥം

കീചകഭ്രാതരഃ തേ—കീചകഭ്രാതാക്കളായ അവർ. ഏവം ഉക്ത്വാ—ഇങ്ങനെ പറഞ്ഞിട്ടു്. ജഗദട്ടഹാസമുഖരം കൃത്വാ—ജഗത്തിനെ (ലോകത്തേ) അട്ടഹാസമുഖരമാക്കിച്ചെയ്തുകൊണ്ടു്—അലച്ചുകൊണ്ടു മുഴങ്ങുംവണ്ണമാക്കിച്ചെയ്തിട്ടെന്നർത്ഥം. പ്ര...ശഃ—പ്രഘൂർണ്ണദ്ദൃക്കുകളായി—ചുഴററുന്ന കണ്ണുകളോടുകൂടിയവരായി. സ്പഷ്ട... വദനാ—സ്പഷ്ടം—തെളിഞ്ഞുകാണപ്പെടുന്ന. അരാളം—വളഞ്ഞ. ദംഷ്ട്രം—വീരപ്പല്ലു്. തെളിഞ്ഞുകാണപ്പെട്ട വളഞ്ഞ വീരപ്പല്ലുകളോ

ട്ടകൂടിയവരായി. അഗ്രജനെ—ജ്യേഷ്ഠനായ കീചകനെ. പിണ്ഡിതം—പിണ്ഡംപോലെ ആക്കപ്പെട്ടവനായി. ദൃഷ്ട്വാ—കണ്ടിട്ട്. നിരവധിക്രോധാതിബാധാകുലാഃ—അതിരില്ലാത്ത കോപത്തിൻെറ ബാധയാൽ പരവശന്മാരായി. ഇഹ—ഇതിൽ. ie. കീചകവധത്തിൽ. കൃഷ്ണാ ഹേതുഃ ഇതി—പാഞ്ചാലിയാണ കാരണം എന്നതിനാൽ. താം ബദ്ധ്വാ—അവളെ ബന്ധിച്ചിട്ട്. വിശസിതും—ശാസനംചെയ്യുന്നതിന്. സമാരേഭിരേ—സമാരംഭിച്ചു.

പദം

ഉഗ്രവീൎയ്യനായിീടുന്നോരഗ്രജൻതൻെറ നിശി-
നിഗ്രഹകാരണം പാൎത്താൽ നീചേ നീതന്നെ
കഷ്ടമതികഷ്ടമിതു ദുഷ്ടേ നിന്മനം അതി-
നിഷ്ഠുരമില്ല സംശയമൊട്ടുമേ മൂഢേ!
ദക്ഷരായിടുന്ന ഞങ്ങൾ രൂക്ഷയാം നിന്നെയാശു-
ശുക്ഷണിയിലിട്ടിടുന്നുണ്ടിക്ഷണംതന്നെ
മന്നിൽ നിന്നിലാശപൂണ്ടിരുന്നൊരഗ്രജൻ സുര-
മന്ദിരത്തിൽ നിന്നൊടിന്നു ചേൎന്നുവാഴണം

അൎത്ഥം

ആശുശുക്ഷണി—അഗ്നി. സുരമന്ദിരത്തിൽ—സ്വൎഗ്ഗത്തിൽ.

ശ്ലോകം 22 കേദാരഗൗഡം—ചെമ്പട

നിതാന്തം രുദന്തീം പ്രിയാം താം തദാനീം
രുഷാന്ധഃ സ ഭീമോ വിമോച്യാശു ബന്ധാൽ
സമുദ്വൃത്തസംവൎത്തവൈകൎത്തനാഭഃ
സമുൽക്ഷിപ്തവൃക്ഷോ വിപക്ഷാൻ ചചക്ഷേ

അൎത്ഥം

തദാനീം രുഷാന്ധഃ സ ഭീമഃ—അപ്പോൾ രുഷാന്ധഃ (കോപംകൊണ്ടന്ധനായ) ആ ഭീമൻ. നിതാന്തം രുദന്തീം താം പ്രിയാം—വളരെ കരയുന്ന ആ പ്രിയയെ, ബന്ധാൽ ആശു വിമോച്യ—ബന്ധത്തിൽനിന്ന വേഗത്തിൽ വേർപെടുത്തിയിട്ട്. സമുദ്വൃത്തസംവൎത്ത

വൈകത്തനാഭഃ—വദ്ധിച്ച പ്രളയകാലസൂര്യനെപ്പോലെ ശോഭയുള്ളവനായി. സമുൽക്ഷിപ്തവൃക്ഷഃ—പൊക്കിപ്പിടിച്ച വൃക്ഷത്തോടുകൂടിയവനായി. വിപക്ഷന്മാരോട്—ശത്രുക്കളോട്. ചചക്ഷേ—പറഞ്ഞു.

പദം

ആടലകന്നു വിരാടമഹീപതിനാടതിലാരധുനാ ഹൃദി
മുഴുത്തമദത്തൊടകൃത്യകാരികൾ കുമത്ത്യരേ വരുവിൻ
ഇക്കാമിനിയേ വധിക്കാമെന്നൊരു ധിക്കാരം ഹൃദയേ ഭുവി
നിനയ്ക്കിലെവക്കു ജനിക്കുമിതു ബത സഹിക്കയി-
ല്ലൊരുവൻ
നാരിനിമിത്തം പോരിന്നുവന്നവനാരിഹ നീ
സഹസാ യുധി
ധരിക്ക പൃഷൽക്കനിരയ്ക്കു ലാക്കായ് ഭവിക്കുമിന്നു ദൃഢം
ഇത്ഥമനേക വികത്ഥനമിന്നു നിരത്ഥകമെന്ന-
റിവിൻ യദി
പടുതചമട്ടു തട്ടുകൊള്ളുക കടുത്ത മൽ പ്രഹരം

അത്ഥം

പൃഷൽക്കനിര—അമ്പിൻകൂട്ടം. വികത്ഥനം—വൃഥാകഥനം. പടുതചം യദി—സാമത്ഥ്യമുണ്ടെങ്കിൽ.

ശ്ലോകം 23 മലഹരി—ചെമ്പട

സപദി സമിതി താൻ നിഹത്യ ശത്രൂൻ
ദ്വിരദസപത്നപരാക്രമോഥ ഭീമഃ
ദരദലദരവിന്ദസുന്ദരാക്ഷീം
ദ്രുപദനരാധിപനന്ദിനീം ജഗാദ

അത്ഥം

അഥ—അനന്തരം. ദ്വിരദസപത്നപരാക്രമഃ ഭീമഃ—സിംഹപരാക്രമനായ ഭീമൻ. ദ്വിരദം—ആന. സപത്നൻ—ശത്രു. ദ്വിരദ

സപത്നൻ—ആനയുടെ ശത്രു, സിംഹം. സപദി—ഉടനെ. സമിതി—യുദ്ധത്തിൽ. താൻ ശത്രൂൻ നിഹത്യ—ആ ശത്രുക്കളെ കൊന്നിട്ട്. ദരദലിദരവിന്ദസുന്ദരാക്ഷീം—അല്പം വിടൎന്ന താമരയേപ്പോലെ സുന്ദരമായ അക്ഷിയോ(കണ്ണോ)ടുകൂടിയവളായ. ദ്രുപദനരാധിപനന്ദിനീം—പാഞ്ചാലിയോട്ട്. ജഗാദ—ഗദിച്ചു—പറഞ്ഞു.

പദം

വരികരികേ മമ വരതനുമൗലേ
സുരുചിരകചഭരസുവിജിതജലദേ
ആകൎണ്ണായതചാരുവിലോചനേ
ആകൎണ്ണയ മമ വചനം ദയിതേ
മാ കുരു ഭയമിനി വെറുതേ ഹൃദി തേ
പോകയി സുമുഖി സുദേഷ്ണാസവിധേ
താൎത്തേന്മൊഴിയൊരു ഗന്ധൎവ്വേന്ദ്രിൻ
നേൎത്തിഹ വിരവൊടു കീചകനനധം
ചീൎത്തമദത്തൊടു ചെയ്യാനെന്നൊരു
വാൎത്തപരത്തീടുക പുലർകാലേ
പങ്കജലോചന! ജിഷ്ണുസഹോദര!
സങ്കടമെല്ലാം തീൎപ്പതിന്നിനിയും
നിൻകരുണാ മമ ശരണം തവ പദ-
പങ്കജമിത വന്ദേ ശുഭമൂൎത്തേ
നാഥ കൃപാലയ പരിപാലയ മാം

അൎത്ഥം

സുരുചിര...ലദേ—അതിമനോഹരമായ കേശഭാരത്താൽ നല്ലപോലെ ജയിക്കപ്പെട്ട മേഘത്തോടുകൂടിയവളേ. ആക...ചനേ—ചെവിവരെ നീണ്ട മനോഹരമായ കണ്ണുകളുള്ളവളേ. ആകൎണ്ണയ—കേട്ടാലും. ദയിതേ—പ്രിയേ. മാ കുരു ഭയമിനി—ഇനി ഭയം മാ കുരു. ie. ഭയപ്പെടേണ്ട. ഹൃദി—ഹൃദയത്തിൽ. നേൎത്ത്—നേരിട്ട്. കീചകനിധനം—കീചകൻെറ വധം. ചീൎത്തമദത്തൊടു—വൎദ്ധിച്ച അഹങ്കാരത്തോടെ. ജിഷ്ണുസഹോദര—ജിഷ്ണുവിൻെറ സഹോദരാ. ജിഷ്ണു—അൎജ്ജുനൻ.

ശ്ലോകം 24

ഭീമപ്രവേഷ്ടവിടപോത്ഥിതതേജസൈവ
ദഗ്ധേ തു കീചകമഹാവിപിനേ ജവേന
നിഷ്കണ്ടകേ കില വിരാടപുരേ വിതേനു-
രജ്ഞാതവാസമഥ പാണ്ഡുസുതാസ്സുഖേന

അൎത്ഥം

കീചകമഹാവിപിനേ ഭീമപ്രവേഷ്ടവിടപോത്ഥിതതേജസൈവ—കിചകന്മാരാകുന്ന വൻകാട്ട് ഭീമൻെറ ബാഹുവാകുന്ന ശാഖയിൽനിന്നുണ്ടായ തേജസ്സിനാൽ ദഗ്ദ്ധമായി. നിഷ്കണ്ടകേ വിരാടപുരേ—വിരാടരാജ്യം ശത്രുരഹിതമായിത്തീൎന്നപ്പോാം. അഥ—അനന്തരം. പാണ്ഡുസുതാഃ—പാണ്ഡവന്മാർ. സുഖേന അജ്ഞാതവാസം വിതേനു—സുഖത്തോടുകൂടി അജ്ഞാതവാസം ചെയ്തു.

ശ്ലോകം 25

ഗളസീമലസച്ചാരു-തുളസീദാമഭൂഷണം
വ്രജസീമന്തിനീജാരം-അതസീമേചകം ഭജേ

അൎത്ഥം

ഗളസീമലസച്ചാരുതുളസീദാമഭൂഷണനും അതസീമേചകനും ആയ വ്രജസീമന്തിനീജാരനെ ഞാൻ ഭജിക്കുന്നു. ഗള...ണം—ഗളസീമയിൽ (കഴുത്തിൽ.) ലസത്ത്—ശോഭിക്കുന്ന. ചാരുതുളസീദാമം—മനോഹരമായ തുളസിമാല. വ്രജസീമന്തിനികാം—ഗോപസ്ത്രീകാം. വ്രജം—അമ്പാടി.

KOTTAYAM PUBLIC LIBRARY KOTTAYAM.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA5 Acc. No. 34418

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 20 Ps. per day will be charged

MA5

34418

ഇരയിമ്മൻ തമ്പി.

കീചകവധം.